Registered No. M. 5819 Licence No. 445. 12-7-45.



THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX സെപ്തംബർ 1956 No. 9.

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന

സംയുക്ത സഭാമാസിക

അപരനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും
നിക്ഷേപങ്ങൾ ഉപയോഗിക്കുന്നു.

കൊലൊ. ൨. ൩.

വരിസംഖ്യ — ആണ്ടിൽ 1 രൂ. 12 ണം. മാത്രം

ഏകദേശം നൂറിൽപരം പേരടങ്ങിയ മറ്റൊരു സുവിശേഷസംഘം ഞായറാഴ്ച കുമരകത്തിനും പോകയുണ്ടായി. മൈക്ക് ഘടിപ്പിച്ചിരുന്ന ബോട്ടിൽ വേദവാക്യങ്ങൾ വിളിച്ചുപറഞ്ഞും പാട്ടുകൾ പാടിയും 4.30 മണിക്ക് സ്ഥലത്തെത്തിയ പാർട്ടി കുമരകം ചന്തയിൽ ചെന്നപ്പോഴേക്ക് ഒരു വലിയ ജനക്കൂട്ടം അവിടെ സന്നിഹിതരായിരുന്നു. കുട്ടികളേയും, സ്ത്രീയോടുംകൂടെ ഇവർ സുവിശേഷവും കേട്ടുകൊണ്ടിരുന്നു. സുവിശേഷത്തിന്റെ സാധീനവും സുവിശേഷം കേൾക്കുന്നതിനുള്ള താല്പര്യവും ഏറ്റെയധികം വർദ്ധിച്ചിട്ടുണ്ടെന്നു ബോദ്ധ്യമാകുന്നതിനു ഈ യാത്ര വളരെ സഹായിച്ചിട്ടുണ്ട്.

ഒരു സുവിശേഷ യാത്രക്കാരൻ.

ചാത്തൻതറ സഭയുടെ ഓണവാരസുവിശേഷ വേലയുടെ സംക്ഷിപ്തറിപ്പോർട്ട്

തന്നാണ്ടത്തെ ഓണവാരസുവിശേഷവേല സംബന്ധിച്ചു ഇതിനടുത്ത എണ്ണൂറാം വയൽ സഭയുടെ ശുശ്രൂഷകനും പ്രവർത്തകനും മാത്തൻമാപ്പിള, രക്ഷാസൈന്യം മുതലായ സഭാവിഭാഗങ്ങളും വിശേഷാൽ പുതുപ്പള്ളിയിൽനിന്നു വന്നുചേർന്ന മത്തായിമാപ്പിള കുട്ടായ്മക്കാരും അവരുടെ നായകനായി വന്ന ഒരു യുവൈദികനും ഒന്നുചേർന്നു വൈകിട്ടു അഞ്ചര മണിവരെ ഒരു വമ്പിച്ച ജനാവലിയുടെ മദ്ധ്യത്തിൽ ക്രിസ്തുവിനെ സാക്ഷിപ്പാനുള്ള ഒരു സുവിശേഷമഹാസമ്മേളനം നടപ്പാൻ ഇടയായതിൽ മൈവത്തെ സ്തുതിക്കുന്നു. ട്രാക്റ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. ഈ സ്ഥാനങ്ങളിലെ ഇപ്രഥമമായ ഒരു പ്രവർത്തനമാകയാൽ ക്രിസ്ത്യാനികളിലും അല്ലാത്തവരിലും പ്രത്യേകിച്ചു ഈ ദേശത്തും ഒരു ഉണർവിന്റെ കാറ്റു വീശിയിരിക്കുന്നതിൽ മൈവത്തെ സ്തുതിക്കുന്നു.

അനേകരും ക്രിസ്തീയ സഭയുടെ അംഗങ്ങളാകാൻ ആഗ്രഹിക്കയും യഥാർത്ഥ ആരാധനയ്ക്കു അടുത്തു വരുന്നുവെങ്കിലും സ്ഥിരമായ ആരാധന സ്ഥലമോ ചാപ്പലോ പ്രവർത്തക വീടോ സെമിത്തേരിയോ ഇല്ലാത്തതിൽ വളരെ വൈക്ലമ്യനിലയിൽനിന്നു പോരുന്നു. ഈ പുതിയ വേല സ്ഥലത്തെ ആത്മികാഭിവൃദ്ധിക്കായിരുന്നതിനു വായനക്കാരായ എല്ലാ മൈവമക്കളും പ്രാർത്ഥിക്കയും ചാപ്പൽ പണിയിക്കാനുള്ള 25 സെന്റു സ്ഥലം വാങ്ങിക്കുന്നതിലേക്കു ഔദാര്യമനോഭാവമുള്ളവർ ഈ സുവിശേഷവയൽപ്രദേശത്തെ വേലയുടെ പുരോഗതിയെ ലാക്കാക്കി വേണ്ടതു സഹായസഹകരണങ്ങൾ നല്കിയും വേണ്ട പ്രോത്സാഹനങ്ങൾ നല്കിയും വിജയിപ്പിക്കണമെന്നും അഭ്യർത്ഥിച്ചുകൊള്ളുന്നു.

E. M. STEPHEN

C. M. S. P.—283—2325—6-9-1956.
PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM

THE TREASURY OF KNOWLEDGE
ജ്ഞാനനിക്ഷേപം

Vol. LIX | SEPTEMBER 1956 | No. 9

BISHOP'S LETTER
ബിഷോപ്പുതിരുമനസ്സിലെ കത്തു്

കർത്താവിൽ വാത്സല്യമുള്ളോരെ,

മിസ്സ് എൽ. ഇ. നൈറ്റ് എന്ന പേരായ ഒരു യൂറോപ്യൻ നേർസു കുറെ വർഷങ്ങൾക്കു മുമ്പു ക്രിസ്തീയ ശുശ്രൂഷയ്ക്കായി ഈ നാട്ടിൽ വരികയും നമ്മുടെ സഭയോടു ചേർന്നു സ്വപ്രേധയായി ശുശ്രൂഷ നിവൃത്തിച്ചുപോരുകയും ചെയ്തതു പലരും ഓർക്കുമല്ലോ. ആദ്യം വാഴൂർ ഒരു വാടകവീടു കേന്ദ്രമാക്കി ഈ പ്രവർത്തനം നടത്തിപ്പോന്നു. പിന്നീടു ബത്തേലിൽ കരുണാലയത്തിലും ബെഥേൽ സ്മാരകസ്ക്കൂളിനോടു ചേർന്നും ശുശ്രൂഷ നിവൃത്തിക്കയും ചെയ്തശേഷം ഏകദേശം പത്തു വർഷങ്ങളായി നീലഗിരിയിൽ ചില സ്നേഹിതരോടു കൂടി താമസിച്ചുവരികയായിരുന്നു. കുറെ വർഷങ്ങൾക്കു മുമ്പു രണ്ടു അനാഥശിശുക്കളെ അവൾക്കു ലഭിച്ചു. ആ പെൺകുട്ടികളെ ഇരുവരെയും വളർത്തി പഠിപ്പിച്ചു കല്യാണം ചെയ്തുകൊടുക്കയും ചെയ്തിട്ടു കാലം കുറെയായി. ഒരാൾ അദ്ധ്യാപികയായും മറെറ ആൾ നേർസു ആയിട്ടും ഇപ്പോഴും ജോലിചെയ്യുന്നുണ്ട്. നല്ല ക്രിസ്തീയ ജീവിതവും ഭക്തിയും സേവനവും അനുകരിച്ചുപോന്ന പുണ്യവതിയായ ഈ മിസ്സനറി ഓഗസ്റ്റ്മാസം 8നു രാവിലെ എട്ടു മണിക്കുമുമ്പു വച്ചു തന്റെ 84-ാമത്തെ വയസ്സിൽ നിത്യസ്വസ്ഥതയിലേക്കു പ്രവേശിച്ചു. അവരുടെ സേവനം ആദരണീയവും അനുകരണീയവും ആയിരുന്നു എന്നു നിസ്സംശയം പറയാം. ഇവർ നിസ്വാർത്ഥതയോടും ത്യാഗബുദ്ധിയോടും കൂടിച്ചെയ്തതുകൂടാതെയും നിവൃത്തിച്ചിട്ടുള്ള വിധമായ ശുശ്രൂഷകൾ ക്രിസ്തുവിന്റെ മനോഭാവത്തിലും സ്നേഹത്തിന്റെ ആത്മാവിലും ആയിരുന്നു നടത്തിപ്പോന്നതു്.

ഈ കത്തു നിങ്ങൾ വായിക്കുമ്പോഴേക്കു മക്കിനോന്യൻ സഭയെക്കുറിച്ചു നേരിട്ടു മനസ്സിലാക്കുന്നതിനും മറ്റുമായിട്ടു അമേരിക്കൻ എപ്പിസ്കോപ്പൽസഭ നിയോഗിച്ചു അയച്ചിരിക്കുന്ന കമ്മീഷ്യൻ ഈ മഹായിടവക സന്ദർശിച്ചശേഷം മടങ്ങിയിരിക്കും. അഞ്ചു ആളുകൾ അടങ്ങിയ ആ കമ്മീഷ്യൻ ഓഗസ്റ്റ് 25നു ബോംബയിൽ എത്തി. മേഡാക്കു, മൈസൂർ ഈ മഹായിടവകകൾ സന്ദർശിച്ചശേഷം രണ്ടു സംഘമായി പിരിഞ്ഞു ഫിലിപ്പീൻ ദ്വീപുകളിലെ ബിൻസ്ലെഡ് ബിഷോപ്പും റവ. ജി. എം. ഡെയി എന്ന പ്രൈസ്ബിറേറരും കൂടെ 30നു വിമാനമാർഗ്ഗം കൊച്ചിയിൽ എത്തുന്നതാകുന്നു. അവിടെവച്ചു ഉത്തരകേരളത്തിലെ പട്ടക്കാരായ ജോജ്ജ് കോശി അച്ചനും, ഇട്ടപ്പു അച്ചനും, കെ. സി. മാത്തനച്ചനും ഞാനും കൂടെ ഈ മാന്യ അതിഥികളെ സ്വീകരിച്ചു ലഞ്ചുകഴിച്ചതിന്റെ ശേഷം അവിടെനിന്നു ആലുവാകോച്ചിൽ കൊണ്ടുപോകുകയും ഏകദേശം രണ്ടു മണിക്കുറോളം അവിടെ ചെലവിട്ടശേഷം കോട്ടയത്തേക്കു പുറപ്പെടുകയും ചെയ്യും. 31നു അവരെ മേലുകാവിനു കൊണ്ടുപോകുന്നതും അവിടെനിന്നു മടങ്ങി വരുന്ന വഴി മോണിക്കാമന്ദിരം സന്ദർശിക്കുന്നതുമായിരിക്കും. സെപ്തം

ബർ 1നു- ഭദ്രാസനപ്പള്ളിയിൽവച്ചു നടത്തുന്ന മി. കെ. സി. മാത്യുവിന്റെ പട്ടംകൊട ശുശ്രൂഷയിൽ സംബന്ധിച്ചശേഷം ചില സ്ഥാപനകൾ സന്ദർശിക്കുന്നതാകുന്നു. പിന്നീടു സഹോദരീസഭകളിലെ മെത്രാച്ചന്മാരുടെ ഒരു സമ്മേളനത്തിൽ പങ്കു എടുക്കുകയും ചെയ്യുമെന്നാശിക്കുന്നു. അതിനെ തുടർന്നാണു നമ്മുടെ മഹായിടവകവകയായ ഒരു ഉദ്യാനവിരുന്നു. രണ്ടാം തീയതി ഞായറാഴ്ച തെക്കെക്കുമരകം, ബഥേൽ, കുന്നന്താനം എന്നായിടങ്ങളിൽ പോയശേഷം ബൈബിൾ സ്കൂളിൽ രാത്രി താമസിക്കയും ചെയ്യും. ഉടമർ സ്കൂൾ സന്ദർശിച്ചിട്ടു തിങ്കളാഴ്ച രാവിലെ തിരുവനന്തപുരത്തേക്കു യാത്രയാവുകയും ചെയ്യുന്നതായിരിക്കും.

ഓണവാരത്തെ സാക്ഷ്യം എല്ലായിടങ്ങളിലും ഭംഗിയായി നിവൃത്തിക്കുമെന്നാശിക്കുന്നു. മിഷ്യൻബോർഡ് സെക്രട്ടറിയുടെ പേക്കു ഓരോ സ്ഥലത്തും ചുമതലപ്പെട്ടവർ ചുരുക്കമായി റിപ്പോർട്ട അടുത്ത ആഴ്ചയിൽ തന്നെ അയച്ചുകൊടുക്കുന്നതിനു ഉപേക്ഷ വിചാരിക്കരുതു്. ഒരുക്കടയോഗങ്ങൾ സഹായകരമായിരുന്നു എന്നു വിശ്വസിക്കുന്നു.

സെപ്തംബർ 13, 14, 15, 17 തീയതികളിൽ സിനഡു ലിറ്റററ്റജി കമ്മറിറി താഴെപറയുന്നവച്ചു നടത്തപ്പെടും. സിനഡു എക്സിക്യൂട്ടീവു കമ്മറിറി 14നു- മദ്രാസിൽവച്ചു സമ്മേളിക്കുന്ന വേളയിൽ അമേരിക്കൻ കമ്മീഷ്യൻ അംഗങ്ങൾ എല്ലാവരും സന്നിഹിതരായിരിക്കും. സെപ്തംബർ 24നു- മുതൽ യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയുടെ സ്റ്റാൻഡിങ്ങു കമ്മറിറി ഇൻഡോനേഷ്യയിൽവച്ചു സമ്മേളിക്കുന്നതാകുന്നു. അതിന്റെ പ്രസിഡെണ്ടു ബിഷോപ്പു ബഗ്ഗാവു തിരുമേനി ഈ പ്രാവശ്യം അതിൽ വരുന്നതല്ല എന്നും അതിനാൽ അതിന്റെ അമേരിക്കൻ വൈസ് പ്രസിഡണ്ടായ ഞാൻ അതിൽ ചെന്നു അദ്ധ്യക്ഷം വഹിക്കണം എന്നും ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ദൈവഹിതമായാൽ അതിനു പോകേണ്ടിവരുന്നതാകുന്നു. ഒരാഴ്ചത്തെ കമ്മറിറിയോഗങ്ങളും ഒരാഴ്ചത്തെ ഡെപ്യൂട്ടേഷൻ പ്രസംഗങ്ങളും ഉണ്ടായിരിക്കും. അങ്ങോട്ടും ഇങ്ങോട്ടും വിമാനമാർഗ്ഗമായിരിക്കും യാത്ര. സർവ്വശക്തനായ കർത്താവു അവിടുത്തെ കൃപയാൽ തിരുനാമമഹത്വത്തിനായിട്ടു സകലവും ക്രമപ്പെടുത്തിത്തരട്ടെ.

നിങ്ങളുടെ പ്രാർത്ഥനകൾക്കും ദൈവത്തിന്റെ കൃപയിലും സകലവും ഭരമേല്പിച്ചുകൊണ്ടു എഴുതുന്നു

Aug. 20, 1956.
Bishops' House,
Kottayam,

കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള,
C. K. JACOB,
Bishop.

P. S. അമേരിക്കൻ കമ്മീഷ്യന്റെ അദ്ധ്യക്ഷനായിരുന്ന ബിഷോപ്പു ബിൻ സ്റ്റെഡ് തിരുമേനി ബോംബയിൽ വന്ന രണ്ടു ദിവസം കഴിഞ്ഞയുടൻ രോഗബാധിതനാകയാൽ ഉടനെതന്നെ ഫിലിപ്പീൻ ദ്വീപിലേക്കു മടങ്ങിപ്പോയി. അതിനു പകരം ഡോ. മൂർ ഹൌസ് എന്ന ആത്മയക്കാരനാണു റവറന്റ് ഡെയിയോട്ട കൂടെ വന്നതു്.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

സെപ്തംബർ 1. പട്ടംകൊട.
ഉദ്യാനവിരുന്നു.
2. തെക്കെക്കുമരകം.
ബെഥേൽ.
കുന്നന്താനം.
ബൈബിൾ സ്കൂൾ.
6. ബൈബിൾ ക്ലാസ്സു്

8. ബില്ലിഗ്രഹാം കമ്മറി.
9. അയിരൂർ.
13. ലിറ്റർജി കമ്മറി (താംബരം)
14. സിനഡ് എക്സിക്യൂട്ടിവു (താംബരം)
15, 17. സിനഡ് ലിറ്റർജി കമ്മറി (താംബരം)
21—ഒക്ടോ. 6. ഇൻഡോനേക്ഷ്യാ.

പ്രാധിപക്കുറിപ്പ്

ഭാരതത്തിലെ മിഷ്യനറിപ്രവർത്തനം

ഭാരതീയ ക്രൈസ്തവ സഭകളെ ആകമാനം ഇളക്കിയിട്ടുള്ള ഒന്നാണല്ലൊ നിയോഗിക കമ്മീഷൻ റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ടിനെ സംബന്ധിച്ചു ഇന്ന് ധാരാളം അഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയും പ്രതിക്ഷേധങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുകൊണ്ടിരിക്കുയുമാണല്ലൊ. വിദേശ മിഷ്യനറിമാരുടെ ആഗമനവും, ധനസഹായവും, നിയന്ത്രിക്കണമെന്നും, അനാഥ ശാലകൾ, ആസ്പത്രികൾ മുതലായ സാമൂഹ്യ പ്രവർത്തനകേന്ദ്രങ്ങൾ ഗവണ്മെൻറ്റ് ഏറ്റെടുത്തു നടത്തണമെന്നും, മതപരമായ സാഹിത്യ പ്രസിദ്ധീകരണങ്ങൾ സ്റ്റേറ്റു ഗവണ്മെൻറിന്റെ നിയന്ത്രണത്തിലായിരിക്കണമെന്നും, മതപരിവർത്തനം കഴിയുംവിധമെല്ലാം തടയണമെന്നുമാണ് കഴിഞ്ഞ ജൂലൈ 18-ാം തീയതി പ്രസിദ്ധീകൃതമായ മേല്പറഞ്ഞ റിപ്പോർട്ടിലടങ്ങിയിരിക്കുന്ന ശുപാർശകളുടെ ചുരുക്കം.

അക്രൈസ്തവമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചു മതപരിവർത്തനം ചെയ്യിക്കുവാൻ ഏതെങ്കിലും ഒരു വ്യക്തി ശ്രമിക്കുന്നുണ്ടെങ്കിൽ അവയെ തടയേണ്ടതുതന്നെയാണ്. എന്നാൽ ക്രൈസ്തവ സഭയെയും, അതിന്റെ ജീവനാഡിയായിരിക്കുന്ന മിഷ്യനറി പ്രസ്ഥാനങ്ങളെയും ഒന്നടങ്കം അവഹേളിക്കുന്ന ഈ ഉദ്ദേശ പ്രസ്താവനകളും ശുപാർശകളും ക്രൈസ്തവ സഭയെ എണ്ണമാത്രമല്ല, മതേതര രാഷ്ട്രമെന്നു പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ഭാരതത്തിന്റെ തന്നെയും ഭരണഘടനയെപ്പോലും വെല്ലുവിളിക്കുന്നവയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. പക്ഷേ, ഇൻഡ്യയുടെ പ്രഖ്യാപിതനയത്തിനും, രാജ്യാന്തരരംഗത്തുപോലും ഇൻഡ്യ രീപ്രമായി വാദിക്കുകയും, ശക്തിയായി നിലകൊള്ളുകയും ചെയ്യുന്ന സമാധാനപരമായ സഹവർത്തിത്വത്തിനും കടകവിരുദ്ധമായ ഈ ശുപാർശകൾ നമ്മുടെ ഗവണ്മെൻറ് സ്വീകരിക്കുയില്ലെന്നു തന്നെ നമുക്കു വിശ്വസിക്കാം.

ഇത്തരുണത്തിൽ ഭാരതത്തിലെ ക്രിസ്തുമതവും ഇതര മതങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചു അല്പമായി ആരായുന്നതു ഉചിതമായിരിക്കുമെന്നു തോന്നുന്നു. നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം ആളുകളും ഹിന്ദുമത വിശ്വാസികളാണ്. ക്രിസ്തുമതം താരതമ്യേന, സംഖ്യാബലത്തിൽ കേവലം ഒരു ന്യൂനപക്ഷ മതമാണ്. എങ്കിലും ഹിന്ദുമതത്തിനു നേരിടേണ്ടിവന്നിട്ടുള്ള മറ്റേതു മതത്തെയുംകാൾ പ്രബലമായ എതിർശക്തി ക്രിസ്തുമതമാണ്. അതിന്റെ സഹിഷ്ണുതയായി വ്യാഖ്യാനിക്കപ്പെട്ടുന്ന ഒരു പ്രത്യേക സ്വഭാവം ഹിന്ദുമതത്തിനുണ്ട്. ഇതര മതങ്ങളിലുള്ള ഉപദേശ തത്വങ്ങൾ അതിലും ഉള്ളതായി എടുത്തുകാണിച്ചു അവയെ അതിൽ ലയിപ്പിക്കുക എന്നതാണത്. കാരണം, ഏതു വിധത്തിലും വ്യാഖ്യാനിക്കപ്പെടാവുന്ന തത്വസംഹിതകൾ അതിലടങ്ങിയിട്ടുണ്ട്. ഭാരതത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധമതം, ജൈനമതം ആദിയായവ ഇതിനുദാഹരണങ്ങളാണ്. ഈ മതങ്ങൾ ഈ രാജ്യത്തു പ്രാബല്യത്തിൽ വരാതിരിക്കുന്നതിനു കാരണം ഹിന്ദുമതത്തിന്റെ ലയന സ്വഭാവമാകുന്നു.

ക്രിസ്തുമതത്തോടും ഇതുപര്യന്തം അനുവർത്തിച്ചിട്ടുള്ള നയമിതുതന്നെയാണ്. എന്നാൽ പാപത്തിനും മരണത്തിനും കീഴ്പ്പെട്ടുള്ളവൻ സാദ്ധ്യമാകാതെ കല്ലറയുടെ ബന്ധനങ്ങളെ തകർത്തു ഉയിർത്തവനായ യേശുക്രിസ്തുവിനെയും, തന്റെ സഭയെയും ഇപ്രകാരം പിടിച്ചടക്കുവാൻ സാദ്ധ്യമല്ല. അതു മികവോടും വ്യക്തമായിക്കഴിഞ്ഞു. അതിനാൽ അടുത്ത മാർഗ്ഗം അതിനെ പീഡിപ്പിച്ചു ഉന്മൂലനം ചെയ്യുക എന്നതായിരിക്കാം. പക്ഷേ ചരിത്രം ഇതിനും സാക്ഷ്യം വഹിക്കുന്നുണ്ട്. പീഡനങ്ങളാൽ ക്രിസ്തുമതത്തെ ഇല്ലായ്മചെയ്യുവാൻ, യഥാർത്ഥമതം തുടങ്ങി പല മതങ്ങളും, റോമൻ ചക്രവർത്തിമാർ മുതൽ പല രേണ്ടാധിപന്മാരും, ശ്രമിച്ചിട്ട് അവർ തന്നെ തോൽവി സമ്മതിച്ചിരിക്കുകയാണ്. ക്രിസ്തുമതത്തെ എന്നുമാത്രം നശിപ്പിക്കുവാൻ ശ്രമിക്കുന്നുവോ അന്നുതൊട്ടും അതു ശക്തിപ്പെടുകയേ ഉള്ളൂ. അതിനാൽ ഏതെല്ലാം ശക്തികളും ക്രിസ്തുമത വിരുദ്ധമായ വാദഗതികൾ തയ്യാറാക്കുകയോ

ധ്വംസനോപാധികൾ പ്രയോഗിക്കുകയോ ചെയ്യുവും അതിൽ നമുക്കു ഭീതിപ്പെടുവാൻ ലേശം അവശ്യമില്ല. ഈ മതത്തെ ജയിക്കുവാൻ അവയൊന്നും പര്യാപ്തമല്ല എന്നതു തർക്കമറ്റ സംഗതിയാണ്.

മാസികയുടെ ഭാവിപ്രവർത്തനം

'ജ്ഞാനനിക്ഷേപം' സഭാമാസികയുടെ പത്രാധിപ സമിതിയിൽ അടുത്ത സമയത്തു ഒരു വ്യത്യാസം വരുത്തിയതു ആഗസ്റ്റു ലക്കം മാസിക മുഖേന മിക്കവരും ഇതിനകം അറിഞ്ഞിരിക്കുമല്ലോ. ഈ ലക്കം മുതൽ പുതിയ സമിതി മാസികയുടെ പ്രവർത്തനം കയ്യേറിരിക്കയാണ്. കഴിഞ്ഞ പത്തു വർഷക്കാലത്തോളം കാര്യക്ഷമമായ വിധത്തിൽ ഈ മാസികയുടെ പ്രസിദ്ധീകരണം ചുമതല വഹിച്ചിട്ടു് ഇപ്പോൾ വിരമിച്ചിരിക്കുന്ന മുൻ പത്രാധിപർ ബഹുമാനപ്പെട്ട റവ. സി. കെ. ജോൺ അച്ചനവർകളോടുള്ള നമ്മുടെ കടമ വലുതെയാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചു ഒരു ലേഖനം അന്യത്ര ചേർത്തിട്ടുണ്ട്. തന്റെ എല്ലാ പ്രവർത്തനങ്ങളെയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

മാസികയുടെ പ്രസിദ്ധീകരണത്തിൽ കാലാനുസൃതമായ പല മാറ്റങ്ങളും വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടു്. തൽസംബന്ധമായ അഭിപ്രായങ്ങളും സൂചനകളും സമിതിയുടെ പ്രവർത്തനത്തിനു സഹായകരമായിരിക്കും. മാസികയിൽ പ്രസിദ്ധീകരിക്കേണ്ട ലേഖനങ്ങളും റിപ്പോർട്ടും റവ. ജേക്കബ്ബ് പറഗിസ്, മേലുകാവു മറ്റം P. O. പാലാ, എന്ന മേൽവിലാസത്തിലും, മാസികയുടെ വരിസംഖ്യ, മാനേജർ. സി. എം. എസ്സ്. പ്രസ്സ്, കോട്ടയം എന്നമേൽവിലാസത്തിലും അയയ്ക്കേണ്ടതാണ്. മാസികാ ബന്ധുക്കളേവരും ഇതിന്റെ നാനാവിധപ്രവർത്തനങ്ങളിലും പൂർവ്വാധികം സഹികരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

സഭയെപ്പറ്റി—മദ്രാസ് ബിഷോപ്പു്

സഭായോഗങ്ങളിലും കമ്മറ്റികളിലും ഉണ്ടാകാറുള്ള ഉൽത്തിക്കുലുകളെയും ഭിന്നതകളെയും പരാമർശിച്ചു മദ്രാസുബിഷോപ്പതിരുമനസ്സുകൊണ്ടു് എഴുതിയിട്ടുള്ള ലേഖനം കേരളീയ ക്രൈസ്തവരുടെ സവിശേഷമായ ചിന്തയ്ക്കും പഠനത്തിനും വിക്ഷയീവെപ്പിക്കേണ്ടതാണെന്നു കരുതുന്നതിനാൽ ആ ലേഖനത്തിലെ ചില ഭാഗങ്ങൾ താഴെ ചേർത്തുകൊള്ളുന്നു. [പത്രാധിപർ]

കമ്മറ്റികളിലും സഭായോഗങ്ങളിലും യഥാർത്ഥ കൂട്ടായ്മ ദൃശ്യമാകാത്തതിന്റെ കാരണമെന്തു്? സഭ എന്നാൽ എന്തെന്നുള്ളതിനെപ്പറ്റി യഥാർത്ഥബോധം ജനങ്ങളുടെ മനസ്സിൽ ഉണ്ടാകാത്തതാണു ഒരു കാരണം. മാനുഷികസമ്പർക്കങ്ങളും സഭയും തമ്മിലുള്ള വ്യത്യാസം ഏതിടെ സ്ഥിതിചെയ്യുന്നു. സഭ ദൈവസൃഷ്ടിതമാണു്; മനുഷ്യനിർമ്മിതമല്ല. അതു ഉയരത്തിൽനിന്നുള്ളതാണു്; താഴെനിന്നുള്ളതല്ല. ഭൂരിപക്ഷത്തിന്റെ ഇഷ്ടംപോലും അല്ല; അതു ഒരു രാജഭരണമാണു്. ജനായത്തഭരണമല്ല. അതു സാരമാക്കുന്നതു മനുഷ്യന്റെ ഇഷ്ടമല്ല; പ്രത്യുത ദൈവജനങ്ങൾ വിനയത്തോടും പ്രാർത്ഥനാപൂർവ്വവും അന്വേഷിച്ചു കണ്ടെത്തിയ ദൈവഹിതം കൂട്ടായ്മയിൽ ഐകകണ്ഠ്യേന നിറവേറ്റുന്നതാണു്. സഭ ഭൂരിപക്ഷം ലഭിക്കുന്ന പ്രമേയങ്ങളിലല്ല പ്രവർത്തിക്കുന്നതു; പ്രവർത്തിക്കേണ്ടതും അങ്ങനെയല്ല, ഏകമനസ്സോടെയായിരിക്കണം. ജനങ്ങൾ ദൈവത്തിന്റെ ജനങ്ങളായിരിക്കുന്നിടത്തോളമേ അതു ജനായത്തമാകുന്നുള്ളു. മനസാന്തരപ്പെടാത്തവർ മനസാന്തരപ്പെട്ടവരെ ഭരിക്കുന്നതല്ല അതു്, നേരെമറിച്ചു മനസാന്തരപ്പെട്ടവർ മനസാന്തരപ്പെടാത്തവരെ രക്ഷയിലേക്കു നയിക്കുന്നതാണു അതു്. ജനായത്തസ്ഥാപനങ്ങൾ അവകാശങ്ങൾക്കുവേണ്ടി വാദിക്കുമെങ്കിലും ചുമതലകളെ ഉപേക്ഷിച്ചുകളയും. സഭാജനങ്ങളാകട്ടെ അവരുടെ പദവികളെപ്പറ്റി,—കൂടാവഴികളാണു അവരുടെ പദവികൾ—കൃതജ്ഞതയായവരായിരിക്കുന്നതോടൊപ്പം അവരുടെ ചുമതലകളെ കടപ്പാടുകളെ അവഗണിച്ചുകളയുന്നില്ല. സഭാജനങ്ങളുടെ ചുമതലകളാണു അവരുടെ അവകാശങ്ങളെക്കാൾ പ്രത്യക്ഷപ്പെടേണ്ടതു്. സഭയ്ക്കു അതിന്റെ നാഥനായ ക്രിസ്തുവാണു കേന്ദ്രം; മനുഷ്യർ പരിധിയിലാണു കാണപ്പെടുന്നതു്. മറ്റുള്ളവക്കു സഭയെമാണു കേന്ദ്രം; ദൈവം പരിധിയിലും.

ഈ ജനാധിപത്യകാലത്തു സഭയ്ക്കു പറ്റിയിരിക്കുന്ന ദുർഗ്രഹം അതിനുള്ളിൽ ധാരാളം നിയമനിഷ്കർഷകളും ഭരണഘടനാഭാഗങ്ങളും ഉണ്ടെന്നുള്ളതാണു്. എന്നാൽ സഭ അംഗീകരിക്കുന്ന നിയമം ദൈവത്തിന്റെ പ്രമാണങ്ങളത്രേ. മനുഷ്യന്റെ നിയമമല്ല; അതിന്റെ ഭരണഘടന വേദപുസ്തകവുമാണു്. ദൈവത്തിന്റെ പ്രമാണങ്ങളോടൊക്കുമ്പോൾ ദൈവവചനത്തെ മറിക

ടക്കുന്നതുമായ ഏതു നിയമവും ഏതു ഭരണംഘടനയും പിശാചിൽനിന്നുള്ളവാകുന്നതാണ്. സഭയിൽ പാപികൾ ഉള്ളതിനാലാണ ഭരണഘടനകൾ ആവശ്യമായി വരുന്നത്. പാപികൾ മാത്രമെ ഭരണഘടനയെപ്പറ്റി തീരുമാനം നടത്തിക്കൊണ്ടിരിക്കയുള്ളു.

മോഡറേറ്റർ ഒരിക്കൽ പറഞ്ഞു സഭ മൂന്നു പിശാചുക്കളുടെ പിടിയിൽ കിടന്നു വലയുകയാണെന്ന്—വസ്തുവകകൾ (Property) അധികാരം (Power) അന്തസ്സ് (Prestige) ഇവയിലുള്ള അവന്റെ ക്രിസ്തുവിന്റെയും (Property) വകയായിത്തീരേണ്ടതിനു പകരം വസ്തുവകകളെപ്പറ്റി ബദ്ധപ്പെടുന്ന പലരുണ്ട്. ദൈവത്താലും അവന്റെ ആത്മാവിനാലും ശക്തിയും അധികാരവും പ്രാപിക്കുന്നതിനു പകരം അധികാരത്തിനും സ്ഥാനത്തിനും ബദ്ധപ്പെടുന്ന പലരുണ്ട്. മുഴുവനായി ദൈവസത്യത്തെക്കുറിച്ചു കരുതുന്നതിനു പകരം അന്തസ്സു പാലിപ്പാൻ ശ്രമിക്കുന്ന പലരുണ്ട്.

സഭയിൽ പലരും ദൈവഹിതം കണ്ടെത്തി അതിനെ പിന്തുടരുന്നതിനു പകരം തങ്ങളുടെ സ്വന്തഹിതം നിറവേറുന്നതിനാണു നിശ്ചയിച്ചിരിക്കുന്നതെന്നുള്ളതിന്റെ വ്യക്തവും ഖേദകരവുമായ തെളിവുകളാണു സഭയിൽ വർദ്ധിച്ചുകാണുന്ന രണ്ടു ബാധകൾ. (1) തെരഞ്ഞെടുപ്പുകൾക്കു മുമ്പുള്ള വോട്ടുപിടുത്തം. (Canvassing) (2) അതിനുശേഷമുള്ള വ്യവഹാരം. ഇതു ലോകകരമാണെന്നു, അല്ല പൈശാചികമാണെന്നു കാണുവാൻ കഴിവില്ലാതെ സഭയിലെ പലരികൾ അവകാശപ്പെടുന്നവർ ക്രിസ്തീയജീവിതത്തിന്റെ പ്രാഥമികപടിപോലും വെച്ചിട്ടുള്ളവരല്ല.

ക്രിസ്തുയേശുവിൽക്കൂടെയുള്ള രക്ഷയുടെ പൂർണ്ണത

(By Koshi John)

ഒരു ബിസിനസ്സുകാരിയും ഉയർന്ന ഉദ്യോഗം വഹിക്കുന്ന ആളുമായ എന്റെ ഒരു ഹിന്ദു സ്നേഹിതനുമായി ഞാൻ ഇയ്യിടെ മരണാനന്തര സ്ഥിതിയെപ്പറ്റി സംസാരിച്ചപ്പോൾ അദ്ദേഹം എന്നോടു ഇപ്രകാരം പറഞ്ഞു. "എല്ലാ മതത്തിലും സത്യം ഉണ്ടെന്നും എല്ലാ മതക്കാരിലും ദൈവഭയം ഉള്ളവരും സന്മാർഗ്ഗജീവിതം നയിക്കുന്നവരും ഉണ്ടെന്നും അവരെ ആരേയും ദൈവം മോക്ഷത്തിലേക്കു കടത്താതിരിക്കയില്ല എന്നും ആണ് തന്റെ വിശ്വാസം എന്ന്." ഈ ചിന്താഗതി ചില ക്രിസ്ത്യാനികളിലും ഉണ്ടെന്നു തോന്നുന്നു. എന്നാൽ വിശുദ്ധവേദം ഖണ്ഡിതമായി പറയുന്നു. "മറ്റൊരുത്തനിലും, രക്ഷ ഇല്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ യേശുക്രിസ്തുവിന്റെ നാമമല്ലാതെ മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" എന്നും ആകുന്നു. (അപ്പൊ. പ്ര. 4. 12.) ഗൗരവതരമായ ഈ വിഷയം ധ്യാനപൂർവകമായി ക്രിസ്തുയേശുവിൽക്കൂടെയുള്ള രക്ഷയെപ്പറ്റി ചില കാര്യങ്ങൾ പറയണമെന്നഞാൻ ആഗ്രഹിക്കുന്നു.

ദൈവ നീതിയുടെ കോടതി മുമ്പാകെ ആരെങ്കിലും ഒരു നീതിമാൻ നീതികെട്ടവരുടെ പേക്ക് ജാമ്യം നിന്നാൽ ധാരാളം മതിയായിരുന്നവല്ലോ എന്നു പലർക്കും തോന്നിയേക്കാം. വെള്ളം എല്ലായിടത്തും ഉണ്ട്. എങ്കിലും അവ ശുദ്ധജലം ആയിരിക്കണമെന്നും മിന്നുന്നതെല്ലാം പൊന്നായിരിക്കണമെന്നും വരികയില്ലല്ലോ. അവ്വണ്ണം സത്യത്തിന്റെ രശ്മികൾ എല്ലാ മതങ്ങളിലും ഉണ്ടെന്നു പറയുന്നതുകൊണ്ടു ആയില്ല. ജ്വലിച്ചു പ്രകാശിക്കുന്ന ദീപവും മങ്ങിക്കത്തുന്ന ദീപവും ഉണ്ടു, രണ്ടും ദീപങ്ങൾ തന്നെ. ജ്വലിച്ചു പ്രകാശിക്കുന്ന ദീപത്തിന്റെ ശോഭ ഒന്നു വേറെയാണ്. അതാകുന്നു എല്ലാറ്റിനെയും പ്രകാശിതമാക്കുന്നതു്. ക്രിസ്തുയേശുവിങ്കൽക്കൂടിയുള്ള രക്ഷ ലോകത്തെ മുഴുവനും പ്രകാശിപ്പിച്ചു സന്തോഷിപ്പിക്കുന്ന രക്ഷയാകുന്നു. രക്ഷയുടെ പൂർണ്ണത ഇവിടെയത്രേ നാം കാണുന്നതു്.

1. പിതാവായ ദൈവത്തിന്റെ കാഴ്ചയിൽ സ്വപുത്രനായ യേശു അല്ലാതെ ലോകത്തിന്റെ വീണ്ടെടുപ്പിനു മറ്റാരേയും യോഗ്യരായി കണ്ടെത്തിയില്ല. യേശു യിസ്രായേലിനു ഉന്നതനും ഇല്ലാത്തവനായിരുന്നു. അതുകൊണ്ടത്രേ പെസഹാ കുഞ്ഞാടായി അറുക്കപ്പെടുന്ന ആട്ടിൻ കുട്ടി ഒരു വയസ്സു പ്രായമുള്ളതും ഊനമില്ലാത്തതും ആയിരിക്കണമെന്നു ദൈവം കല്പിച്ചതു്. (പുറപ്പാടു് 12. 5.) ചിലർ ചോദിച്ചേക്കാം യേശുവിനു പകരമായി സത്യത്തിലെ പരിശുദ്ധ ദൈവഭക്തന്മാരിൽ ആരെയെങ്കിലും ദൈവം അയച്ചാൽ പോരായിരുന്നില്ലയോ എന്ന്. ഇവരിൽ ആരിലും ഊനമില്ലാത്ത ശിശുപരിശുദ്ധത ദൈവം കണ്ടില്ല. എന്തെന്നാൽ സാത്താൻ ഒരു കാലത്തു ഉന്നതസ്ഥാനം സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നവൻ ആയിരുന്നിട്ടും അവൻ പിഴച്ചുപോയല്ലോ. അതിനാൽ യേശുവിനെ മാത്രമേ ലോകത്തിനു രക്ഷയുടെ വാതിലിനെ തുറപ്പാൻ യോഗ്യനായി ദൈവം കണ്ടെത്തിയുള്ളു.

2. ദൈവദൂതന്മാർ സൃഷ്ടിക്കപ്പെട്ടവരാകയാൽ ഈ മഹാവലിയ രക്ഷയെ നേടുന്നതിനു അവരിൽ ആരും യോഗ്യരായിരുന്നില്ല. യേശുവോ, സൃഷ്ടിക്കപ്പെടാത്തവൻ ആകുന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു വചനം ദൈവത്തോടുകൂടെ ആയിരുന്നു വചനം ദൈവവുമായിരുന്നു." (യോഹ. 1—1) നമ്മുടെ വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നതു, "പിതാവു സൃഷ്ടിക്കപ്പെടാത്തവൻ, പുത്രനും സൃഷ്ടിക്കപ്പെടാത്തവൻ, പരിശുദ്ധാത്മാവും സൃഷ്ടിക്കപ്പെടാത്തവൻ" എന്നാണല്ലോ. അവൻ ദൈവത്തോടു സമനും പിതാവിന്റെ ഇഷ്ടം അവന്റെ ഇഷ്ടവും ആയിരുന്നു. അതിനാൽ, "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നു ദൈവം മൂന്നു പ്രാവശ്യം ലോകത്തോടു വിളിച്ചുപറഞ്ഞു. അതിനാൽ മുഴയിടപ്പെട്ടിരുന്ന പുസ്തകം തുറപ്പാൻ അവൻ മാത്രമല്ലാതെ യോഗ്യനായി മറ്റാരെയും സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴെയും കണ്ടില്ല. അവന്റെ നാമത്തിൽ പിതാവിങ്കലേക്കു അടുത്തു വരുന്നവർ മാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ, രക്ഷിക്കപ്പെടേണ്ടതിനു ഈ നാമമല്ലാതെ മറ്റൊരു നാമവും ആകാശത്തിൻകീഴിൽ നല്കപ്പെട്ടിട്ടുമില്ല."

3. യേശു ദൈവമാകകൊണ്ടു നിത്യജീവൻ അവനിൽ മാത്രമെയുള്ളൂ. നമുക്കു വേണ്ടുന്നതും നമ്മുടെ രക്ഷയെ പൂർണ്ണമാക്കുന്നതും നിത്യജീവൻ ആകുന്നു. ലോകത്തിലേക്കു പാപം പ്രവേശിച്ചതിനാൽ നാം മുഴുവരും മരിക്കേണ്ടിയവർ ആകുന്നു. "ആദാമിൽ എല്ലാവരും മരിക്കുന്നു ക്രിസ്തുവിൽ ജീവിപ്പിക്കപ്പെടുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന വ്യക്തികൾക്കു മരണാനന്തരമുള്ള പുനരുത്ഥാനം രക്ഷയുടെ അനുഭവത്തിന്റെ ഒരു അവസ്ഥാന്തരമാകുന്നു. ഇതു ലോകത്തിനു നേടികൊടുപ്പാൻ ആർക്കു കഴിയും!? മരണമില്ലാത്ത ദൈവത്തിനു മാത്രമെ സാധ്യമാകയുള്ളൂ. അതിനാൽ ദൈവം സ്വപുത്രനെ മനുഷ്യജാതിയ്ക്കു രക്ഷ സമ്പാദിച്ചുകൊടുക്കുന്നതിനായി ലോകത്തിലേക്കു അയച്ചു. അവൻ വന്നു നമുക്കുവേണ്ടി ഇതു നേടിയതു ക്രൂശിലെ മരണം മൂലമായിരുന്നു. കോതമ്പുമണി നിലത്തുവീണു ചത്തു, എങ്കിലും അതിൽനിന്നു ഒരു ജീവൻ ഉളവായി. ഇതു പ്രപഞ്ചത്തിന്റെ മറ്റൊരുവും അനുയോജ്യമായ വിധത്തിലത്രെ. യേശു നമ്മെ രക്ഷിച്ചതു പ്രപഞ്ച നിയമങ്ങൾക്കു എതിരായിട്ടല്ല എന്നുള്ളതിൽ രക്ഷയുടെ പൂർണ്ണത അടങ്ങിയിരിക്കുന്നു. ഈ ഒരു വഴിയല്ലാതെ മറ്റൊരുവഴിയായും നിത്യജീവനിലേക്കു കടപ്പാൻ ആർക്കും സാധ്യമല്ല. "നാം രക്ഷിക്കപ്പെടേണ്ടതിനു, യേശുക്രിസ്തു എന്ന നാമമല്ലാതെ, ആകാശത്തിൻ കീഴിൽ മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല." "ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും." (എബ്രാ. 2. 4).

ദിവംഗതനായ പശ്ചിമബംഗാൾ ഗവർണ്ണർ ഡോ. എച്ചു്. സി. മുക്കർജി.



ഭാരതത്തിലെ അതിസൂനപക്ഷസമുദായങ്ങളിലൊന്നായ ക്രൈസ്തവസമുദായത്തിൽ ഭാരതാംബികയ്ക്കു അഭിമാനംകൊള്ളാവുന്ന വീരസന്താനങ്ങൾ ഓരോ കാലങ്ങളിൽ ജാതരായിട്ടുണ്ടു്

അവരിൽ സമുദായിക രാഷ്ട്രീയ നേതാമണ്ഡലങ്ങളിൽ ഒരുപോലെ കീർത്തിധാവള്യം പരത്തിയിട്ടുള്ള ഒരു മഹൽപുരുഷനായിരുന്ന ഏതാനും ആഴ്ചകൾക്കു മുമ്പു കല്ക്കട്ടായിൽവച്ചു മിവംഗതനായ പശ്ചിമബംഗാൾ ഗവണ്ണർ ഡോ. ഹരേന്ദ്രകുമാർ മുക്കർജി.

ഇദ്ദേഹം 1877-ൽ ജനിച്ചു. അതിസമർത്ഥമായ വിദ്യാഭ്യാസജീവിതത്തിൽ എം. എ., പി. എച്ച്. ഡി. എന്നീ ഉന്നത ബിരുദങ്ങൾ നേടിയതിനുശേഷം ദീർഘകാലം കൽക്കട്ടാസർവ്വകലാശാലയിൽ ആംഗലഭാഷാധ്യാപകനായി ജോലി നോക്കി. അദ്ധ്യാപനകാലത്തു തന്റെ പ്രവർത്തനരംഗം സർവ്വകലാശാല മാത്രമായിരുന്നില്ല. നാഷ്യനൽക്രിസ്ത്യൻ കൌൺസിലിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ സാമുദായികരംഗത്തും കൽക്കട്ടാറൈവ്വു എന്ന മാസികയുടെ പത്രാധിപരെന്നനിലയിൽ രാഷ്ട്രീയരംഗത്തും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവെന്ന നിലയിൽ സാഹിത്യരംഗത്തും ഡോ. മുക്കർജി സേവനം അനുഷ്ഠിച്ചിരുന്നു. ഇൻഡ്യൻക്രിസ്ത്യാനികളുടെ പ്രതിനിധിയായി അഞ്ചു വർഷക്കാലം ഇദ്ദേഹം നിയമസഭാംഗമായിരുന്നിട്ടുണ്ട്. ഇൻഡ്യൻ കൺസ്റ്റിറ്റുവൻറ് അസംബ്ലിയുടെ വൈസ്പ്രസിഡണ്ടായും ഭാരതത്തിനു തന്റെ സേവനം നല്കിയിട്ടുണ്ട്. ഔദ്യോഗികമണ്ഡലത്തിൽ ഡോ. എച്ച്. സി. മുക്കർജി ഒടുവിൽ വഹിച്ചതു 1951-ൽ അദ്ദേഹം പശ്ചിമബംഗാൾ ഗവണ്ണരായിത്തീർന്നപ്പോഴാണ്.

എന്നാൽ ഔദ്യോഗിക സ്ഥാനമാനങ്ങളല്ല ഡോ. മുക്കർജിയെ ബഹുമാനിതനാക്കിയതു്. അദ്ദേഹത്തിന്റെ സ്ഥാനവും സ്വാധീനവും ജനക്ഷേമത്തിനായി ഉപയോഗിച്ചിരുന്നതാണു അദ്ദേഹത്തിന്റെ ശ്രേഷ്ഠതയുടെ നിദാനം. തന്റെ സമ്പാദ്യം മുഴുവൻ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നൽകിയ ഒരു ത്യാഗശീലത്തിയായിരുന്ന അദ്ദേഹം. തന്റെ സ്മരണയെ നിലനിർത്തുന്ന സ്ഥാപനമാണു ഡാർജിലിംഗിൽ ദേശബന്ധുചിത്തരഞ്ജൻ ദാസിന്റെ നിര്യാണാനന്തരം പ്രഥമശ്രേഷ്ഠയ്ക്കും ശിശുക്ഷേമപരിപാലനത്തിനുമായി സ്ഥാപിച്ച കേന്ദ്രം. ഇതിലേക്കു അഞ്ചുലക്ഷം രൂപാ അദ്ദേഹം പിരിച്ചെടുക്കയുണ്ടായി. ക്ഷയരോഗികളുടെ പുനരധിവാസസംരക്ഷണകോളനികൾക്കായി പരിശ്രമിച്ചുകൊണ്ടിരിക്കവേയാണു അദ്ദേഹം നിര്യാതനായതു്. ഒടുവിൽ ഡോ. മുക്കർജി കല്ക്കട്ടാ സർവ്വകലാശാലയ്ക്കു തന്നെ 15 ലക്ഷം രൂപാ സംഭാവന ചെയ്തിട്ടുണ്ട്. ഗവണ്ണരെന്ന നിലയിൽ പ്രതിമാസം തനിക്കു ലഭിച്ചുകൊണ്ടിരുന്ന 5500 രൂപായിൽ 5000 രൂപായും നേർസുകളുടെ ഉന്നതപരിശീലനഫണ്ടിലേക്കു കൊടുത്തുകൊണ്ടിരിക്കയായിരുന്നു എന്നും അറിയുമ്പോൾ അദ്ദേഹത്തിന്റെ ഔദാര്യത്തിന്റെ മാനദണ്ഡം എന്തായിരുന്നു എന്നു ഊഹിക്കാമല്ലോ.

ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിരുന്ന അദ്ദേഹം യേശുക്രിസ്തുവിനോടുള്ള സ്നേഹഭക്തിയിൽ ജീവിക്കയും പ്രവർത്തിക്കയും ചെയ്തപോന്നു. ഡോക്ടർ മുക്കർജി ഒന്നിലധികം പ്രാവശ്യം കേരളം സന്ദർശിക്കയും കേരളത്തിലെ സഭാനേതാക്കന്മാരുമായി ഇവിടെവച്ചും ഇൻഡ്യൻക്രിസ്ത്യൻ കോൺഫ്രൻസുകളിലും കൺസ്റ്റിറ്റുവൻറ് അസംബ്ലിയിൽ വച്ചും സമ്പർക്കം പുലർത്തുകയും ചെയ്തിട്ടുണ്ട്. 1953-ൽ കൽക്കട്ടായിൽവച്ചു അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൽ കേരളീയ ക്രിസ്ത്യാനികളെ സംബോധന ചെയ്ത പറഞ്ഞ രണ്ടു കാര്യങ്ങൾ ഈ മഹാന്റെ ചരമത്തിൽ അനുശോചിക്കുന്ന സമയത്തു സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതു നല്ലതാണെന്നു തോന്നുന്നു. അവയിൽ ഒന്നാമത്തേതു 'ആത്മാവിന്റെ ഐകൃത സമാധാനബന്ധത്തിൽ കാത്തുകൊൾക എന്നുള്ളതാണു്'. കേരളത്തിലെ കക്ഷിവഴക്കം വ്യവഹാരവുമാണു് അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നതെങ്കിലും, കക്ഷിത്വമനസ്ഥിതിയും വ്യവഹാരവും സഭയുടെ നാഥനായ സമാധാനപ്രഭുവിനു ചേരുന്ന ഒരു ബഹുമതിയല്ലെന്നു അദ്ദേഹം സമർപ്പിച്ച വാക്കുകൾ എല്ലാക്രൈസ്തവരും ഓർത്തിരിക്കേണ്ടതാണു്. രണ്ടാമത്തേതു സാമൂഹ്യവും ജീവകാരുണ്യപരവുമായ കാര്യങ്ങളിൽ കേരളീയ ക്രിസ്ത്യാനികൾക്കു ഒരു അഖിലഭാരതീയവീക്ഷണം ഉണ്ടാകണമെന്നുള്ളതാണു്. ഭാരതത്തിന്റെ വിവിധപ്രശ്നങ്ങൾക്കു ശരിയായ ഉത്തരം കണ്ടുപിടിക്കണമെങ്കിൽ ബഹുജനങ്ങളുടെ മനസ്സാക്ഷി പ്രകാശിപ്പിക്കപ്പെടുകയും ഹൃദയം മൃദുലമാക്കപ്പെടുകയും ചെയ്യണം. ഈ ശ്രേഷ്ഠമായ ജോലിയിൽ ദൈവത്തിൽ വിശ്വസിക്കുകയും നീതിയുടെയും സത്യത്തിന്റെയും രാജ്യത്തിൽ വിശ്വസിക്കയും ചെയ്യുന്നവർക്കു ഒരു പ്രധാന പങ്കു വഹിപ്പാനുണ്ടെന്നു അദ്ദേഹം നമ്മെ അനുസ്മരിപ്പിച്ചു. ക്രിസ്തുയേശുവിന്റെ ദൈവം ഭാരതത്തിൽ ആകമിച്ചുള്ള രാഷ്ട്രത്തെ സേവനത്തിന്റെയും നന്മയുടെയും വഴികളിൽ നയിപ്പാനാകുന്നുവെന്ന അദ്ദേഹത്തിനു ദൃഢമായ അഭിപ്രായം ഉണ്ടായിരുന്നു.

ഡോക്ടർ മുക്കർജിയുടെ ചരമം ഒരു തീരാനഷ്ടമെന്നു ഭാരതീയനേതാക്കന്മാർ പ്രസ്താവിച്ചിരുന്നു. ഇദ്ദേഹത്തെപ്പോലെ ദർശനവും പ്രതിജ്ഞയുമുള്ള നിരവധി നേതാക്കന്മാർ ക്രൈസ്തവസമുദായത്തിൽ ഏഴുന്നേല്പിക്കപ്പെടട്ടെ.

പത്രാധിപർ പദത്തിൽനിന്നു വിരമിച്ചിരിക്കുന്ന
റവ. സി. കെ. ജോൺ



റവ. സി. കെ. ജോണച്ചന്റെ ചെറുപ്പത്തിൽ 28 വർഷം മുമ്പു
എടുത്തുവച്ചു എടുത്ത ഫോട്ടോ.

കഴിഞ്ഞ 10 വർഷങ്ങളായി മഹായിടവക സംയുക്തമാസികയുടെ പത്രാധിപരായി പ്രശസ്ത സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന റവ. സി. കെ. ജോൺ സെപ്തംബർമാസം മുതൽ തൽസ്ഥാനത്തു നിന്നു വിരമിക്കുന്നതാണെന്നു കഴിഞ്ഞ ലക്കം മാസികയിൽ ബിഷപ്പു തിരുമനസ്സിലെ കത്തിൽ പ്രസ്താവിച്ചിരുന്നതാണല്ലൊ. അദ്ദേഹം പത്രാധിപത്യം വിട്ടതിന്റെ ശേഷം ആദ്യമായി പുറപ്പെടുന്ന ഈ ലക്കം മാസികയിൽ അദ്ദേഹത്തിന്റെ സേവനങ്ങളെ അനുസ്മരിച്ചു് ഒരു പ്രസ്താവന ചെയ്യുന്നതു അനുപേക്ഷണീയമായ ഒരു പത്രധർമ്മമാണു്.

1946-ൽ ജോണച്ചൻ മാസികാധിപരായി നിയമിതനായതുമുതൽ "ജ്ഞാനനിക്ഷേപം", "സുവിശേഷഭോക്ഷിണി", "കേടുംബപ്രിയവാദിനി" എന്നീ പേരുകളോടുകൂടെ മൂന്നു മാസികകൾ മഹായിടവകയിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ഇപ്പോഴത്തെ രൂപത്തിൽ സംയുക്ത സഭാമാസികയുടെ പ്രഥമലക്കം പുറപ്പെട്ടതു 1947 ജനുവരിമാസത്തിലായിരുന്നു. പ്രതിമാസം 800 പ്രതികൾ മാത്രമായിരുന്ന അക്കാലത്തു പ്രചാരത്തിന്റെ നിലവാരം. അതുവരെയും പട്ടക്കാരും സഭാപ്രവർത്തകരുമായിരുന്ന മുഖ്യമായി മാസികയുടെ വരിക്കാരായിരുന്നിട്ടുള്ളതു്. പരിഷ്കരിച്ച രീതിയിലുള്ള സംയുക്തമാസികയുടെ ആവിർഭാവത്തോടുകൂടെ മഹായിടവകയിൽ പൊതുവെ മാസികയോടുള്ള താല്പര്യം വർദ്ധിക്കയും പ്രചാരം 3000 പ്രതികൾവരെ ഉയരുകയും ചെയ്തു. ഇതു ഏറ്റവും അഭിനന്ദനാർഹമായ അഭിവൃദ്ധിയാണെന്നു വ്യക്തമാണല്ലൊ.

പത്രാധിപരെ സഹായിക്കുന്നതിനായി ഒരു പത്രാധിപ സമിതിയെ തിരഞ്ഞെടുത്തു നിയമിച്ചിരുന്നുവെങ്കിലും വളരെ വിരളമായ സഹായ സഹകരണങ്ങൾ മാത്രമേ ലഭിച്ചിട്ടു ഏറ്റവുള്ള ഭാരമാത്രം ഞങ്ങൾ മറച്ചുവയ്ക്കുന്നില്ല. മാസിക സംബന്ധിച്ചുള്ള സകല സംഗതികളും പലവിധമായ ഇതര ഏർപ്പാടുകളോടൊപ്പം അദ്ദേഹം തനിച്ചു വഹിച്ചുകൊണ്ടിരിക്കയായിരുന്നു.

സമർത്ഥനായ ഒരു അദ്ധ്യാപകൻ, പ്രഗത്ഭനായ ഒരു വൈ. എം. സി. എ. സെക്രട്ടറി, അനുകരണീയനായ ഒരു ബാലശുശ്രൂഷാസംഘടനാ മിഷ്യനർ, ഉത്തമനായ ഒരു ഇടവക പട്ടക്കാരൻ, ഊർജ്ജസ്വലനായ ഒരു സണ്ടേസ്കൂൾ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ അര ശതാബ്ദകാലം ബഹുമാനപ്പെട്ട ജോണച്ചനു സിദ്ധിച്ചിട്ടുള്ള അനുഭവ പരിചയ സമ്പത്തുകൾ മാസികാ പ്രവർത്തനത്തിൽ അദ്ദേഹത്തിനു സഹായകരമായിരുന്നു. സംഗീത സാഹിത്യ കലകളിൽ അസാധാരണമായ നൈപുണ്യമുള്ള ഒരു അനുഗ്രഹീത വ്യക്തിയാണദ്ദേഹമെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. അദ്ദേഹം രചിച്ചിട്ടുള്ള പാട്ടുപുസ്തകങ്ങളും മറ്റും മഹായിടവകയിൽ ഏവർക്കും പരിചയമുള്ളവയാണല്ലൊ.

മഹായിടവകയുടെ ബഹുമുഖങ്ങളായ പ്രവർത്തനരംഗങ്ങളിൽ അതാതു കാലത്തുണ്ടാകുന്ന സംഭവങ്ങളെ സംബന്ധിച്ചുള്ള വർത്തകളും വിജ്ഞാപനങ്ങളും കേതിസംവർദ്ധകങ്ങളായ ലേഖനങ്ങളും പ്രതിദിന വേദധ്യയനക്കുറിപ്പുകളും സുവിശേഷാലോകനപരമായ ചിന്തകളുംമറ്റും യഥാകാലം ഉൾപ്പെടുത്തി മാസികയെ ആകർഷണീയമാക്കുന്നതിനു അദ്ദേഹം തന്റെ കഴിവുകളെ വിനിയോഗിക്കുന്നതിനു പരമാവധി ശ്രമിച്ചിട്ടുണ്ടെന്നുള്ളതു കൃതജ്ഞതാപുരസ്സരം രേഖപ്പെടുത്തിക്കൊള്ളട്ടെ.

ജീവിതകാലത്തെ കൃത്യാന്തരബാഹുല്യമായ സുദീർഘസേവനത്തിൽനിന്നും വിശ്രമിക്കുവാൻ ഈ മാസികയുടെ പത്രാധിപർസ്ഥാനത്തുനിന്നും വിരമിച്ചു വിശ്രമ ജീവിതസരണിയിൽ പദമൂന്നിയിരിക്കുന്ന ജോണച്ചനവർകൾക്കു സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു. മാസികയുടെ പ്രയോജനകരമായ പുരോഗതിക്കു ഉപയുക്തമായ നിർദ്ദേശങ്ങളും സഹായങ്ങളും ലഭിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

വാർഷികറിപ്പോർട്ടുകൾ

കോട്ടയം, കഞ്ഞിക്കുഴി, കല്ലൂപ്പാറ മലയാളി എന്നീ ഇടവകകളിലെ 1955—56-ലെ വാർഷിക റിപ്പോർട്ടുകൾ നന്നിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു.

കോട്ടയം ഇടവക. മാസത്തിൽ ഒന്നാം ഞായറാഴ്ചതോറും സി. എസ്സ്. എം. ക്രമമനുസരിച്ചുള്ള വിശുദ്ധസംസർഗ്ഗശുശ്രൂഷ നടത്തിപ്പോരുന്നതു ഉചിതമായിരിക്കുന്നു. മറ്റിടവകകളും ഈ രീതി അനുകരിക്കുന്നതു കൊള്ളാം. ചക്കുകമ്മിറ്റിയോഗങ്ങൾ മാസത്തിന്റെ രണ്ടാം ചൊവ്വാഴ്ചതോറും കൂടുവാൻ ക്രമപ്പെടുത്തിയിരുന്നതും അവ നിർവ്വിഘ്നം ക്രമമായി കൂടിയതും അനുകരണീയമത്രെ. ഗായകസംഘത്തിന്റെ ഉത്സാഹവും പരിശ്രമവും അഭിനന്ദനാർഹമായിരിക്കുന്നു. സണ്ടേസ്കൂൾ പിരിവുകൾ മിഷ്യനറിവേലയ്ക്കായി വേർതിരിച്ചു കൊടുക്കുന്ന പതിവു കുട്ടികളെ മിഷ്യനറിതാല്പര്യമുള്ളവരാക്കാൻ നല്ലതുതന്നെ. മിക്ക വന്ദ്യമനങ്ങളിലും—വിശേഷാൽ മാസപ്പിരിവു്, വള്ളിപിരിവു് എന്നീ ഇനങ്ങളിൽ—ഗണ്യമായവർദ്ധനവുണ്ടായിട്ടുണ്ടു്. വിശുദ്ധസംസർഗ്ഗക്കാരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ടു്. ഉത്തരോത്തരം അഭിവൃദ്ധിപ്പെടുന്നതിനുള്ള ആശംസകൾ നല്കികൊള്ളുന്നു.

കഞ്ഞിക്കുഴിഇടവക. എല്ലാ മാസവും കമ്മിറ്റികൂടി കാര്യനിർവ്വഹണത്തിനുദ്യമിച്ചതു നല്ലതാണു്. സ്ഥിതിവിവരകണക്കുകൾ ചേർത്തിരിക്കുന്നതു കൊള്ളാം. സണ്ടേസ്കൂളിൽ ഒന്നാം ഞായറാഴ്ചതോറും മിഷ്യനറി പ്രസംഗങ്ങൾ പറയുന്നതിനു ക്രമപ്പെടുത്തിയിരുന്നതു മിഷ്യനറി പ്രവർത്തനങ്ങളിൽ കുട്ടികൾക്കു കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിനു പര്യാപ്തമാണു്. വടവാതൂർ ചാപ്പൽകാരുടെ ഉപയോഗത്തിനായി മാങ്ങാനം ശവകോട്ട അനുവദിച്ചതു അഭിനന്ദനാർഹമാണു്. സാമ്പത്തിക പുരോഗതിയിൽ ഇടവകയെ അനുമോദിക്കുന്നു. പ്രധാന വന്ദ്യമനങ്ങളുടെ ഒരു താരതമ്യപട്ടിക ചേർക്കുന്നതു നന്നായിരിക്കും. "വിശുദ്ധസംസർഗ്ഗക്കാരുടെയും ഞായറാഴ്ച ശുശ്രൂഷകളിൽ സംബന്ധിക്കുന്നവരുടെയും എണ്ണം കുറഞ്ഞുപോയിട്ടുണ്ടു്" എന്നറിയുന്നതിൽ ഖേദിക്കുന്നു. മഹായിടവകയുടെ തലസ്ഥാനത്തുള്ള ഇടവകൾ മാതൃകകളായിരിക്കണമല്ലൊ. പുതുവർഷപ്രവർത്തനത്തിനുള്ള ആശംസകൾ അറിയിച്ചുകൊള്ളുന്നു.

കല്ലൂപ്പാറ മലയാളി ഇടവക. വൈവസായിക വാണിജ്യാദികാര്യങ്ങളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഈ വൻനഗരത്തിൽ 25 കുടുംബങ്ങളടങ്ങിയ ഈ 'ചെറിയ' ഇടവക സാധിച്ച

'വൻ'കായ്ക്കൽ അഭിനന്ദനാർഹംതന്നെ. വാർഷിക സോക്ക്യൽ, പിക് നിക് മുതലായവ വിജയകരമായി നടത്തപ്പെട്ടു. സണ്ടേസ്ക്കൂൾ, ആഭ്യന്തരം, വീട്ടുപ്രാർത്ഥന മുതലായി സ്വദേശത്തെപ്പോലെയുള്ള സംരംഭങ്ങൾ ഈ ഇടവകയുടെ പ്രവർത്തന പരിപാടിയിൽ ഉൾപ്പെട്ടിരുന്നു. പുതുവർഷത്തേക്കു ഭാവുകങ്ങൾ ആശംസിച്ചുകൊള്ളുന്നു.

വാർത്തകളും കുറിപ്പുകളും

ഒരു അനുകരണീയ നടപടി. ആഗസ്റ്റുമാസം 11നു- കഞ്ഞിക്കുഴി ഇടവകശാലയിൽ കൂടിയ കോട്ടയം ഡിസ്ട്രിക്ട് ചക്കുകൌൺസിൽ അവരുടെ ചുമതല കായ്ക്കുക്ഷമമായി നിവൃഹിച്ചു പോകുന്നതിനു വേണ്ട ചില നടപടികൾ ഏടുത്തിട്ടുള്ളതായറിയുന്നു. ഡിസ്ട്രിക്ടിലുള്ള വസ്തുക്കളുടെ അന്വേഷണത്തിനായി അഞ്ചു പേരടങ്ങിയ ഒരു കമ്മറിയെ തിരഞ്ഞെടുത്തിട്ടുണ്ട്. വസ്തു സംബന്ധമായ പ്രശ്നങ്ങളുള്ള സ്ഥലങ്ങളിൽ ആവശ്യാനുസരണം ചെന്നു സഹായിക്കുകയാണ് ഈ കമ്മറിയുടെ ചുമതല. ഇവരുടെ യാത്രച്ചെലവിനും ഡിസ്ട്രിക്ട് സണ്ടേസ്ക്കൂൾ സെക്രട്ടറി, ഡിസ്ട്രിക്ട് മാതൃസംഘ സന്ദർശക മുതലായി ഡിസ്ട്രിക്ട് ലെവലിൽ പ്രവർത്തിക്കുന്നവരുടെ സഞ്ചാരാവശ്യങ്ങൾക്കുമായി ഒരു "ഡിസ്ട്രിക്ടുകൌൺസിൽ സ്പെക്ക്യൂൽ ഫണ്ട്" ഉണ്ടാക്കണമെന്നു തീരുമാനിക്കുകയും അതിലേക്കു സഞ്ചരിക്കുന്ന പ്രായപൂർത്തിയുള്ള ഇടവകകൾ കേന്ദ്രഫണ്ടിന്റെ ഒരു ശതമാനവും മറ്റു ഇടവകകൾ ഗ്രാന്റിന്റെ ഒരു ശതമാനവും വീതം ഡയോസിസൻ ആപ്പീസിൽ അടയ്ക്കണമെന്നു നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിസ്ട്രിക്ട കൌൺസിലും മഹായിടവകയെപ്പറ്റിയുള്ള പൊതുവായ വീക്ഷണം നഷ്ടപ്പെടുത്താതെ അതതു ഡിസ്ട്രിക്ടിനാവശ്യമായ കായ്ക്കങ്ങൾ ഇപ്രകാരം നിവൃഹിക്കുന്നതു പുരോഗതിക്കു സഹായകരമായിരിക്കും.

ഡയോസിസൻ ഗായക സംഘടന. മദ്ധ്യതിരുവിതാംകൂർ ഡയോസിസൻ കോറിസ്റ്റേഴ്സ് അസോസിയേക്ഷൻ സെക്രട്ടറി മി. മാണി കെ. മാണിയും ഉപാദ്ധ്യക്ഷൻ മി. ജോജ്ജ് എം. കോശിയും കഴിഞ്ഞ രണ്ടു മാസങ്ങളിലായി കാനം, മല്ലപ്പള്ളി, പള്ളം, കോടുകുളഞ്ഞി എന്നീ ഇടവകകൾ സന്ദർശിച്ചു അവിടെയുള്ള ഗായകസംഘങ്ങളുടെ നില മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങൾ നല്കുകയും സ്വരപരിശീലനം നടത്തുകയും പാട്ടുകൾ പഠിപ്പിക്കുകയും ചെയ്തു. ഇവരുടെ സന്ദർശനം ഗായക സംഘങ്ങൾക്കു ഉത്സാഹം വർദ്ധിപ്പിക്കുന്നതിനു കാരണമായിട്ടുണ്ടെന്നു അറിയുന്നതിൽ സന്തോഷിക്കുന്നു. ആവശ്യപ്പെടുന്നതനുസരിച്ചു മറ്റു ഗായക സംഘവും സന്ദർശിച്ചു സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനു ഇവർ സന്നദ്ധരാണെന്നു സെക്രട്ടറി അറിയിച്ചിരിക്കുന്നു.

ഒരു സംഗീത ഫിലിം. ഡയോസിസൻ കോറിസ്റ്റേഴ്സ് അസോസിയേക്ഷന്റെ ആഭിമുഖ്യത്തിൽ മോസേനപ്പള്ളി ഇടവകശാലയിൽവച്ചു ആഗസ്റ്റുമാസം 16നു- അമേരിക്കൻ ഇൻഫൊർമേക്ഷൻ സർവ്വീസുകാർ ഒരു സംഗീതഫിലിം കാണിക്കയുണ്ടായി. കോട്ടയത്തും പരിസരങ്ങളിലുമുള്ള ഗായകസംഘാംഗങ്ങൾ എല്ലാവരുംതന്നെ അതു കാണുകയും കേൾക്കുകയും ചെയ്തു. മഹായിടവകയുടെ മറ്റു ഭാഗങ്ങളിലും ഈ ഫിലിം കാണിക്കുന്നതിനു സൌകര്യപ്പെടുത്തുമോ എന്നു അന്വേഷിച്ചുവരുന്നു. സംഗീതപ്രേമികൾക്കു വിജ്ഞാനപ്രദമായ ഒരു പരിപാടിയാണ് ഈ ഫിലിം പ്രദർശിപ്പിക്കുന്നതു്.

കപ്പയാർ മാസ്റ്റേഴ്സ് ക്ലാസ്സ്

ഡയോസിസൻ കോറിസ്റ്റേഴ്സ് അസോസ്യേക്ഷന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 19-ാം 20-ാം തിയതികളിൽ മോസനപ്പള്ളി ഇടവകശാലയിൽവച്ചു ഒരു കപ്പയാർമാസ്റ്റേഴ് ക്ലാസ്സ് നടത്തപ്പെട്ടു. അസോസ്യേക്ഷൻ പ്രസിഡണ്ട് റവ. സി. ഐ. ഏബ്രഹാം സന്നിഹിതരായിരുന്നവർക്കു സ്വാഗതം പറകയും പല ഇടവകകളിൽനിന്നും ഗായകസംഘ നായകന്മാർ സന്നിഹിതരായിരുന്നതിൽ ചാരിതാർത്ഥ്യം പ്രകാശിപ്പിക്കുകയും ചെയ്തു. സെക്രട്ടറി മി. മാണി കെ. മാണിയുടെ പ്രാരംഭ പ്രസംഗത്തിനു ശേഷം കതീഡ്റൽ കപ്പയാർ മാസ്റ്റർ മി. ജോജ്ജ് എം. കോശി തന്റെ സ്വതസിദ്ധമായ വൈദഗ്ദ്ധ്യത്തോടുകൂടെ പാട്ടുകൾ തിരഞ്ഞെടുക്കേണ്ട രീതി, ഗായകസംഘത്തെ അഭ്യസിപ്പിക്കുന്ന വിധം, യോക്തികരമായ സ്വരത്തിൽ പാടേണ്ടതിന്റെ ആവശ്യകത, രാഗം, താളം, സ്വരമാധുര്യം എന്നിവയിൽ വൈദഗ്ദ്ധ്യം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ദൃശ്യസംഗീതത്തിന്റെ അടിസ്ഥാന തത്വങ്ങൾ എന്നിവ സോദാഹരണം പ്രായോഗികമായ വിധത്തിൽ അഭ്യസിപ്പിച്ചു.

പഠിതാക്കൾക്കു നവീനവും വിശാലവുമായ ഒരു സംഗീത രസാനുഭവം ഉളവാകത്തക്ക വിധത്തിലുള്ള ക്ലാസ്സുകൾ തുടങ്ങിയിരുന്നു നടത്തപ്പെട്ടതു്. ഭ്രോസനപ്പള്ളി ഗായകസംഘത്തിന്റെ പരിശീലനം നല്ല സാധനപാഠമായി ഭവിച്ചിട്ടുണ്ടു്. 13 ഇടവകകളിൽനിന്നു 30 പേർ ക്ലാസ്സിൽ സംബന്ധിച്ചിരുന്നു. ഇനിയും ഇപ്രകാരമുള്ള ക്ലാസ്സുകൾ നടത്തണമെന്നുള്ള അഭ്യർത്ഥനയോടുകൂടെ എല്ലാവരും കൃതജ്ഞതാനിർഭരരായി പിരിഞ്ഞുപോയി. ഒരു പഠിതാവു്.

പൊൻകുന്നംസഭയുടെ തന്നാണ്ടത്തെ വാർഷികയോഗം ആഗസ്റ്റു മാസം 12നു ശുശ്രൂഷകഴിഞ്ഞു സ്ഥലത്തെ മേടവാലയത്തിൽവച്ചു റവ. ഏബ്രഹാം കോശി അച്ചൻ അവർകളുടെ അദ്ധ്യക്ഷതയിലും റവ. എൻ. എം. കോശൂ അച്ചന്റെ സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു. അദ്ധ്യക്ഷന്റെ പ്രാർത്ഥന, ഉപക്രമപ്രസംഗം ഇവകഴിഞ്ഞു മി. എൻ. ററി. തോമസ് തന്നാണ്ടത്തെ വരവുചെലവുകണക്കും, റിപ്പോർട്ടും സമർപ്പിച്ചുകൊണ്ടും കമ്മിറ്റി അംഗങ്ങളായ മെസ്സേഴ്സ് കുര്യൻ മാണി, എ. പി. ഫിലിപ്പു ബി. എ. ബി. ററി. മുതലായവരുടെ സേവനസന്നദ്ധതയെ ചൂണ്ടിക്കാണിച്ചുകൊണ്ടും ഒരു പ്രസംഗം ചെയ്തു. സ്ഥലത്തെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചും ഈ യോഗത്തിൽ സംബന്ധിപ്പാൻ ഇടയായ സന്തോഷത്തെ പ്രസ്താവിച്ചുകൊണ്ടും അദ്ധ്യക്ഷൻ അവർകൾ വിജ്ഞാനപ്രദമായ ഒരു ഉപസംഹാരപ്രസംഗം നടത്തി. പ്രാർത്ഥന, ആശീർവ്വാദം ഇവ കഴിഞ്ഞു യോഗം മംഗളമായി അവസാനിച്ചു.

എൻ. ററി. തോമസ്.

ഒരു ധ്യാനയോഗം. കണ്ണിക്കൽ ഇടവകയിലെ എല്ലാ സഭയിലെയും ചുച്ചുകമ്മിറ്റി അംഗങ്ങൾ, ഇടവകകമ്മിറ്റി അംഗങ്ങൾ, പ്രവർത്തകർ എന്നിവർക്കായി ജൂലായി 28നു ശനിയാഴ്ച കണ്ണിക്കൽപള്ളിയിൽവച്ചു് ഒരു ധ്യാനയോഗം മേലുകാവു ഇടവകപ്പട്ടക്കാരൻ റവ. ജേക്കബുവർഗീസ് അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. രാവിലെ 11. 30 മണിക്കു വിശു. സംസർഗ്ഗവും പ്രസംഗവുംകൊണ്ടു ധ്യാനയോഗം ആരംഭിച്ചു. വിഷയം തെരഞ്ഞെടുപ്പും, ദൈവോദ്ദേശ്യം, സമർപ്പണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി മൂന്നു പ്രസംഗങ്ങൾ നടത്തപ്പെട്ടതു വളരെ പ്രയോജനകരമായിരുന്നു. കൂടാതെ റവ. ഐ. സി. കുര്യൻ അച്ചന്റെ അദ്ധ്യക്ഷതയിൽ സഭാപ്രവർത്തനവും അന്നായശുശ്രൂഷകളും എന്ന വിഷയം ആസ്പദമാക്കി ഒരു ചർച്ചാസമ്മേളനവും നടത്തി. ഓരോ സഭയിലും പ്രാർത്ഥനാകൂട്ടങ്ങൾ രൂപീകരിച്ചു സഭാപ്രവർത്തനങ്ങളിൽ അയ്യേനി അംഗങ്ങളെ തല്പരരാക്കേണമെന്നും വർഷന്തോറും ഇതുപോലെ ഒരു ധ്യാനയോഗമെങ്കിലും നടത്തണമെന്നും തീരുമാനിച്ചു. പ്രാർത്ഥനാവാരത്തോടനുബന്ധമായി പ്രാർത്ഥന പ്രസംഗം എന്നിവയോടുകൂടി രാത്രി 10. 30 മണിക്കു ധ്യാനയോഗം സമംഗളം പര്യവസാനിച്ചു. P. E. J.

ഔഷധങ്ങളും അവയുടെ ഉചിതമായ ഉപയോഗവും 1.

അൺഖീജുങ്ങൾ രോഗമുണ്ടാക്കുന്നതെങ്ങനെ?

(ഡോ. ക്ലെയർ തോംസൺ)

ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ പ്രിവൻറീവു മെഡിസിൻ കമ്മിറ്റി പ്രസിദ്ധപ്പെടുത്തുന്നതു.

'എനിക്കു നല്ല മരുന്നു നല്കുക ; എന്നെ കുത്തിവയ്ക്കുക' എന്നു ജനങ്ങൾ ഡോക്ടറന്മാരോടു സാധാരണ പറയാറുണ്ടു. ഒരു സൂചിവഴി ശരീരത്തിൽ പ്രവേശിപ്പിക്കുന്ന ഔഷധം കഴിക്കുന്ന ഔഷധത്തെക്കാൾ മെച്ചമെന്നു ജനങ്ങൾ വിചാരിക്കുന്നതായി തോന്നുന്നു. ഏതെങ്കിലും വിധത്തിലുള്ള ഒരു കുത്തിവയ്പ്പു സുഖം നല്കുമെന്നും അവർ വിശ്വസിക്കുന്നു. ഈ രണ്ടു ആശയഗതികളും തെറ്റാണു. ശരീരത്തിൽ ഔഷധം കടത്തുന്ന മാർഗ്ഗമല്ല, പിന്നെയോ, അതതു രോഗങ്ങളെ നേരിടുന്നതിനു പറ്റിയ ഔഷധമാണോ, എന്നുള്ളതാണു പ്രധാന പ്രശ്നം. പല രോഗങ്ങളുടെയും കാരണങ്ങളും പ്രതിവിധികളും ഇക്കാലത്തു കണ്ടുപിടിച്ചി

ട്ടുണ്ട്. ചിലതു ഇനിയും കണ്ടു പിടിക്കപ്പെടേണ്ടതായി അവശേഷിക്കുന്നു. നമുക്കു എന്തു മരുന്നാണാവശ്യമുള്ളതെന്നും എങ്ങനെയാണതുപയോഗിക്കേണ്ടതെന്നുമുള്ള ഡോക്ടറന്മാരുടെ ഉപദേശം നാം സ്വീകരിക്കുന്നില്ലെങ്കിൽ നാം ഭോഷന്മാരാണു. ഒരു കാലത്തു മലേറിയ സുഖപ്പെടുത്തുന്നതിനുള്ള ഏക ഔഷധം കപ്പയിനാ മാത്രമായിരുന്നു. ഇപ്പോൾ പലതരം ഗുളികകൾ കൊടുത്തു ആ രോഗം സുഖപ്പെടുത്തുന്നുണ്ടു. തന്നിമിത്തം കപ്പയിനാ കുത്തിവെപ്പു് ഇപ്പോൾ വിരളമാണു. അതിസാരജ്വരം കുത്തിവെപ്പുകൊണ്ടു തടയാവുന്നതാണു. എന്നാൽ ഒരു പൊടി ശരിയായ അളവിൽ നിശ്ചിതസമയം ഇടവിട്ടു ഉപയോഗിച്ചാൽ മാത്രമേ അതു സുഖപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

ഔഷധങ്ങളുടെ ശരിയായ ഉപയോഗം മനസ്സിലാക്കുന്നതിനു വിവിധ രോഗങ്ങളുടെ കാരണങ്ങളെപ്പറ്റിയും, അവയെ തടയുന്നതിനും സുഖപ്പെടുത്തുന്നതിനുള്ള വഴി കണ്ടു പിടിച്ചതെങ്ങനെയാണെന്നതിനെപ്പറ്റിയും അറിഞ്ഞിരിക്കുന്നതു സഹായകമാണു. ഈ വിഷയങ്ങളെപ്പറ്റി അടുത്ത അഞ്ചു ലേഖനങ്ങളിൽ പ്രതിപാദിക്കുന്നതായിരിക്കും.

അണുബീജങ്ങൾ. പല രോഗാണുക്കളും വൈറസും (അതിസൂക്ഷ്മങ്ങളായ രോഗാണുക്കൾ) തികച്ചും നിരുപദ്രവകരങ്ങളാണെങ്കിലും മറ്റു ചിലതു രോഗങ്ങൾ ഉണ്ടാക്കുന്നു. അവ ഒരാളിൽനിന്നും മറ്റൊരാളിലേക്കും തലമുറ പലരിലേക്കും രോഗം പകർത്തുന്നു. അപ്രകാരമുള്ള ചില രോഗങ്ങളാണു ക്ഷയം, സൂതികാവാതം, വില്ലൻചുമ, ജലദോഷം, മസൂരി, കുഷ്ഠം, കോളറാ, വയറുകടി, ചിക്കൻ, കണ്ണുരോഗം, നീർവീഴ്ച, പേ, ടൈറുനസ്, മുതലായവ. രോഗാണുക്കളും വൈറസും എല്ലായിടത്തുമുണ്ടു. വായുവിലും പൊടിയിലും വസ്ത്രത്തിലും ശരീരത്തിലും എന്നു മാത്രമല്ല ശരിക്കു സൂക്ഷിക്കാത്തപക്ഷം നമ്മുടെ ഭക്ഷണപാനീയങ്ങളിലും അവ ഉണ്ടായിരിക്കും. അവ നമുക്കു കാണുവാൻ കഴിയാത്തവണ്ണം ചെറുതാണെന്നുള്ളതാണു വിഷമപ്രശ്നം. നാം അവയെപ്പറ്റി ഗൗനിക്കുക പോലും ചെയ്യുന്നില്ല. കൂടാതെ അവ നിസ്സാരങ്ങളെന്നും നാം വിചാരിക്കുന്നു. വിവിധ രോഗാണുക്കളെ നമുക്കു തിരിച്ചറിയാവുന്നതാണു. രോഗാണുക്കളെ ആയിരമിരട്ടി വലുതാക്കികാണിക്കുന്ന ഭൂതക്കണ്ണാടിയിൽകൂടി നോക്കുമ്പോൾ അവ ഒരു മൊട്ടസൂചിയുടെ മൊട്ടിനേക്കാൾ ചെറുതാണെന്നു കാണാവുന്നതാണു. വൈറസു അതിനെക്കാൾ അതിസൂക്ഷ്മമാണു. രോഗാണുക്കളും വൈറസും അതിവേഗത്തിൽ പെരുകുന്നു. അവ ഒരു നിശ്ചിതവലിപ്പത്തിൽ വരുമ്പോൾ രണ്ടായി പിളർക്കപ്പെടുന്നു. ഇപ്രകാരം അവ അല്പസമയത്തിനുള്ളിൽ കോടിക്കണക്കിനു പെരുകുന്നു. ഈ അസംഖ്യം രോഗാണുക്കൾ വിസൃജിക്കുന്ന വിഷമാണു രോഗമുണ്ടാക്കുന്നതു. മനുഷ്യശരീരം പ്രതിരോധശക്തി രഹിതമല്ല. രക്തത്തിലുള്ള ശ്വേതാണുക്കൾക്കു അപായകരമായ രോഗാണുക്കളോടു ഏറ്റുമുട്ടുന്നതിനും പെട്ടെന്നു പെരുകുന്നതിനും കഴിയും. ഏതാണ്ടു ഒരുതരം സമരമാണു ശരീരത്തിൽ നടക്കുന്നതു. ശ്വേതാണുക്കൾ ജയിക്കുന്നപക്ഷം ആ വ്യക്തിക്കു സുഖമാകുന്നു. രോഗാണുക്കളുടെ വിജയിക്കുന്നതെങ്കിൽ അയാൾക്കു രോഗവും ഒരു പക്ഷെ മരണവും ഉണ്ടാകുന്നു. രോഗാണുക്കളെ ഔഷധം തടയുന്ന മൂന്നു മാർഗ്ഗങ്ങളാണു താഴെച്ചേർക്കുന്നതു.

1. രോഗാണുക്കൾക്കെതിരായ പ്രതിരോധനശക്തി അവ വർദ്ധിപ്പിക്കുന്നു.
2. ശരീരത്തിലേയ്ക്കുള്ള സജീവരോഗാണുക്കളുടെ പ്രവേശനത്തെ അവ തടയുന്നു
3. ശരീരത്തിൽ കടന്ന രോഗാണുക്കളുടെ വളർച്ചയെ തടഞ്ഞു ഇല്ലാതാക്കുന്നു.

അടുത്ത ഏതാനും ലേഖനങ്ങളിൽ ഔഷധങ്ങളുടെ കണ്ടുപിടിത്തത്തെപ്പറ്റിയും, രോഗാണുക്കൾക്കെതിരെയുള്ള അവയുടെ വിജയപ്രദമായ സമരത്തെപ്പറ്റിയും അവ അനേകരുടെ ജീവരക്ഷോപാധിയായിത്തീർന്നതിനെപ്പറ്റിയും പ്രതിപാദിക്കുന്നതാണു.

തർജ്ജമ

കെ. വി. മാമ്മൻ, ബി. എ.

മാങ്ങാനം ക്രൈസ്തവാശ്രമം

ഒരു പ്രസ്താവന

ക്രൈസ്തവാശ്രമം കേസ്സിനെ സംബന്ധിച്ചു ജ്ഞാനനിക്ഷേപത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്താവന ഞാൻ വായിച്ചു. ക്രൈസ്തവാശ്രമത്തിന്റെയും ബാലഗ്രാമത്തിന്റെയും പേരിൽ അനേകായിരം കം. മാങ്ങാനത്തു ചെലവാക്കിയിട്ടുണ്ട്. ആരംഭത്തിനുശേഷം പതിനഞ്ചിലധികം കൊല്ലങ്ങളായി അനേകായിരം കം. ഈ രാജ്യത്തിൽനിന്നും അമേരിക്ക മുതലായ രാജ്യങ്ങളിൽനിന്നും പിരിച്ചിട്ടുണ്ട്. ഇപ്പോഴും അങ്ങനെ പിരിച്ചുകൊണ്ടിരിക്കയാണ്. സി. എസ്സ്. ഐ. സഭയിലെ ഒരു പട്ടക്കാരനായിരുന്ന മരിച്ച ജോബച്ചന്റെ പേരിലാണ് സ്വത്തുക്കൾ മിക്കവാറും വാങ്ങിയിട്ടുള്ളതു്. ഈ സ്ഥാപനങ്ങളും സ്വത്തുക്കളും സഭയുടെ ചുമതലയിൽ പെട്ട ഒരു ട്രസ്റ്റഡ് ആണോ അതോ സാധുത്തായി, കെ. കെ. ചാണ്ടി, വേറെ ഒന്നുരണ്ടു പേർ, അവരുടെ ടീയ്യമ്മർ, മക്കൾ മുതലായവർക്ക അവകാശപ്പെട്ടതാണോ എന്നാണ് കേസ്സിലെ പ്രധാന വാദവിഷയം. സഭയുടെ ചുമതലയിലുള്ള ഒരു സ്ഥാപനമാണെങ്കിൽ സഭാകൌൺസിലിന്റെ തീരുമാനം എല്ലാവരും അംഗീകരിക്കേണ്ടതാണ്. ഞാൻ അതിനു ഒരുക്കമാണ്. സഭയുടെ ചുമതലയിൽപ്പെട്ടതല്ലെങ്കിൽ ഈ രാജ്യത്തെ ഒരു പൌരന്റെ നിലയിൽ നിയമവും നീതിയും പരിപാലിക്കാനും അനേകർ വഞ്ചിതരാവാതിരിക്കാനും ഞാൻ കൊടുത്തിട്ടുള്ള ടി കേസ്സിൽ സഭയോ ബിഷോപ്പുതിരുമേനിയോ നിർവ്വ്യാജം കാണിക്കുന്നതു ശരിയായിരിക്കയില്ല. എന്നു മാത്രമല്ല മരിച്ചുപോയ ഒരാളുടെ പേരിലുള്ള സ്വത്തുക്കളുടെ സ്വഭാവവും അവകാശവും നിശ്ചയിക്കുവാൻ ഒരു സിവിൽ കോടതിയിൽക്കൂടെയല്ലാതെ വേറെ മാർഗ്ഗമില്ലെന്നും ഓർക്കേണ്ടതുകൂടെന്നു.

ജോൺ ധർമ്മരീത്തൻ.

[മേലാൽ ഇപ്രകാരം വിവാദവിഷയങ്ങൾക്കു മാസികയിൽ സ്ഥലം അനുവദിക്കുന്നതല്ല—പത്രാധിപർ]

അമേരിക്കൻ പ്രോട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ സഭാഡെലിഗേഷൻ മഹായിടവകസന്ദർശനം

അമേരിക്കയിലെ പ്രോട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ (ആംഗ്ലിക്കൻ) സഭ 1955 സെപ്തംബറിൽ ഫൊണോമൂലുവിൽ സമ്മേളിച്ച അതിന്റെ ജനറൽ കൺവൻഷ്യൻ നിശ്ചയപ്രകാരം ഭക്ഷിണേന്ത്യസഭ (സി. എസ്സ്. ഐ.) യെക്കുറിച്ചു പഠിപ്പാനും അപ്പോഴപ്പോൾ അമേരിക്കൻ ജനതയ്ക്കും അമേരിക്കൻ മഹായിടവകകൾക്കും ഇടവകകൾക്കും ഈ സഭയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുവാനും നിയമിച്ച അഞ്ചംഗ കമ്മിറ്റി അംഗങ്ങൾ ആഗസ്റ്റ് മദ്ധ്യംമുതൽ സെപ്തംബർ മദ്ധ്യംവരെ ഒരു ഭക്ഷിണേന്ത്യൻ പര്യടനം നടത്തുക. ഈ ഡെലിഗേഷൻ അംഗങ്ങൾ ഫിലിപ്പൈൻസിലെ മിഷ്യനറി ബിഷോപ്പു റൈറ്റ റവ. നോർമൻ സ്റ്റെൻസർ ബിൻസ്റ്റെഡ്, മിസ്സൂറി ബിഷോപ്പു റൈറ്റ റവ. ആർതർ കാലിച്ചൻ ബോർഗർ, പ്രിൻസ്റ്റൻ ടിനിറ്റി പള്ളി, റെക്ടർ റവ. ജോൺ പേർണൻ ബട്ലർ, മസ്സാച്ചുസെറ്റ്സ് ക്രൈസ്റ്റചർച്ച് റെക്ടർ റവ. ഗാർഡിനർ മംഫോർഡ് ഡെയ്, ന്യൂയോർക്കിലെ ഒരു പ്രസിദ്ധ പ്രസിദ്ധികരണസംസ്ഥത്തിന്റെ ഉപാദ്ധ്യക്ഷൻ ഡോക്ടർ ക്ലിഫോർഡ് ഫെൽപ്സ് മോർഹൌസ് എന്നിവരാണു. ഇവരിൽ ബിഷോപ്പു ബിൻസ്റ്റെഡും ഡോക്ടർ ഡെയും നമ്മുടെ മഹായിടവക സന്ദർശിക്കുന്നതിനുമുമ്പേ സന്ദർശിച്ചിരുന്നെങ്കിലും ബിഷോപ്പു രോഗബാധിതനായി പോയതിനാൽ പകരം നിയോഗിതനായ ഡോക്ടർ മോർഹൌസും റവ. ഡെയും ആഗസ്റ്റ് മാസം 30നു- വ്യാഴാഴ്ച വൈകിട്ടു ബിഷോപ്പ്സ് ഹൌസിൽ വന്നുചേർന്നു. വെള്ളിയാഴ്ച മേലുകാവു സന്ദർശിക്കുകയും അവിടെവച്ചു നടത്തപ്പെട്ട സ്ഥിരീകരണ വിശുദ്ധസംസ്കൃശ്രൂഷ്ക്കകൾ കാണുകയും ചെയ്തു. ശനിയാഴ്ച രാവിലെ കതീഡ്രലിൽവച്ചു നടത്തപ്പെട്ട ശ്രീ കെ. സി. മാത്തു എം. എസ്സ്സി. യുടെ പട്ടംകൊടുക്കൂശ്രൂശ്രൂക്കയിൽ സംബന്ധിച്ചു ഉച്ചതിരിഞ്ഞു മൂന്നര മണിക്കു ബിഷോപ്പ്സ ഹൌസിൽവച്ചു കേരളത്തിലെ വിവിധ സിറിയൻ സഭാവിഭാ

ഗങ്ങളിലെ ബിഷോപ്പന്മാരെ സന്ദർശിക്കുന്നതിനുദ്ദേശിച്ചു ഒരുക്കപ്പെട്ടിരുന്ന ചായസല്ക്കാരത്തിൽ സംബന്ധിക്കുകയും തുടർന്നു മഹായിടവകയിലെ പ്രതിനിധികൾക്കായി ബിഷോപ്പതിരുമനസ്സുകൊണ്ടു സജ്ജമാക്കിയിരുന്ന ഗാർഡൻ പാർട്ടിയിൽ പങ്കെടുക്കുകയും ചെയ്തു.

ഞായറാഴ്ച ജലവലയിതമായ കുമരകം, സ്തീപ്രവർത്തനകേന്ദ്രമായ ബഥേൽ, ഉപസകേളിലൊന്നായ കുന്നന്താനം, സി. എൻ. ബൈബിൾസ്കൂൾ, തോലശ്ശേരി ഊമബധിരവിദ്യാലയം എന്നീ പ്രവർത്തനകേന്ദ്രങ്ങൾ സന്ദർശിച്ചശേഷം തിങ്കളാഴ്ച ദക്ഷിണതിരുവിതാംകൂർ മഹായിടവകയിലേക്കു പോയി.

'സി. എസ്സ്. ഐ.' എന്ന ആധുനികലോകത്തിലെ മഹാപരീക്ഷണം അമേരിക്കൻ ജനതയിൽ ഉളവാക്കിയ ജിജ്ഞാസയും താല്പര്യവുംമൂലം ഈ സഭയെ നേരിട്ടു കണ്ടു അമേരിക്കൻ ജനതയ്ക്കു വേണ്ട അറിവു നൽകുന്നതിനു വന്ന ഈ ഡെലിഗേഷൻ സെപ്തംബർ 14നു വരെ ദക്ഷിണേന്ത്യൻസഭയിലെ വിവിധ മഹായിടവകകൾ സന്ദർശിക്കുകയും സെപ്തംബർ 14 മദ്രാസ് ക്രിസ്ത്യൻ കോളേജിൽ സമ്മേളിക്കുന്ന സി. എസ്സ്. ഐ. സിനഡു എക്സിക്യൂട്ടീവു കമ്മിറ്റിയുടെ മീറ്റിങ്ങിൽ സംബന്ധിക്കുകയും ചെയ്തതിനുശേഷം ഫിലിപ്പൈൻസുവഴി അമേരിക്കയിലേക്കു മടങ്ങിപ്പോകുന്നതാണു.

മദ്ധ്യതിരുവിതാംകൂർ മഹായിടവകയിലെ സ്വീകരണവും വേലയുടെ പുരോഗതിയും ഡെലിഗേഷൻ അംഗങ്ങളിൽ വളരെ സംതൃപ്തി ഉളവാക്കിയിട്ടുണ്ടെന്നു അവർ പ്രസ്താവിക്കയുണ്ടായി.

അമേരിക്കൻ ഡെലിഗേഷന്റെ ബഹുമാനാർത്ഥം ബിഷോപ്പ്സ് ഹൌസിൽ നടത്തപ്പെട്ട ഉദ്യാനവിരുന്നു

ദക്ഷിണേന്ത്യസഭ സന്ദർശിക്കുന്ന അമേരിക്കൻ പ്രോട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ ഡെലിഗേഷൻ അംഗങ്ങളിൽ നമ്മുടെ മഹായിടവക സന്ദർശിച്ച റവ. ജി. എം. ഡെയ് ഡോക്ടർ സി. പി. മോർഹൌസു എന്നീ പ്രശസ്താതിഥികളുടെ ബഹുമാനാർത്ഥം ബിഷോപ്പ്സ് ഹൌസിൽവച്ചു സെപ്തംബർ 1നു വൈകിട്ടു ഒരു ഉദ്യാനവിരുന്നു നല്കപ്പെട്ടു. മഹായിടവകയുടെ വിവിധഭാഗങ്ങളിൽനിന്നും ഏകദേശം നൂറോളം സ്ത്രീപുരുഷന്മാർ സംബന്ധിച്ചിരുന്നു. ബിഷോപ്പു തിരുമനസ്സുകൊണ്ടു അതിഥികൾക്കു സ്വാഗതം പറകയും മഹായിടവകയുടെ സംഖ്യാബലം രേഖാക്രമീകരണങ്ങൾ എന്നിവ വിവരിച്ചുകൊടുക്കുകയും ചെയ്തു. 1000 ആളുകൾക്കു ഒരു പ്രെസ്ബിറ്റർ വീതം ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടെ പ്രവർത്തിച്ചുവരികയാണെന്നും കഴിഞ്ഞവർഷം 15-ഉം ഇപ്പോൾ 12-ഉം വൈദിക വിദ്യാർത്ഥികൾ വിവിധസെമിനാരികളിൽ പഠിക്കുന്നുണ്ടെന്നും ഒരു വിദ്യാർത്ഥിക്കു പ്രതിവർഷം 1000 രൂപായോളം ചെലവു വരുന്നുണ്ടെന്നും അതിൽ പകുതിയോളം മഹായിടവകയിൽനിന്നുണ്ടാകുന്നുണ്ടെങ്കിലും ബാക്കി വെളിയിൽനിന്നും മറുമുഖമാനങ്ങൾ കൊണ്ടാണു ലഭിച്ചുവരുന്നതെന്നും പ്രസ്താവിച്ചു. ലോകത്തിലേക്കും മോശമായ ശമ്പളംപറ്റിക്കൊണ്ടു ഇവിടെ പ്രവർത്തിച്ചുപോരുന്ന സഭാപ്രവർത്തകർ പട്ടക്കാർ എന്നിവർക്കു സി. എസ്സ്. ഐ. സിനഡ് അംഗീകരിച്ചിട്ടുള്ള രീതിയിൽ ശമ്പളം കൊടുക്കണമെങ്കിൽ ഇപ്പോൾ പ്രതിവർഷം രണ്ടരലക്ഷം രൂപാ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഇടവകകൾ അവരുടെ വരുമാനം മൂന്നരലക്ഷം ആക്കിയെങ്കിൽ മാത്രമേ സാധിക്കയുള്ളുന്നും തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചു. മിസ്സസ്സ് ഐ. കുയ്ൻ മഹായിടവകയിലെ സ്ത്രീപ്രവർത്തനത്തെ ക്രോഡീകരിച്ചു ഒരു ലഘുപ്രസംഗം പറകയും സിസ്റ്റർ അന്നബെല്ലമിൽ ബി. എം. സ്കൂൾ മുഖാന്തരം ചെയ്യപ്പെടുന്ന മിഷനറി സഹായപ്രയത്നങ്ങളെ വിവരിക്കുകയും ചെയ്തു.

റവ. ഡെയ് മറുപടി പ്രസംഗത്തിൽ അമേരിക്കയിലെ സാധാരണക്കാരനു സി. എസ്സ്. ഐ. യെപ്പറ്റി വളരെ ഒന്നും അറിയാൻ പാടില്ലാത്തതിനാൽ ഈ സഭയെപ്പറ്റി പഠിച്ചു

സി. എസ്സ്. ഐസ്സ്യ ലോകത്തിനു നൽകുവാൻ കഴിഞ്ഞിട്ടുള്ള നായകത്വത്തെ അവരെ വിശേഷമായി ഗ്രഹിപ്പിക്കുന്നതിനാണു ഡെലിഗേഷ്യൻ വന്നിട്ടുള്ളതെന്നും ഇന്ത്യൻ ആരോഗ്യമന്ത്രി രാജകുമാരി അമൃതകൌർ, പ്രധാനമന്ത്രി ശ്രീ ജവഹർലാൽ നെഹറു എന്നിവരെ സന്ദർശിക്കുന്നതിനും ഇന്ത്യയുടെ മഹത്തായ നേട്ടങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനും സാധിച്ചതിൽ സന്തോഷിക്കുന്നുണ്ടെന്നും പ്രസ്താവിച്ചു. ഈ പ്രദേശത്തെ സഭയുടെ ജീവിതത്തിന്റെ ശക്തിയിൽ അദ്ദേഹം അഭിനന്ദനം രേഖപ്പെടുത്തി. ബിഷോപ്പു ജേക്കബുതിരുമേനിയോടു ഇവിടെയുള്ള ജനങ്ങളുടെ വാത്സല്യത്തിൽ അദ്ദേഹത്തിനു സന്തോഷമുണ്ടെന്നും അമേരിക്കയിൽ ജേക്കബു തിരുമനസ്സുകൊണ്ടു പതിപ്പിച്ചിട്ടുള്ള വ്യക്തിവിലാസത്തിന്റെ മൂലമൂലം തന്നെ ഈ വാത്സല്യത്തോടുകൂടെ കരുതുന്ന ധാരാളം ആളുകളുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു.

ഡോ. മൂർഹൌസ് സി. എസ്സ്. ഐയോടു വലിയ പ്രതിപത്തിയുള്ളയാളായിരുന്നു. എങ്കിലും അദ്ദേഹം ഈ സഭയെ നേരിട്ടു കണ്ടതുമൂലം വന്ന വ്യത്യാസത്തെ രസകരമായ ഒരു കഥയാൽ അദ്ദേഹം ഒക്കാന്തികരിച്ചു.

ഒരിക്കൽ രണ്ടു സ്നേഹിതന്മാർ അഭിമുഖമായിരുന്നു തമ്മിൽ സംഭാഷിച്ചുകൊണ്ടിരുന്നു. ഒരു അപരിചിതനായ മൂന്നാമൻ ഈ സ്നേഹിതന്മാരിൽ വാച്ചു കൈയിൽ കെട്ടിയിരുന്നയാളോടു സമയം എന്തായി എന്നു ചോദിച്ചു. വാച്ചിന്റെ ഉടമസ്ഥൻ ഉത്തരം ഒന്നും പറയായ്കയാൽ അപരിചിതൻ ഇക്കാര്യത്തോടെ യാത്രയായി. അയാൾ സമയം എന്തായി എന്നു ചോദിച്ചിട്ടു മറുപടി പറയാഞ്ഞതെന്തായിരുന്നു എന്നു സ്നേഹിതൻ ചോദിച്ചു. അപ്പോൾ വാച്ചുണ്ടായിരുന്നയാൾ പറകയാണു, ഞാൻ സമയം പറഞ്ഞാൽ അയാൾ ചോദിക്കും, നിങ്ങൾ എന്തിനാണിവിടെയിരിക്കുന്നതു; എത്ര നേരമായി ഇവിടെ വന്നിട്ടു; വീടു എവിടെയാണു; വിവാഹം കഴിച്ചതാണോ; കുട്ടികൾ ഉണ്ടോ എന്നിങ്ങനെ ഓരോന്നു. അപ്പോൾ ഞാൻ അതിനെല്ലാം ഉത്തരം പറയേണ്ടിവരും. ഒടുവിൽ എനിക്കു സുന്ദരിയായ ഒരു മകൾ ഉണ്ടെന്നും; പറയേണ്ടിവരും. യാത്ര പറയുന്നതിനു മുൻപു അയാൾ പറയും, ഇനി വരുമ്പോൾ എന്റെ വീട്ടിൽ കയറാമെന്നു; അവിടെ വരുമ്പോൾ എന്റെ മകളെ കാണണമെന്നു പറയും. അവളെ കണ്ടിട്ടു അവളുമായി സ്നേഹമാകും. ഒടുവിൽ ഞാൻ മകളെ അയാൾക്കു വിവാഹം ചെയ്തുകൊടുക്കേണ്ടിവരും; എന്റെ മകളെ ഒരു അപരിചിതനു വിവാഹം ചെയ്തുകൊടുക്കാൻ എനിക്കു ഇഷ്ടവുമില്ല. അതുകൊണ്ടു സമയം പറഞ്ഞില്ലെന്നേയുള്ളൂ. ഡോ. മോർ ഹൌസു പറഞ്ഞു. വാച്ചുകാരൻ സൂക്ഷിച്ചൊഴിഞ്ഞ അമളി തനിക്കാണു പറ്റിയതെന്നു. സി. എസ്സ്. ഐയോടു താല്പര്യം ഇല്ലായിരുന്നു; താല്പര്യപ്പെടണമെന്നുദ്ദേശിച്ചുമില്ല. എങ്കിലും ഈ സഭയെപ്പറ്റി ധാരാളം കേട്ടു; വായിച്ചു; പഠിച്ചു. നേരിട്ടു വന്നു കണ്ടപ്പോൾ സി. എസ്സ്. ഐയുമായി സ്നേഹവുമായി. ഇനിയും ഇതു വിട്ടുപോകാനുള്ള പ്രയാസമാണു വിശ്വമിപ്പിക്കുന്നതു.

മി. കെ. ററി. തോമസ്സിന്റെ കൃതജ്ഞതാപ്രകടനത്തോടുകൂടെ ചടങ്ങുകൾ സമംഗളം പര്യവസാനിച്ചു.

ഒരു പട്ടംകൊടുക്കൽ

കോട്ടയം സി. എം. എസ്സ്. കോളേജ് ചാപ്പെയിനായി നിയമിതനായിരിക്കുന്ന ഫിസിക്സ് ലെക്ചറർ ശ്രീ കെ. സി. മാത്യു എം. എസ്സ് സിയെ സെപ്തംബർ മാസം 1നു ഞായറാഴ്ച 9 മണിക്കുള്ള പട്ടംകൊടുക്കൽശുശ്രൂഷയിൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്കു പ്രവേശിപ്പിച്ചിരിക്കുന്നു. തദവസരത്തിൽ മലങ്കരസഭയെ നേരിട്ടു കണ്ടു പഠിക്കുന്നതിനു കോട്ടയത്തു വന്നെത്തിയ അമേരിക്കൻ ഡെലിഗേഷൻ അംഗങ്ങളായ റവ. ജി. എം. ഡെയ്, ഡോ. മോർ ഹൌസ് എന്നീ ബഹുമാന്യാതിഥികളും സന്നിഹിതരായിരുന്നു. റവ. എ. ബാഗ്സ്റ്റോ പ്രസംഗം പറയുകയും റവ. സി. ഐ. ഏബ്രഹാം പട്ടം കൊടുക്കുന്നതിനുള്ള സ്റ്റാണ്ടിംഗ് കമ്മിറ്റിയുടെ അനുമതി വായിക്കുകയും, റവ. എം. ജെ. ചാണ്ടി സ്ഥാനാർത്ഥിയെ ബിഷോപ്പു തിരുമനസ്സിലെ അടുക്കൽ സമർപ്പിക്കുകയും ചെയ്തു. പാസ്റ്ററൽ ബോർഡു സെക്രട്ടറി റവ.

കെ. ഐ. കോശി ലിത്താനി വായിച്ചു. റവ. സി. ററി. ജോൺ, റവ. തോമസ് ചെറിയാൻ, റവ. കെ. സി. മാത്യു എന്നിവർ വേളഭാഗങ്ങൾ വായിച്ചു. ബിഷോപ്പുതിരുമനസ്സു കൊണ്ട സ്ഥാനാരോഹിയെ പരിശോധിച്ചതിനുശേഷം പട്ടംകൊട നടത്തി. റവ. കെ. സി. മാത്യുവിന്റെ സ്നേഹിതരും ബന്ധുക്കളുമായി ധാരാളം പേർ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു.

ശ്രീ കെ. സി. മാത്യുവിന്റെ പട്ടംകൊട പ്രസംഗം

(റവ. എ. ബാഗ്ഷോ)

ഏഫെ. 4. 7, 8, 11—13. എന്നാൽ നമ്മിൽ ഓരോരുത്തനു ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിനു തക്കവണ്ണം കൃപ ലഭിച്ചിരിക്കുന്നു. അതുകൊണ്ടു അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു എന്നു പറയുന്നു. അവൻ ചിലരെ അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനെക്കും ആകുന്നു.

ദൈവത്തിനു തന്റെ സഭയോടുള്ള നന്മകൊണ്ടാണ് അവൻ ഓരോ കാലത്തു വചനത്തിന്റെയും സക്രമെന്തുകളുടെയും ശുശ്രൂഷകന്മാരായിരിപ്പാൻ ആളുകളെ വിളിക്കുന്നതു. ആരംഭം മുതൽ എന്നവച്ചാൽ പുതിയനിയമകാലം മുതൽ, ശുശ്രൂഷയ്ക്കുള്ള വിളി അനുസരിക്കുന്നവരെ ഭയഭക്തിയോടുകൂടെ വേർതിരിക്കുന്ന ഒരു പതിവു സഭയിൽ ഉണ്ടായിരുന്നു. ആരംഭം മുതൽ തന്നെ പട്ടംകൊട അതായതു ശുശ്രൂഷയിലേക്കുള്ള പ്രവേശിപ്പിക്കൽ പ്രാർത്ഥനയോടും കൈവെപ്പോടുംകൂടെയുള്ള ഒരു പരസ്യനടപടിയായിരുന്നു. അതുകൊണ്ടു ഒന്നാം നൂറ്റാണ്ടു മുതലുള്ള ക്രിസ്തുസഭയുടെ ഇടമുറിയാതുള്ള പാരമ്പര്യത്തോടു നാം ചേരുകയാണു, ഇന്നു രാവിലത്തെ ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നതുമൂലം നാം ചെയ്യുന്നതെന്നു ഓർത്തുകൊള്ളാം.

ആദിമസഭയിലെ വിവിധ ശുശ്രൂഷകളെക്കുറിച്ചു രണ്ടു വിവരണങ്ങൾ വി. പൌലൂസു നല്കുന്നുണ്ടു. നമ്മുടെ പ്രസംഗവാക്യം എടുത്തിരിക്കുന്ന ഏഫെ. നാലാം അദ്ധ്യായത്തിൽ വിവിധ ശുശ്രൂഷകളെ ദൈവത്തിന്റെ ദാനങ്ങൾ എന്നു വിവരിച്ചിരിക്കുന്നു. മറെറ ഭാഗത്തു 1 കൊരി. 12-ൽ അവരെ ഏകശരീരത്തിന്റെ അവയവങ്ങൾ എന്നും വിവരിച്ചിട്ടുണ്ടു. ഈ രണ്ടു വശങ്ങളും പട്ടംകൊട ശുശ്രൂഷയിൽ പ്രതിനിധികരിക്കപ്പെടുന്നു.

1. ശുശ്രൂഷാസ്ഥാനം, അയക്കേണ്ടതിനു വിളിക്കുന്ന ക്രിസ്തുവിന്റെ മനസ്സിനനുസരണമായിട്ടുള്ളതാണു. 2. സഭ, വിളിക്കപ്പെട്ടവർക്ക് ശരീരത്തിലുള്ള അവരുടെ സ്ഥാനം നല്കുന്നു. അതുകൊണ്ടു ശുശ്രൂഷാസ്ഥാനം വിളിയാൽ ക്രിസ്തുവിനാലും നിയോഗത്താൽ സഭയാലും നല്കപ്പെടുന്നതാണു. ശുശ്രൂഷാസ്ഥാനം മാനുഷികനിയമനത്താലല്ല, ദൈവിക അധികാരത്താലത്രെ ലഭ്യമാകുന്നതു. നമ്മുടെ കർത്താവാകുന്നു മനുഷ്യരെ ഈ ശുശ്രൂഷയ്ക്കു വിളിക്കുന്നതു. അവൻ വിളിക്കുന്നവർ ആ വിളിയെ അനുസരിപ്പാൻ ആത്മാവിന്റെ ശക്തി പ്രാപിക്കുകയും ചെയ്യുന്നു. സഭയിൽ മറെറ ശുശ്രൂഷകൾ ഉണ്ടെന്നുള്ളതിനു സംശയമില്ല. സഭയിലെ ഓരോ അംഗവും ഏതെങ്കിലും സേവനം ചെയ്യുന്നതിനും, സാക്ഷ്യം വഹിക്കുന്നതിനുമാണ് വിളിക്കപ്പെട്ടിരിക്കുന്നതു. എന്നാൽ ചിലർക്കു ശുശ്രൂഷസ്ഥാനത്തേക്കുള്ള പ്രത്യേക വിളി ലഭിക്കുന്നു. അതുകൊണ്ടു ശുശ്രൂഷാസ്ഥാനം വിളിയാൽ ക്രിസ്തുവിൽ നിന്നുള്ളതാണ്.

എന്നാൽ നിയോഗത്താൽ അതു സഭയുടേതുമാണ്. ആകയാൽ സഭയുടെ പരിശോധനയാലും സ്ഥിരീകരണത്താലുമാണു വിളിയുടെ യാഥാർത്ഥ്യം അറിയുന്നതു. ഇതു ഒരു വലിയ ഉത്തരവാദിത്വമാണു. പട്ടംകൊട ശുശ്രൂഷയിൽ ലേഖനം കഴിഞ്ഞു, ബിഷോപ്പു പട്ടം

ഏല്പാനുള്ളവരോട് ചോദ്യങ്ങൾ ചോദിക്കുകയും അവർ ഉത്തരം പറകയും ചെയ്യുന്നതാണു സഭയുടെ പരിശോധനയുടെ അവസാനഘട്ടം. അതിനുശേഷം വന്നുകൂടിയിരിക്കുന്ന സഭായോഗത്തിന്റെ ഭയഭക്തികരമായ പ്രാർത്ഥനയും അവസാനത്തിൽ കൈവെപ്പിനാലുള്ള പട്ടം കൊടുക്കയും നടക്കുന്നു. കൈവെപ്പു പഴയനിയമകാലത്തു അനുഗ്രഹത്തിന്റെ ഒരു ഖാഹ്യ അടയാളമായി ഉപയോഗിക്കപ്പെട്ടിരുന്നതും നമ്മുടെ കർത്താവു ഉപയോഗിച്ചിരുന്നതും, ക്രിസ്തുസഭയുടെ ചരിത്രത്തിൽ കഴിഞ്ഞ പതിനാറാണ്ടുകളിലെല്ലാം ഉപയോഗിച്ചിരുന്നതുമാണ്.

അതുകൊണ്ടു ഞാൻ വീണ്ടും ആവർത്തിച്ചുപറയുന്നു, നാം ഇന്നു രാവിലെ പങ്കുകൊള്ളുന്ന ഈ ശുശ്രൂഷ ഒന്നാം നൂറ്റാണ്ടിലെ സഭയുടെ ഇടമുറിയാത്ത പാരമ്പര്യത്തോടു നമ്മെ ബന്ധിപ്പിക്കുന്ന ഒരു ശുശ്രൂഷയാണ്. ഇതിൽ സഭായോഗത്തിന്റെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണ്. പട്ടംകൊടുക്കൽ ഒരു രഹസ്യപ്രവർത്തനം അല്ല. നിങ്ങൾ ഇവിടെ ഹാജരായിരിക്കുന്നതു ഇവിടെ ചെയ്യുന്നതു കാണാനും തന്റെ വിളിയുടെ ഉത്തരവാദിത്വങ്ങൾ നിറവേറുന്നതിനുള്ള കൃപയ്ക്കായി പട്ടം ഏല്പാനുള്ള ആളിനുവേണ്ടി പ്രാർത്ഥിപ്പാനുമാണ്. യാതൊരു പട്ടക്കാരനും വിശ്വാസികളായ ജനങ്ങളുടെ സഹകരണം കൂടാതെ തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ സാധിക്കയില്ലെന്നും നിങ്ങൾ ഓർക്കേണ്ടതാണ്.

കോളജിൽ ഞാൻ നടത്തിപ്പോരുന്ന വേദപാഠക്ലാസ്സിൽ ഇപ്പോൾ സ്മർന്നയിലെ ബിഷോപ്പായിരുന്ന പോളികാർപ്പിന്റെ ജീവചരിത്രമാണു പഠിക്കുന്നതു്. ഇദ്ദേഹം എ. ഡി. 155-ൽ തന്റെ വിശ്വാസത്തിനുവേണ്ടി മരിച്ചയാളാണ്. ഇദ്ദേഹം ഒരു യുവാവായിരിക്കുമ്പോൾ രക്തസാക്ഷിയായി മരിച്ച അന്ത്യോഖ്യയിലെ ബിഷോപ്പായിരുന്ന ഇഗ്നാത്യോസിന്റെ ഒരു എഴുത്തു തനിക്കു ലഭിച്ചു. ആ എഴുത്തിൽ എഴുതിയിരുന്ന വാചകങ്ങൾ ഉജ്ജ്വലിക്കുന്നതായിരിക്കും ഇന്നു പട്ടം ഏല്പാനുള്ളയാളിനോടു എനിക്കു പറയാനുള്ള കാര്യം ഏറ്റവും ഭംഗിയായി പറയാനുള്ള മാർഗ്ഗം.

കർത്താവു നിന്നെ വഹിക്കുന്നതുപോലെ എല്ലാവരെയും വഹിക്കുക.
ദൈവത്തിന്റെ അഭ്യാസിയെന്നപോലെ നിന്നെത്തന്നെ ഭരിക്കുക.
അടികൊള്ളുന്ന അമ്മികല്ലുപോലെ സ്ഥിരമായി നില്ക്കുക.
എല്ലാ കാര്യങ്ങളും ദൈവത്തിന്റെ ബഹുമാനത്തിനായി ചെയ്യുക.

"ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായിക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനില്ക്കേണ്ടതിനും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു" എന്നുള്ള നമ്മുടെ കർത്താവിന്റെ വാക്കുകൾ ഇന്നു രാവിലെ നിന്റെ ഹൃദയത്തിൽ കേൾക്കട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ക്രിസ്തീയജീവിതം ജീവിക്കുന്നതിനും ക്രിസ്തീയ സുവിശേഷം പ്രസംഗിക്കുന്നതിനുമുള്ള കൃപ ദൈവം നിനക്കു നല്കട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. വരുംകാലത്തുള്ള നിന്റെ ശുശ്രൂഷ കർത്താവായ യേശുക്രിസ്തുവിലും അവനിൽക്കൂടെയും അനേകരെ, വിശേഷാൽ അനവധി യൌവനക്കാരെ, ദൈവപരിജ്ഞാനത്തിലേക്കു നടത്തുന്നതിനു മുഖാന്തരമായിത്തീരട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്റെ ശുശ്രൂഷ ദൈവമഹത്വത്തിനായി സത്യമായും വിശ്വസ്തതയോടും നിർവ്വഹിക്കപ്പെടത്തക്കവണ്ണം നീ പ്രതിദിനം അവനോടുള്ള സംബന്ധത്തിൽ ജീവിക്കുന്നതിനു ഇടയാകട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

രണ്ടു ചരമങ്ങൾ

ഒരു മാതൃകാജീവിതം നയിച്ച ശ്രീ പി. എൻ. കോശി (കാനം)

1899-ൽ ജനിച്ചു, സൽസ്വഭാവിയായി വളർന്നു, 15-ാമത്തെ വയസ്സിൽ വിദ്യാഭ്യാസം പൂർത്തിയാക്കി, അദ്ധ്യാപകജോലിയിൽ പ്രവേശിച്ചു് 'കൊച്ചാശാൻ' എന്ന അപരനാമധേയത്താൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം കൃതജ്ഞനിഷ്ഠം, ശുചിത്വം, സത്യസന്ധത, സ്നേഹം എന്നീ വിശിഷ്ടഗുണങ്ങൾ തികഞ്ഞ ഒരു ക്രിസ്തുഭക്തനും, ഒരു മാതൃകാദ്ധ്യാപകനും, ആയിരു

ന്നു. സഭാസേവനത്തിൽ അദ്ദേഹം അതീവതല്പരനും, തന്റെ വചനശ്രോതാക്കൾക്ക് ഏറ്റവും സ്നേഹവും ആയിരുന്നു. ക്ലേശം കൂടാതെ കാനം സണ്ടെസ്കൂൾ, ഒരു ശ്രേഷ്ഠനിലയിൽ എത്തിച്ചേരുന്നതിനു കാരണഭൂതൻ കൊച്ചാശാനാണ്. തന്റെ വരുമാനത്തിൽനിന്നു ഗണ്യാംശം കൊടുക്കുന്ന പ്രമാണം വളരെ മുമ്പു തന്നെ സ്വീകരിച്ചിരുന്നു. അനാരോഗ്യത്താൽ കാണം അവധിയെ തുടർന്നു ഒരു മാസത്തെ അവധി അദ്ദേഹം എടുത്തു. എന്നാൽ താൻ തന്നെ പ്രസ്തുവിച്ചതുപോലെ ആ അവധി നീണ്ടുപോയി. ചില ദിവസങ്ങൾ താൻ രോഗിയായി കിടന്നു. ആകയ്ക്കു ഒരു ഭാരമായിത്തീരുന്നതെന്നു എല്ലായ്പോഴും അഗ്രഹിച്ചിരുന്ന ഇദ്ദേഹം ആഗസ്റ്റ് 17നു വെള്ളിയാഴ്ച രാവിലെ 8 മണിക്കു തന്റെ പ്രിയഭാര്യയും കുഞ്ഞുങ്ങളും, തന്റെ കിടക്കയുടെ ചുറ്റുംനിന്നു പ്രത്യാശാഗാനങ്ങൾ പാടിക്കൊണ്ടിരുന്ന അവസരത്തിൽ ഇഹലോകവാസം വെടിഞ്ഞു, അക്കരെനാട്ടിൽ പ്രവേശിച്ചു. തന്റെ മരണസമയത്തു കൂടുംബാംഗങ്ങൾ പ്രദർശിപ്പിച്ച ധൈര്യം അത്ഭുതകരമായിരുന്നു.

പലരുടെയും ചരമപ്രസംഗാനന്തരം ഇടവകപ്പട്ടക്കാരൻ റവ. കെ. കെ. തന്റെ കാര്യികത്വത്തിൽ അന്നേദിവസം തന്നെ പ്രേതകർമ്മം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ മൃതശരീരം അടക്കം ചെയ്തു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങൾക്കുവേണ്ടി ഏവരുടെയും പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു.

"നല്ല പോർ പൊരുതു; വിശ്വാസം കാത്തു."

റവ. എം. ഏബ്രഹാം, കാനം

നിഷ്ക്രമനായ ശ്രീ പി. പി. മത്തായി

കവിയൂർ സി. എം. എസ്സ്. എം. പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ പി. പി. മത്തായി 54-ാമത്തെ വയസ്സിൽ ജൂലായി 13നു വെള്ളിയാഴ്ച രാത്രി 8 മണിക്കു പെട്ടെന്നു നിഷ്ക്രമനായിരിക്കുന്നു. ശവസംസ്കാരം പിറേറ ദിവസം റവ. എ. എൻ. തൈനാൻ അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

1902-ൽ ജനിച്ച ഇദ്ദേഹം തന്റെ വിദ്യാഭ്യാസത്തിനുശേഷം ഒരു അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു, ചില സ്ഥലങ്ങളിൽ ജോലിചെയ്തതിനുശേഷം അദ്ധ്യാപകടെയിനിങ്ങും, പ്രവർത്തകപരിശീലനവും നടത്തി. അങ്ങനെ സഭാപ്രവർത്തകനും, അദ്ധ്യാപകനുമായി മഞ്ചാടിക്കരി, മുണ്ടക്കയം, കവിയൂർ മുതലായ പല സ്ഥലങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. തന്നിൽ വിളങ്ങിയിരുന്ന സാവധാനതയും, സഹിഷ്ണുതയും, സഭാപ്രവർത്തനത്തിൽ വളരെ സഹായകമായിരുന്നു. പാമ്പാടിയിൽ ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ ആരംഭിച്ച കുടൽ സംബന്ധമായ രോഗം ചികിത്സകളാൽ ശമിച്ചിരുന്നുവെങ്കിലും, അതു അദ്ദേഹത്തിന്റെ മരണത്തിനു കാരണമായിത്തീർന്നു. തന്റെ സ്വഭാവവൈശിഷ്ട്യത്താൽ അക്കാലത്തുവർപോലും അദ്ദേഹത്തെ വളരെ ബഹുമാനിച്ചിരുന്നു. അദ്ദേഹം ജ്ഞാനനിക്ഷേപം മാസികയുടെ ആരംഭം മുതൽ തന്നെ ഒരു വരിക്കാരനായിരുന്നു എന്നതും പ്രസ്താവയോഗ്യമാണ്.

ശാന്തതയിൽ ജീവിച്ചവർ പ്രശാന്തതയിലേക്കു പ്രവേശിച്ചിരിക്കുന്നു. പരേതന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി ഏവരുടെയും പ്രാർത്ഥനയെ ക്ഷണിച്ചുകൊള്ളുന്നു.

"തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു."

പി. പി. ചാക്കോ, കവിയൂർ,

തിരുവനന്തപുരത്തെ പ്രാർത്ഥനാദിനം

1956 ജനു. 1—ഡിസം. 31 വരെ നടത്തിക്കൊണ്ടിരിക്കുന്ന അഖിലേന്ത്യാ നിരന്തര പ്രാർത്ഥനാപ്രസ്ഥാനത്തോടനുബന്ധിച്ചു ആഗസ്റ്റ് 5നു ഞായറാഴ്ച വൈകിട്ട് 6 മണി മുതൽ

6നു- തിങ്കളാഴ്ച വൈകിട്ട 6 മണി വരെ തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിൽവച്ചു ഒരു പ്രാർത്ഥനാദിനം ആചരിക്കപ്പെട്ടു. വിവിധ സഭകളിലെ അംഗങ്ങൾ ചേർന്നു Prayer Partners' League എന്ന സംഘത്തിന്റെ അഭിമുഖ്യത്തിൽ വേണ്ട ഒരുക്കങ്ങൾ മുൻകൂട്ടി ചെയ്യുകയും, വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. രണ്ടു മാസത്തോളം, ശനിയാഴ്ചതോറും താല്പര്യമുള്ളവർ ചേർന്നു പ്രാർത്ഥിക്കുകയും പരിപാടികൾ തയ്യാറാക്കുകയും ചെയ്തുവന്നു.

5നു- ഞായറാഴ്ച 6 മണിക്കു മാത്തോമ്മാ ഇടവക വികാരി ബിഷപ്പ് ശ്രീ കെ. റ്റി. തോമസു അച്ചൻ ഒരു പ്രസംഗത്തോടുകൂടെ ആദ്യമണിക്കൂറിലെ പ്രാർത്ഥന നയിച്ചു. തുടർന്നു ബ്രദറൺ സഭയിലെ ശ്രീ. ജി. എൻ. ഫൗണ്ടനും മുൻകൂട്ടി നിശ്ചയിച്ചിരുന്ന മറ്റു ചിലരും പ്രാർത്ഥനയുടെ നേതൃത്വം വഹിച്ചു. എല്ലാ സമയങ്ങളും, വിശിഷ്യാ പൊതുയോഗമായി നടത്തപ്പെട്ട ആദ്യത്തെയും അവസാനത്തെയും മണിക്കൂറുകളിലും ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. അവസാനത്തെ മണിക്കൂറിന്റെ ചുമതല വഹിച്ചതു ക്രൈസ്റ്റ് ചർച്ചു വികാരി റവ. റ്റി. ബി. ബഞ്ചമിനച്ചനായിരുന്നു. അപ്പോൾ യൂണിവേഴ്സിറ്റി മിഷനായി വന്നിരുന്ന റവ. ഡോ. ബ്രയൻ ഡി. ക്രെറ്റ്സർ (സിലോൺ) പ്രാർത്ഥനയെപ്പറ്റി ശക്തിയേറിയ ഒരു പ്രസംഗം ചെയ്തു. പിന്നീടു കുറച്ചു പാട്ടിയതിനുശേഷം ബഞ്ചമിനച്ചൻ പ്രാർത്ഥനായജ്ഞം ഉപസംഹരിച്ചുകൊണ്ടു ചെയ്ത പ്രസ്താവനയിൽ ഈ "വിജിൽ" അവസാനിക്കുമ്പോൾ ഒറീസ്സായിൽ ഗഞ്ചാം ഡിസ്ട്രിക്ടിലെ ബറാംപൂർ ബാപ്റ്റിസ്റ്റ് പള്ളിയിൽ പ്രാർത്ഥനയാരംഭിക്കുമെന്നും, ഈ യോഗത്തിന്റെതായി ഒരു സന്ദേശം അവിടേക്കു അയച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. ഒരു മിനിറ്റുനേരം ബറാംപൂർ പ്രാർത്ഥനായോഗത്തിനുവേണ്ടി മൗനമായി പ്രാർത്ഥിച്ചിട്ടു, മണി ആറടിച്ചപ്പോൾ മുട്ടിന്മേൽ നിന്നുകൊണ്ടു എല്ലാവരും ചേർന്നു "സ്വന്തം നിനക്കിനി ഞാൻ" എന്ന ഗീതം പാടുകയും ആശീർവ്വാദത്തിനുശേഷം പിരിഞ്ഞുപോകുകയും ചെയ്തു.

ഈ പ്രാർത്ഥനായജ്ഞത്തിൽ യാക്കോബായ, മാർത്തോമ്മ, സി. എസ്സ്. ഐ., ബ്രദറൺ, പെന്തക്കോസ്തു, രക്ഷാസൈന്യം എന്നിങ്ങനെയുള്ള സഭാവിഭാഗങ്ങളും, പ്രാർത്ഥനാക്രൂട്ടുകളും, യുവജനസംഘടനകളും സഹകരിച്ചെന്നുള്ളതു പ്രസ്താവ്യമാണ്. ഈ പ്രാർത്ഥനയിൽ സംബന്ധിച്ചവർക്കായി പിന്നീടു പ്രത്യേകയോഗങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

MARY PHILIP.

മഹായിടവക ഗായകസംഘടനാ പ്രതിനിധികളുടെ കോട്ടുകുളത്തിസന്ദർശനം

നമ്മുടെ ആരാധന യേഷ്ടകരവും, ആകർഷണീയവും ആനന്ദകരവുമാക്കുന്നതിൽ സംഗീതത്തിനു സുപ്രധാനമായ ഒരു സ്ഥാനമാണുള്ളതു്. എന്നാൽ ഈ തത്വം ഗണ്യമാക്കാത്തതുമൂലം, പലപ്പോഴും നമ്മുടെ ആരാധന അനാകർഷണീയവും, നിർജ്ജീവവുമായിത്തീരുന്നുവെന്നുള്ള പരിതാപകരമാണ്. ശാസ്ത്രീയമായി എല്ലാവരും സംഗീതാഭ്യസനം നടത്തുന്നതു എളുപ്പമല്ല; എങ്കിലും പാടുന്നതിനു നമ്മുടെ ഏറ്റവും ഇമ്പമേറിയ ശബ്ദമുപയോഗിക്കാൻ ശ്രമിക്കുകയും മറ്റുള്ളവരേയും നമ്മോടു ചേർന്നു പാടാൻ അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ അതിൽനിന്നും മറ്റുള്ളവർക്കു ആനന്ദാനുഭൂതിയും, ഐക്യബോധവുമുണ്ടാകുകയും, നമ്മുടെ ആരാധന യേഷ്ടകരവും സന്തോഷദായകവും ആയിത്തീരുകയും ചെയ്യുന്നതാണ്.

ഈ തത്വം മനസ്സിലാക്കുന്നതിനാണു ഗായകസംഘാംഗങ്ങൾ ഉറ്റ ശ്രമിക്കേണ്ടതു്. മഹായിടവക ഗായകസംഘടന ഈ കാര്യത്തിൽ നിസ്വാർത്ഥവും പ്രയോജനകരവുമായ സേവനം അനുഷ്ഠിച്ചുപോരുന്നതു നമ്മുടെ സഭയ്ക്കു പ്രയോജനകരവും അഭിമാനകരവുമാണ്.

ആഗസ്റ്റ് 12നു ഞായറാഴ്ച രാവിലെ സംഘടനാസെക്രട്ടറിയും പാർട്ടിയും ഞങ്ങളുടെ ആരാധനയിൽ സംബന്ധിച്ചു. ആരാധനയ്ക്കുശേഷം ഗായകസംഘത്തെ ഉദ്ദേശിച്ചു ഒരു പ്രത്യേക പരിശീലനക്ലാസ്സ് നടത്തപ്പെട്ടു. മി. മാണി കെ. മാണി (കോട്ടയം) സംഘടനാരൂപീകരണോദ്ദേശവും, മി. ജോസഫ് മാത്യു (തിരുവല്ലാ) ഉദാഹരണസഹിതം സംഗീതത്തിന്റെ വിവിധവശങ്ങളും

വ്യക്തമാക്കിത്തന്നു. അനന്തരം കത്തീഡ്രൽ കയർമാസ്റ്റർ മി. ജോജ്ജ് എം. കോശി തന്റെ സ്വതസിദ്ധമായ സംഗീത മാധുരിയാലും വിദഗ്ദ്ധമായ സംഗീത നൈപുണ്യത്താലും സംഗീതം എന്താണെന്നു ഞങ്ങളെ മനസിലാക്കിത്തന്നതു ഞങ്ങൾക്കു മറക്കാൻ സാദ്ധ്യമല്ല.

ഉച്ചകഴിഞ്ഞു മൂന്നരമണിക്കു റവ. വി. ഇ. മത്തായി ചച്ചുകമ്മറി അംഗങ്ങൾ എന്നിവരുടെ മഹനീയസാന്നിദ്ധ്യത്തിൽ ഒരു വിശേഷാൽ സമ്മേളനവും ചായസൽക്കാരവും നടന്നു. അതിൽ മാവേലിക്കര, കുഞ്ഞിക്കഴി എന്നീ ഇടവകകളിലെ ഗായകസംഘനേതാക്കന്മാരും സംബന്ധിച്ചിരുന്നു.

ഇങ്ങനെ ഏകദേശം ആറരമണിവരെ ഞങ്ങളെ പല രീതിയിലും വിധത്തിലുമുള്ള ഗാനങ്ങൾ അഭ്യസിപ്പിക്കുകയും, ഞങ്ങൾക്കു വേണ്ട പ്രോത്സാഹനങ്ങൾ നല്കുകയും ചെയ്ത ഈ സ്നേഹിതരോടു പ്രത്യേകം ഞങ്ങൾ കൃതജ്ഞതയുള്ളവരാണ്. ചച്ചുകമ്മറി ഞങ്ങളെ എല്ലാ രീതിയിലും സഹായിക്കുന്നു എന്നുള്ളതും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

K. C. Philip,
കോട്ടുകുളത്തി

പ്രതിദിനവേദവായനക്കുറിപ്പുകൾ— സെപ്തംബർ 1956

ഫെബ്രു. (തൊ.) ആവ. നു. ഫ്വ—ഉൻ. രണ്ടര ഗോത്രങ്ങൾക്കു യോർദ്ദാനു കിഴക്കു അവകാശം കൊടുത്തുവെങ്കിലും അവരുടെ സഹോദരന്മാർക്കു യോർദ്ദാനു പടിഞ്ഞാറു അവകാശം ലഭിക്കുവോളം അവർ യുദ്ധസന്നദ്ധരായി മറ്റുള്ളവരോടുകൂടെ പോകേണ്ടതാണു. അനുഗ്രഹങ്ങൾ സ്വാർത്ഥസന്തോഷത്തിനല്ലെന്നും പൊതുനന്മയ്ക്കാണെന്നും മനസ്സിലാക്കണം (ഫെബ്രു—ഉൻ വാ). ദൈവം മോശെയുടെ അപേക്ഷ തിരസ്കരിക്കുന്നു. സ്വന്ത അദ്ധ്വാനഫലം കണ്ടു സന്തോഷിക്കാൻ എല്ലാവർക്കും ആഗ്രഹമുണ്ടു. പക്ഷെ മോശെക്കു അതു ലഭിക്കുന്നില്ല. കാരണം സംഖ്യ. ൨൦ : ൨—ഫെബ്രു ; ൨൭. ഫെബ്രു, ഫെബ്രു നോക്കുക. ദൈവത്തെ സകലത്തിലും അനുസരിക്കേണ്ടതു ഏതു ആവശ്യം.

ഫെബ്രു. (ബു.) ആവ. ൪. ഫ—ഫെബ്രു. ഈ അദ്ധ്യായത്തിൽ അനുസരണത്തിനുള്ള അനുഗ്രഹവും അനുസരണക്കേടിനുള്ള ശാപവും കാണുന്നു. യിസ്രായേലിന്റെ ജീവിതത്തിന്റെ പ്രമാണവും, വിശ്വാസത്തിന്റെ അടിസ്ഥാനവും മഹത്വത്തിന്റെ രഹസ്യവും ദൈവപ്രമാണത്തിന്റെ അനുസരണമായിരുന്നു. ജാതികളോടു ഏകീകരിച്ചപ്പോൾ അവർ ബലഹീനരും ഭോഷരുമായിത്തീർന്നു. സഭയും ദൈവത്തോടു സ്വാമിഭക്തിയുള്ളപ്പോൾ മഹത്വപ്പെടുകയും അല്ലാത്തപ്പോൾ നിന്ദയും അപമാനവും ആയിത്തീരുകയും ചെയ്യും. അനാത്മികത്വവും, പിൻമാറ്റവുമുള്ള സഭ ദൈവത്തിനു ദുഃഖകാരണമാണു (ഫെബ്രു വാ). അന്ധതീയും ശബ്ദവും മാത്രം കേട്ടു. നാമോ കാൽവറിയും കല്പനാനുഭവവും കണ്ടിരിക്കുന്നു. ദൈവകൃപയും സ്നേഹവും അനുഭവിച്ചറിഞ്ഞിരിക്കുന്നു. അതിനാൽ അനുസരിച്ചു അനുഗ്രഹം പ്രാപിക്കുക.

ഫെബ്രു. (വ്യാ.) ആവ. ൫. ഫ—ഫ൫. നിയമത്തിന്റെ ഒന്നാം ഭാഗം. മനുഷ്യനു ദൈവത്തോടുള്ള കടമ (൧, ൨ വാ). പല ദൈവങ്ങളില്ല. എല്ലാം ദൈവവുമല്ല. ഏക ദൈവമെയുള്ളൂ. അതു യഹോവയാണു. അവനും മനുഷ്യനുമായി വ്യക്തിപരമായ ബന്ധമുണ്ടു (൫—൬ വാ). ആരാധന. ദൈവത്തെ ശരിയായ വിധത്തിൽ ആരാധിക്കണം. ആത്മാവിലാണു ആരാധിക്കേണ്ടതു. സ്വതന്ത്രവും, സാളഗ്രാമവും അരുതു. കൈപ്പണിയായ പ്രകൃതിയെയും വന്ദിക്കരുതു. തെറ്റായ ആരാധന ശിക്ഷാർഹമാണു (൧൬ വാ). ദൈവനാമം തന്റെ സ്വഭാവത്തെ സൂചിപ്പിക്കുന്നു. തെറ്റായ നാമങ്ങൾ ഉപയോഗിക്കുന്നതു ദൈവനിന്ദനമാണു (൨൨—൨൫ വാ). ശബ്ബത്തു യിസ്രായേലിനേയും, കർത്തൃദിനാചരണം ക്രിസ്ത്യാനിയേയും ബാധിക്കുന്നതാണു. മതം ദൈവവുമായുള്ള മനുഷ്യന്റെ ബന്ധം കാണിക്കുന്നു.

ഫെബ്രു. (വെ.) ആവ. ൬. ഫ്വ—ഉൻ നിയമത്തിന്റെ രണ്ടാം ഭാഗം. മനുഷ്യനു മനുഷ്യനോടുള്ള കടമ. കുടുംബത്തിലുള്ള മുറുകളിൽ ആരംഭിക്കുന്നു (ഫ്വ വാ). സാമൂഹ്യജീവിതത്തിന്റെ പ്രധാന ഘടകം കുടുംബമാണു. സമൂഹത്തിന്റെ മോഷകാരണം കുടുംബ

ത്തിൽ കണ്ടുപിടിക്കാം. മാതാപിതാക്കന്മാരെയും ഗുരുക്കന്മാരെയും അവഹേളിക്കുന്നതു സാമൂഹ്യജീവിതത്തിനു വലിയൊരു ശാപമാണു (൧൯—൨൦ വാ). അരുതു എന്നു വിലക്കുന്നു. ഇവ അക്ഷരപ്രകാരമല്ലെങ്കിലും പരിശുദ്ധിച്ച ശ്രുതത്തിൽ നാം പ്രയോഗിക്കുന്നില്ലേ? പരിഹസിക്കുന്നതും വേമനപ്പെടുത്തുന്നതും കൊലയല്ലേ? കണ്ണുകൾ അർഹിക്കാത്ത സ്ഥാനങ്ങളിൽ ജഡികതൃപ്തിക്കുപയോഗിക്കുന്നതു വ്യഭിചാരമല്ലേ? മറുള്ളവനു നഷ്ടം വരുത്തുന്നതെല്ലാം മോക്ഷണമല്ലേ? ഇതു ചെയ്യുന്ന നീ സഭയിലോ രാഷ്ട്രത്തിലോ ഉന്നതനായിരിക്കും. എന്നാൽ നീ ദൈവത്തിന്റെ മുമ്പിൽ മറഞ്ഞിരിക്കുന്നില്ല എന്നു ചിന്തിച്ചാലും.

൧൫നു-. (ശ.) ആവ. ന്യ. ൧—൧൫. വാ. ൪. യഹോവയെ ഏലോഹീം എന്ന വാക്കിനാൽ സംബോധന ചെയ്യുന്നു. ഈ വാക്കു യഹോവയിലുള്ള ബഹുത്വവും ക്രിസ്തുവിൽ കൂടി വെളിപ്പെട്ടുത്തിയ ത്രിത്വത്തിൽ ഏകത്വവും, ഏകത്വത്തിൽ ത്രിത്വവും എന്ന പ്രമാണത്തെയും സൂചിപ്പിക്കുന്നു (൪ വാ). യഹോവയെ സ്നേഹിക്കണം. ഭയപ്പെടണമെന്നല്ല. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കുയുന്നു. സ്നേഹം ഉണ്ടാക്കുന്ന ഭയം ഭക്തിയാണു. (൬, ൯, ൧൩ വാ). ദൈവപ്രമാണങ്ങൾ മക്കൾക്കുപദേശിച്ചുകൊടുപ്പാൻ നാം എത്ര കടപ്പെട്ടിരിക്കുന്നു. മക്കൾ ദൈവഭയമുള്ളവരോ? ഇതിനുവേണ്ടി ഭവനങ്ങളിൽ നിങ്ങൾ എന്തുചെയ്യുന്നു. (൨൨ വാ). നന്ദികേടു (൨൪ വാ). വിഗ്രഹാരാധന (൨൫ വാ) അവിശ്വാസം ഇവയെപ്പറ്റി മുന്നറിയിപ്പു നല്കുന്നു (൨൬—൨൮ വാ). ഇപ്പോഴും നാം ഇതിൽനിന്നു മോചനം പ്രാപിച്ചിട്ടുണ്ടോ?

൨൬നു-. (ഞാ.) ആവ. ൭. ൧—൫. യിസ്രായേൽ വാഗ്ദത്തനാട്ടിൽ പ്രവേശിക്കുമ്പോൾ അനുസരിക്കേണ്ട പ്രമാണങ്ങൾ (൧—൬ വാ). ജാതികളിൽനിന്നു വേർപെട്ട ജീവിക്കണം (൨, ൪ വാ). വിഗ്രഹാരാധന നശിപ്പിക്കണം. അതതു മതക്കാർ അതതു നിയമങ്ങൾ പാലിച്ചുകൊണ്ടാൽ മതി എന്നു പറയുന്നതു അടിസ്ഥാനപരമായി ശരിയല്ല (൯ വാ). താൻ തിരഞ്ഞെടുത്ത സഭ മാത്രമെ ശരിയായിട്ടുള്ളൂ എന്നു കാണാവുന്നതാണ് (൨൧ വാ). താൻ സഭ മുഖാന്തരം തരുന്ന ചട്ടങ്ങളും വിധികളും കല്പനകളും മാത്രം പ്രമാണിപ്പാൻ നാം ബാദ്ധ്യസ്ഥരാണു.

൨൭നു-. (തി.) ആവ. ൱. ൧—൯. വാ. ൨, ൩. മരുഭൂമിയിലെ ശിക്ഷണം കനാനിൽ ആവശ്യമായിരുന്നതിനാൽ 40 സംവത്സരം ദൈവം അവരെ പഠിപ്പിക്കയും പരിശോധിക്കയും ചെയ്തു. മനുഷ്യർ ശിക്ഷണം പ്രാപിക്കുമ്പോൾ അതിനെപ്പറ്റി ചിന്തിച്ചു ഭ്രമിച്ചുപോകയും ശിക്ഷണകർത്താവിന്റെ ഉദ്ദേശം മനസ്സിലാക്കാതെ മറുതലിക്കയും ചെയ്യും. അതിനാൽ കനാനനുഭവം ലഭിക്കാതെ പോകുന്നു (൩ വാ). മത്താ. ൪. ൧—൧൧ നോക്കുക. നാം ശാന്തമായിരുന്നു ഭൂതകാലാനുഭവങ്ങൾ തിരിഞ്ഞുനോക്കിയാൽ പല സംഗതികളുമുപ്പറ്റിയും ദൈവോദ്ദേശവും തന്റെ അത്ഭുതകരമായ നടത്തിപ്പും മനസ്സിലാക്കാം. (൭—൯ വാ). ഈ സ്ഥലമാണു ദിവ്യവിചാരണയാൽ യിസ്രായേലിന്റെ ദേശീയ വികസനത്തിനും, ദൈവം തന്നെത്താൻ മനുഷ്യജാതിക്കു വെളിപ്പെടുത്തുന്നതിനും, ശ്രുശ്രൂഷ നിർവ്വഹിക്കുന്നതിനും ഉപയോഗിച്ചതു. ദിവ്യവിചാരണ എത്ര അത്ഭുതം. ഭൂതകാലാനുഭവമാണു ഭാവിയിലെ ഉത്തമ അദ്ധ്യാപകൻ.

൩൨നു-. (മൊ.) ആവ. ൩൨. ൧—൩൦. വാ. ൧൨. യഹോവയ്ക്കു സ്തോത്രം ചെയ്യാൻ കല്പിക്കുന്നു. അതുപോലെ സന്തുഷ്ടരായിരിക്കുമ്പോൾ യഹോവയെ ഭയപ്പെടാതിരുന്നു നശിച്ചുപോകാതിരിപ്പാനും മുന്നറിയിപ്പു തരുന്നു (൧൫, ൩൦ വാ). ഇന്നും ഇതെത്ര പരമാർത്ഥം! എത്രയോ മാരിദ്ര്യത്തിലും എളിമയിലും ദൈവത്തെ മുറുകെ പിടിച്ചിട്ടു ഉന്നതസ്ഥാനത്തെത്തുമ്പോൾ മറന്നുകളയുന്നു. അവർ വാ. ൧൫, ൩൦ നോക്കട്ടെ. കൃപയിൽ സന്തോഷിക്കുമ്പോൾ അതിന്റെ ദാതാവിനെ മറക്കാതിരിപ്പാൻ നാം സൂക്ഷിക്കണം.

൩൩നു-. (ബു.) ആവ. ൯. ൧—൧൪. യിസ്രായേൽ മക്കൾ ഹോരേബിൽവച്ചു ചെയ്ത പാപത്തെ ഓർമ്മപ്പെടുത്തുന്നു. അതു ദൈവത്തിനും, ഉടമ്പടിക്കും മുന്നറിയിപ്പിനും എതിരായ

പാപമായിരുന്നു. നന്ദികേടും അവിശ്വസ്തതയും അഗണ്യതയും അതിലുണ്ടായിരുന്നു. മോശെയിസ്രായേലിനെപ്പറ്റിയുള്ള ദൈവോദ്ദേശം അറിവാൻ പർവ്വതത്തിലായിരുന്നപ്പോൾ അവർ പൊൻകാളക്കുട്ടിയെ നമസ്കരിക്കയായിരുന്നു. ഭൗതിക നേട്ടങ്ങളുടെയും, പ്രശംസയുടെയും ജഡികസന്തോഷത്തിന്റെയും സ്വാർത്ഥതയുടെയും മുമ്പിൽ ഇന്നു ക്രിസ്ത്യാനിയും മുട്ടുമടക്കുന്നില്ലേ?

മധ്യം. (വ്യാ.) ആവ. ൻ. കളം—ധൻ മോശെയുടെ മദ്ധ്യസ്ഥത. പുറപ്പാട് ൩൨ നോക്കുക. മോശെയുടെ മദ്ധ്യസ്ഥതയാൽ ജനത്തിനു വിടുതലുണ്ടായി. മനുഷ്യന്റെ മദ്ധ്യസ്ഥത ദൈവതീരുമാനത്തിൽ സ്വാധീനം ചെലുത്തുന്നു എന്നു മനസ്സിലാക്കണം. മോശെ എത്ര താല്പര്യത്തോടും മനസ്സാക്ഷിയോടും ജനത്തോടു ഏകീകരിച്ചും മദ്ധ്യസ്ഥത ചെയ്തു. ഇങ്ങനെയുള്ള മദ്ധ്യസ്ഥത മാത്രമെ നാശത്തിൽനിന്നും പിൻമാറ്റത്തിൽനിന്നും മനുഷ്യജാതിയെ വിടുവിക്കൂ. ഇങ്ങനെയുള്ളവർക്കുവേണ്ടി നമുക്കും മദ്ധ്യസ്ഥത ചെയ്യാം.

മഹത്വം. (വൈ.) ആവ. ക്രം. കവ—കളി. (൫ വാ) ഇവിടെ നിയമം പുതുക്കുന്നു. മോശെയുടെ മദ്ധ്യസ്ഥതയുടെ അനന്തരഫലമാണിതു. എങ്കിലും ആദ്യ നിയമത്തിൽ നിന്നു കുറഞ്ഞം ഇളവു ചെയ്തു കൊടുക്കുന്നില്ല (൯ വാ). യാത്ര സന്തോഷസന്താപമിശ്രമാണു. പരിതസ്ഥിതിയനുസരിച്ചു നിൽക്കാനും പിന്തിരിയാനുമല്ല മാറ്റമില്ലാത്ത ദൈവകല്പനയനുസരിച്ചു മുമ്പോട്ടു പോകാനാണു ദൈവം ആഗ്രഹിക്കുന്നതു. കവ, കസ വാ. ദൈവപ്രമാണം നമ്മുടെ നന്മയ്ക്കായി തന്നിരിക്കുന്നു. മറുതലിക്കുന്നവനു ശുഭമല്ല.

മഹത്വം. (ശ.) ആവ. കക. കവ—൩൨. അനുസരിക്കുന്നവനു എല്ലാം നന്മയ്ക്കായി ക്രമീകരിച്ചു വ്യാപരിക്കുന്നു കവ—കക വാ. ദൈവവചനത്തിന്റെ സമാനവും ശക്തിയും നോക്കുക. സകല നന്മയ്ക്കും നിദാനം വചനം ജഡമായിത്തീർന്ന ക്രിസ്തുവിൽ ആശ്രയിക്കയാണു. ഈ ആശ്രയം (കവ വാ) വ്യക്തിപരമായും, കുടുംബമായും, സഭയായും ആവശ്യമാണു. (൩൦ വാ) സഭയുടെ സകല കഷ്ടപ്പാടുകൾക്കും കാരണം ദൈവഹിതത്തെ അവഗണിക്കുന്നു എന്നുള്ളതാണു (൩൨—൩൩ വാ). ദൈവം രണ്ടു സംഗതികൾ നമ്മുടെ മുമ്പിൽ വച്ചിരിക്കുന്നു. കല്പനകൾ അനുസരിച്ചു അനുഗ്രഹം പ്രാപിക്കുക; മറുതലിച്ചു ദൈവകോപത്തിനിരയായിത്തീരുക; ഏതു തിരഞ്ഞെടുക്കും?

മഹത്വം. (ഞാ.) ആവ. കളി. ൭—കവ. ദരിദ്രൻ, അടിമ, കടക്കാരൻ ഇവരുടെ കാര്യം വിവരിക്കുന്നു. (കം—൧൨ വാ) കടക്കാരൻ ഏഴാം സംവത്സരത്തിൽ ഇളച്ചുകൊടുക്കണം. (൭—കക വാ) ദരിദ്രൻ ദാരിദ്ര്യം ദൈവനിശ്ചയമല്ല. നാം അതില്ലായ്മ ചെയ്യാൻ ആവതു പരിശ്രമിക്കണം (കക വാ) നോക്കുക. (കക—കവ വാ) അടിമത്വം ഇതു നീതീകരിക്കാവുന്ന കാര്യമല്ല. ഏഴാം സംവത്സരം സകല അസമത്വവും നീക്കണം. നിർഭാഗ്യവാന്മാരെ ആശ്വസിപ്പിക്കുന്നവരത്രെ ഭാഗ്യവാന്മാർ.

മഹത്വം. (തി.) ആവ. കന്നു. കം—കക. യഹൂദപഞ്ചാംഗപ്രകാരമുള്ള ഏഴ ഉത്സവങ്ങളിൽ മൂന്നു ഈ അദ്ധ്യായത്തിൽ കാണുന്നു. (1) പെസഹാ. യഹൂദനു മിസ്രയീമിൽ നിന്നുള്ള വിടുതലും ക്രിസ്ത്യാനിക്കു ക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേല്പും കുറിക്കുന്നു. (2) പെന്തിക്കോസ്ത്. യഹൂദനു ന്യായപ്രമാണം ലഭിച്ചതിനെയും ക്രിസ്ത്യാനിക്കു പരിശുദ്ധാത്മാവിന്റെ വരവിനെയും കുറിക്കുന്നു. (3) കൂടാരപ്പെരുനാൾ. മരുഭൂമി പ്രയാണത്തിന്റെ ആരംഭത്തെ കുറിക്കുന്നു. പെസഹാ നിശ്ചിതസമയത്തും സ്ഥലത്തും വിധത്തിലും ആചരിക്കണം. എന്നാൽ ക്രിസ്ത്യാനി അതു എപ്പോഴും ആചരിക്കണം. കൊരി. കക. മത്ത. പെസഹായും പെന്തക്കോസ്തും നീതീകരണവും വിശുദ്ധീകരണവും കാണിക്കുന്നു. ഇവ അനുഭവിക്കുന്ന നമുക്കും ഈ രണ്ടു അനുഭവങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

മഹത്വം. (ചൊ.) ആവ. ഹന്ന. കന്നു—൩൦. കൂടാരപ്പെരുനാൾ ലേവ്യ. ൨൩. ൩—൫൬, സംഖ്യ. ൧൯. കക—൩൨ നന്ദിയോടും സന്തോഷത്തോടുംകൂടെ എല്ലാവരും ചേർന്നാചരിക്കേണ്ടതാണു. പണ്ടത്തെ പ്രവാസവും ഇപ്പോഴത്തെ അവകാശവും സൂചിപ്പിക്കുന്നു.

മുന്ന പൊരുനോക്കൽക്കും അനുഗ്രഹം ലഭിച്ചതിനൊത്തവണ്ണം വഴിപാടപ്പിക്കണം. ഉകൊ രി. ൻ. ൭ നോക്കുക. ക്വ—ഉ വാ. എല്ലാ സ്വായാധിപന്മാരും മുഖപക്ഷം കൂടാതെ വിധി ക്കുന്നവന്റെ മുമ്പിൽ നിൽക്കേണ്ടിവരും എന്നോർക്കേണ്ടതാണ്. മുഖപക്ഷം കൂടാതെ നമുക്ക് ന്യായം സംസാരിപ്പാൻ കഴിയുമോ?

ഉന്നു-. (ബു.) ആവ. ക്വ. ക്ര—ഉ. രാജാവു് എങ്ങനെയുള്ളവനായിരിക്കണം. യുദ്ധക്കൊതിയനാകാതിരിപ്പാൻ അനവധി കുതിരയരുതു (ഹന വാ). അസ്ഥിരനാകാതിരി പ്പാൻ അനേക ഭാര്യമാർ അരുതു. അധികാരപ്രമത്തനാകാതിരിപ്പാൻ അനവധി വെള്ളി യും പൊന്നും സമ്പാദിക്കരുതു (ക്വ വാ). സിംഹാസനം ദൈവവെളിപാടിൽ ഉറച്ചിരിക്ക ണം (ക്വ വാ). എപ്പോഴും ദൈവഹിതം അറിയിച്ചുകൊണ്ടിരിക്കണം (ഹൻ വാ). അനു സരണമുള്ളവനായിരിക്കണം (ഉം വാ). ശലോമോൻ വ്യത്യസ്തമായി പെരുമാറുകയും ജന ത്തിന്മേൽ ന്യായവിധി വരുത്തുകയും ചെയ്തു. അധികാരികൾ ദൈവഹിതം അനുസരിച്ചു ഭരണം നടത്തേണ്ടതു എത്ര ആവശ്യമാണ്.

ഉന്നു-. (വ്യാ.) ആവ. ക്വ. ൻ—ഉ. ഒൻപതു കായ്യും ദൈവത്തിനു വെറുപ്പാ കുന്നു (കം—ക വാ). അഗ്നിപ്രവേശം, പ്രശ്നം, മുഹൂർത്തം, ആഭിചാരം, ക്ഷുദ്രം, മന്ത്ര വാദം, വെളിച്ചപ്പാട്, ലക്ഷണംപറയുക, അണ്ണാനം തന്റെ ജനം ഇവ ചെയ്യാനും അനു വദിച്ചിട്ടില്ല (കര വാ). മുഹൂർത്തം നോക്കി ഉത്തരം വയ്ക്കുന്നവരും യാത്രയ്ക്ക ശകുനം നോ ക്കുന്നവരും പ്രശ്നവും മന്ത്രവാദവും കഴിപ്പിക്കുന്നവരും ഇന്നും ക്രിസ്തീയ സഭകളിലില്ലേ? ദൈവത്തിനുനിരക്കാത്ത സംഗതികളാണവ എന്നോർക്കേണ്ടതാണ് (ഹ—ഉ വാ) പുരോ ഹിതൻ ജനത്തിനു വേണ്ടി ദൈവത്തോടപേക്ഷിക്കുന്നവനും പ്രവാചകൻ ദൈവത്തിനുവേ ണ്ടി ജനത്തോടും പറയുന്നവനുമാണ്. ക്രിസ്തു ഇതു രണ്ടുമായിരുന്നു. യഥാർത്ഥപ്രവാചകനും കള്ളപ്രവാചകനും തമ്മിലുള്ള ലക്ഷണം (ഉ വാ) നോക്കുക.

ഉവുന്നു-. (വെ.) ആവ. ഉന്നു. ക്ര—ക്ര. ലഭിപ്പാൻ പോകുന്ന നന്മകൾ സ്വാർത്ഥത യ്ക്കല്ല ആത്മീയസന്തോഷത്തിനും പുരോഗതിക്കുമാണെന്നോർപ്പിക്കുന്നു (ഉ വാ). "എല്ലാ വിഭ വിന്റെയും ആഭിഫലം കൊടുക്കണം." ഇതു മനുഷ്യന്റെ കായ്യവിചാരത്തെ (Trusteeship) സൂചിപ്പിക്കുന്നു. നമ്മെ സൃഷ്ടിച്ച സകല ആത്മീയാനുഗ്രഹങ്ങൾ കൊണ്ടും നിറച്ചിരി ക്കുന്നു. നീ അനുഭവിക്കുന്ന രക്ഷ മറ്റുള്ളവർക്കും അനുഭവമാകുന്ന വേലയ്ക്കു നിന്റെ ധന ത്തിൽ ഒരംശം കൊടുപ്പാൻ സമ്മതമാണോ? നിന്റെ പ്രാർത്ഥനയും ബുദ്ധിശക്തിയും മാത്രമല്ല ദൈവം ആഗ്രഹിക്കുന്നതു നിന്റെ വിഭവിന്റെ ആഭിഫലവും ധനത്തിന്റെ ഒരോഹരിയു മാണ (ക വാ)- നിനക്കു തന്നിട്ടുള്ളതു എന്തിനെന്നു നോക്കുക.

ഉൻന-. (ശ.) ആവ. ന്മ. ക്ക—ഉ. അനുസരണമില്ലായ്മയും ശാപവും, അനുസ രണവും അനുഗ്രഹവും ഒരുമിച്ചു പോകുന്ന ഈ രണ്ടു കായ്യങ്ങളാണ (ക്ക—കര വാ). ദൈ വഹിതം ഉരഞ്ഞോ, മറഞ്ഞിരിക്കുന്നതോ അല്ല. അവ മുഴുവൻ വെളിപ്പെടുത്തിയിരിക്കുന്നു. അവ നിന്റെ വായിലും ഹൃദയത്തിലുമിരിക്കുന്നു. അതുകൊണ്ടു നമ്മുടെ തെറ്റുകൾക്കു ഒഴി കഴിവു പറവാൻ നിവൃത്തിയില്ല എന്നോർക്കണം. (റോമ. ഫം) നന്മയും തിന്മയും അനുഗ്രഹ വും ശാപവും നിന്റെ മുമ്പിലിരിക്കുന്നു. ഒന്നു തിരഞ്ഞെടുത്തേ മതിയാവൂ. നീ ജീവിച്ചിരി ക്കേണ്ടതിനു ജീവനെ തിരഞ്ഞെടുത്തുകൊൾക (ഉം വാ).

നുന്ദ-. (ഞാ.) ആവ. നു. ക. ക—ന്മ. മോശെ വിശ്വസ്തനും ഉത്തമടേനുമായി യിസ്രായേലിനെ നടത്തിയെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. ആ ഭാരം യോശുവായെ ഏല്പിച്ചു. നമുക്കും എന്നെന്നേക്കും ജീവിച്ചിരിപ്പാൻ സാദ്ധ്യമല്ല. നമ്മുടെ പിൻ ഗാമികളുടെ ശുശ്രൂക്ഷയ്ക്കു വഴിയൊരുക്കി നാം കടന്നുപോവുകയത്രെ വേണ്ടതു. നാമും മ റ്റുള്ളവരുടെ അഭ്യാനഫലത്തിലേക്കു കടന്നിട്ടുള്ളവരാണ എന്നോർക്കണം. പിൻ വാങ്ങേ ണ്ട സമയം വരുമ്പോൾ പൌലൊസിനെപ്പോലെ ചിന്തിക്കാം. ൽതിമൊ. ര. ന്യ—വ്യ. പിൻ തുടരുന്നവരെ ദൈവത്തിൽ ഭരമേല്പിച്ചുപോകാം.

ഒക്ടോബർ ക്രമം. (തി.) ആവ. ന്മ. ക—കമ. മോശെയുടെ ഈ സങ്കീർത്തനം ന്മ, ന്മം—ന്മമ, രണ്ട. വഴിയെ പ്രധാനപ്പെട്ടതാണ്. മോശെ കഴിഞ്ഞ കാലപ്രവചനങ്ങളെല്ലാം അവരുടെ മുമ്പിൽ നിരത്തിവയ്ക്കുന്നു. ഇനിയും സംഭവിപ്പാനുള്ളവയും പറയുന്നു (ന്മ. രമ വാ) ആണ്ട ഇതിനെ കേന്ദ്രമാക്കിയും. (ന്യ—കരമ വാ). ദൈവത്തിന്റെ വലിയ കരുണ. (കള—കൻ വാ) ജനത്തിന്റെ മറുതലിപ്പു (മം—മക വാ). താൻ ന്യായംവിധിക്കുമെന്ന മുന്നറിയിപ്പു (മമ—ന്മഭ വാ). താൻ ന്യായവിധിയിൽ കൂടി വീണ്ടെടുക്കുന്നു (ന്മന്യ—രണ്ട വാ). യിസ്രായേലിന്റെ ശത്രുക്കളോടുള്ള പകരം വീട്ടൽ, ദൈവം തന്റെ ജനത്തെ എന്നേക്കും കൈവിടുകയില്ല.

ഉൽപ. (ചൊ.) ആവ. ന്മന്മ. ക—കമ. പന്ത്രണ്ടു ഗോത്രങ്ങളെയും അനുഗ്രഹിക്കുന്നു ഉല്പ. രൻ. നോക്കുക. ശിമയോനെ പറയുന്നില്ല. ശ്രദ്ധിക്കുക. ന്യ വാ. ഉല്പ. രൻ. ന്മ, രമ സ്വന്ത ഇച്ഛതയാൽ അവന്റെ ഭാവിയെ നശിപ്പിച്ചു. അടുത്ത തലമുറയെയും നിഷ്ഫലവാന്മാരാക്കി. യഹൂദ. ൧ വാ. ഉല്പ. രൻ. വ—കമ. ഈ കൂലത്തിൽ നിന്നു ക്രിസ്തു വന്നു. യഹൂദയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ലേവി. വ—കക വാ. ഉല്പ. രൻ. ൫—൭. പൌരോഹിത്യകുലം. ദൈവത്തോടു വിശ്വസ്തനായിരുന്നു. പുറ. ന്മമ. ഉന്യ—ഉൻ. ബെന്യാമീൻ. കമ വാ. ഉല്പ. രൻ. ൪൨ പിതാവിനും ദൈവത്തിനും പ്രിയൻ. ദൈവം അവനെ കാവലാണ്. ശ്രദ്ധൻറെ നിന്ദയും, യഹൂദയുടെ മഹത്വവും, ലേവിയുടെ ഭക്തിയും, ബെന്യാമിന്റെ കാവലും നമുക്കു പാഠമായിരിക്കട്ടെ.

ന്മന്മ. (ബു.) ആവ. ന്മന്മ. കന്മ—ഉൻ. ജോസഫ്. കന്മ—കള വാ. ഉല്പ. രൻ. ഫമ, ഉന്യ. തന്റെ ശ്രേഷ്ഠതസ്ഥാനങ്ങളെ ഭാഗ്യമുള്ളവരാക്കി. സെബുലൂൻ. കവ്വ. കൻ വാ. ഉല്പ. രൻ. കന്മ. യിസാഖാർ. കവ്വ. കൻ വാ. ഉല്പ. രൻ. കരമ—കള. വ്യാപാരത്തിലും കൃഷിയിലും മുന്നണിയിൽ. മഹത്വം വർദ്ധിച്ചപ്പോൾ ദൈവത്തിൽനിന്നു പിന്തിരിഞ്ഞില്ല. ഗാദ്. ഫം വാ, ഉല്പ. രൻ. കൻ ദൈവത്തെ പിൻതുടർന്നു. അതു അനുഗ്രഹകാരണമായി. ദാൻ. കമ വാ, ഉല്പ. കന്യ—കവ്വ ദൈര്യശാലി. നഫ്താലി. ഫന്മ വാ, ഉല്പ. രൻ. കക തുപുൻ. ആശേർ. ഫരമ—ഫള വാ, ഉല്പ. രൻ. ഫം. പ്രത്യേക അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. ഫന്യ—ഫൻ വാ. എല്ലാവരേയും ഒന്നായി കാത്തനുഗ്രഹിക്കുന്നു സങ്കീ. ൯൦. ക—ഫ, ൯൧ നോക്കുക.

രണ്ട. (വ്യാ.) ആവ. ന്മരമ. ക—കമ. സങ്കടപൂർണ്ണമായ വേർപാട്. മോശെയെപ്പോലെ ഒരു നായകൻ ഇതുവരെ മനുഷ്യരിൽനിന്നു ഉണ്ടായിട്ടില്ല (കക വാ). ദൈവത്തെ മുഖാമുഖമായി കണ്ടവൻ. യിസ്രായേലിന്റെ 40 വർഷത്തെ ചരിത്രത്തിൽ മായാത്ത മുദ്ര പതിച്ചവൻ. ഇന്നുള്ള സകല നിയമങ്ങളുടെയും അടിസ്ഥാനമായ ന്യായപ്രമാണം ഏല്പിച്ചുകൊടുത്തവൻ. എങ്കിലും വാഗ്ദത്ത നാട്ടിൽ പ്രവേശനമില്ല. ദൈവം എല്ലാം നന്നായി അറിയുന്നു. മോശെക്ക ഇതിൽ പരാതിയുമില്ല. യിസ്രായേൽ മോശെയെക്കുറിച്ചു ഒരു മാസം ഓഹോ ചെയ്തു. (മോശെ മരിച്ചു) എങ്കിലും ദൈവത്തിന്റെ വേല തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. മോശെക്കുശേഷം യോശുവായെയും പൌലൊസിനുശേഷം തീമോഥെയോസിനെയും എഴുന്നേല്പിക്കും. നീയോ മരണപര്യന്തം വിശ്വസ്തനായിരിക്കുക.

ഒന്ന. (വെ.) റോമ. ക. ക—കള. ഈ ലേഖനം മൂന്നു ഭാഗമായി തിരിക്കാം. (1) അദ്ധ്യായം ക—വ. അടിസ്ഥാനപ്രമാണങ്ങളെ സംബന്ധിച്ചവ, (ലോകത്തെ പൊതുവായി സ്പർശിക്കുന്നവ). (2) അദ്ധ്യായം ൻ—കക. ചരിത്രപരം, (യിസ്രായേലിനെ സംബന്ധിച്ചവ) (3) അദ്ധ്യായം കമ—കള. സന്മാർഗ്ഗപരം, (സഭയെ സംബന്ധിച്ചവ). ദൈവത്തിന്റെ നീതിയാണ അടിസ്ഥാനവിഷയം. (ക—രു വാ) വന്ദനം (ക വാ). ദൈവം തന്റെ പുത്രനെക്കുറിച്ചു മുൻകൂട്ടി വാഗ്ദത്തം ചെയ്തതായിരുന്നു സുവിശേഷം (൫ വാ). സുവിശേഷത്തിന്റെ കാതൽ ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവുമാണ (രു വാ). "കർത്താവു" ദൈവത്വത്തെയും, "യേശു" മനുഷ്യത്വത്തെയും, "ക്രിസ്തു" തന്റെ പ്രവൃത്തിയുടെ സ്വഭാവത്തെയും കുറിക്കുന്നു. (കരു വാ) ഞാൻ കടക്കാരൻ ആകുന്നു (കള വാ). ഞാൻ ഒരുങ്ങിയിരിക്കു

ന്നു (ഫന വാ). എനിക്കു ലജ്ജയില്ല. സുവിശേഷത്തെപ്പററി ഈ മനോഭാവം നമുക്കുണ്ടോ? (ഫ്യ വാ) ആണ ഈ ലേഖനത്തിന്റെ താക്കോൽ വാകും.

നന്മ-. ശ. (റോമ.) ക. ഫവ—നമ. (ഫവ. വാ) മനുഷ്യന്റെ അഭക്തിയും അനീതിയും കാരണം ദൈവം നമ്മോട കോപിച്ചിരിക്കുന്നു. ദൈവകോപം ഭയങ്കരമാണു. വെളി. നു. ഫനു. ഫൻ, ൬ വാ. ദൈവം തന്റെ സൃഷ്ടിയിൽക്കൂടെയും മനസ്സാക്ഷിയിൽക്കൂടെയും തന്നെ വെളിപ്പെടുത്തിയിട്ടുണ്ടു. അതുകൊണ്ടു സുവിശേഷം കേൾക്കാത്തവരും ന്യായവിധിയിൽ നിന്നൊഴിയുന്നില്ല. (ഫവ വാ). മനുഷ്യൻ സത്യത്തെ മനഃപൂർവ്വം മറയ്ക്കുന്നതുകൊണ്ടാണു കുററക്കാരനാകുന്നതു. പാപങ്ങൾക്കു മനഃപൂർവ്വം എല്ലിച്ചു കൊടുക്കുന്നവരെ ദൈവവും അതിന്റെ ഭയങ്കരശിക്ഷാവിധിക്കു എല്പിച്ചുകൊടുക്കും (൬൪, ൬൯, ൬൯ വാ.). നമുക്കു പാപം ചെയ്യണമെങ്കിൽ ചെയ്യാം. പക്ഷെ അതിന്റെ അനന്തരഫലത്തിൽനിന്നു ഒഴിഞ്ഞമാറാൻ സാദ്ധ്യമല്ലെന്നു ഓർത്തുകൊൾക.

ഉന്മ-. (ഞാ.) റോമ. ൬. ക—ഫന. ന്യായവിധി. അതിനു ജാതി, വർഗ്ഗവർണ്ണ വ്യത്യാസമില്ല. (൬ വാ). നാം നമ്മെത്തന്നെ കുറ്റം വിധിച്ചാൽ അന്യനെക്കുറിച്ചു മാത്രമെ വിധിക്കയുള്ളൂ. ദൈവം നാലു വിധത്തിൽ ന്യായം വിധിക്കും. (1) സത്യമനുസരിച്ചു. (൬ വാ). (2) ന്യായമനുസരിച്ചു (൪ വാ). (3) മുഖപക്ഷമില്ലാതെ (ക്ക വാ). (4) ക്രിസ്തു മുഖാന്തരം (ഫന വാ). യോഹ. ൪. ൬൨. രണ്ടു വഴിയും രണ്ടു ന്യായവിധിയും മത്താ. ൨. ഫന—ക്ക. (൨ വാ). ഒന്നിന്റെ പ്രതിഫലം നിത്യജീവനും മറേതിനു (ൻ വാ). കോപവും ക്രോധവും കഷ്ടവും സങ്കടവും എല്ലാവക്കും ഒരു മാനദണ്ഡമല്ല ന്യായവിധിക്കുപയോഗിക്കുന്നതു. എന്നാൽ എല്ലാവക്കും ന്യായവിധിയുണ്ടു എന്നോർക്കണം.

വന്മ-. (തി.) റോമ. ൬. ക൨—൩ൻ. യഹൂദനും യവനനും പാപികൾ. യഹൂദൻ സ്വയനീതിക്കാരനും യവനൻ അനീതിക്കാരനും. ൨൪൭. ക൬. 'ആ മനുഷ്യൻ നീ തന്നെ' എന്നു നാഥാൻ പറഞ്ഞതുപോലെ ന്യായപ്രമാണവും ദൈവവെളിപാടും പ്രാപിച്ചിട്ടുള്ള യഹൂദനാണു ജാതികളേക്കാൾ ശ്രേഷ്ഠൻ എന്നു പൌലൊസു പറയുന്നു. ഇന്നു ക്രിസ്ത്യാനിയെ സംബന്ധിച്ചു ഇതു എത്ര പരമാർത്ഥം. പുറജാതി ക്രിസ്തുവിന്റെ പ്രമാണങ്ങൾ പ്രമാണിക്കയും നാം പ്രമാണിക്കാതിരിക്കയും ചെയ്യുമ്പോൾ അവൻ നമ്മെ കുറ്റം വിധിക്കയില്ലയോ? (൩ൻ വാ). ൧കൊരി. ൩. ക൬—൭൫ വായിക്കുക.

ൻന്മ-. (ചൊ.) റോമ. ൩. ക—ഫവ. യഹൂദന്റെ ചോദ്യം. (൬, ൩, ൪. ൯ വാ). ഈ വാക്യങ്ങളിലും ഉത്തരം ൬, ൮, ൯, ൧൨ ഈ വാക്യങ്ങളിലും കാണുന്നു. (ൻ—൨൦ വാ). യഹൂദനും യവനനും ലോകം മുഴുവനും ന്യായവിധിയിലാണു. (ക൨ വാ). എല്ലാവരും വഴിതെറി മരുപോലെ കൊള്ളരുതാത്തവരായിതീർന്നു. അതിനാൽ മനുഷ്യനു ദൈവത്തിന്റെ സൗജന്യമായ വീണ്ടെടുപ്പിനു മറുവിലകൊടുപ്പാനൊന്നുമില്ല. യാതൊരുവനും ദൈവസന്നിധിയിൽ പ്രശംസിപ്പാനും ഒന്നുമില്ല.

ഫന്മ-. (ബു.) റോമ. ൩. ഫൻ—൩൬. യേശുക്രിസ്തുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായാണു നമുക്കു നീതികരണം ലഭിച്ചതു. (൨൭—൩൬ വാ). കർമ്മമാർഗ്ഗവും ന്യായപ്രമാണവുമല്ല നീതീകരണത്തിനു മുഖാന്തരം. അതിലുള്ള പ്രശംസ വ്യർത്ഥമത്രെ. (൨൯, ൩൦ വാ). ഈ നീതീകരണം സർവ്വലോകത്തിനുമുള്ളതാണു. (൩൬ വാ). എന്നാൽ വിശ്വാസത്താലുള്ള നീതീകരണം ന്യായപ്രമാണത്തെ ഉറപ്പിക്കയത്രെ ചെയ്യുന്നതു.

K. G.

നോട്ടീസ്

സി. എസ്സ്. ഐ. വിശുദ്ധസംസ്കൃതശ്രുശ്രൂഷാക്രമത്തിന്റെ കൊച്ചു പ്രതികൾ ഡയോസിസൻ ബുക്ക ഡിപ്പോയിൽ വില്പനയ്ക്കു വന്നിട്ടുണ്ടു. മൂന്നര അണ വിലയ്ക്കു വാങ്ങാവുന്നതാണു.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 9 സെപ്തംബർ 1956

സ്ത്രീജനസഖ്യദിനം

ദക്ഷിണേന്ത്യാസഭയുടെ ഒൻപതാമതു വാർഷികദിനം നാം ആഘോഷിക്കുന്നതു സെപ്തംബർ 27-ംതീയതിയാണല്ലോ. ദക്ഷിണേന്ത്യാസഭയുടെ ആവിർഭാവത്തോടുകൂടെ, അതിൽ യോജിപ്പിക്കപ്പെട്ട ഇതരസഭകളിലെ അനേകം സ്ത്രീകളും കൂടി ചേർന്നു രൂപീകൃതമായതാണു സ്ത്രീജനസഖ്യം. ഈ ഒൻപതു വർഷങ്ങൾകൊണ്ടു അതു വളരെയധികം വളർന്നിട്ടുണ്ട്.

സ്ത്രീജനസഖ്യദിനം സെപ്തംബർ 27-ംതീയതിയോ അല്ലെങ്കിൽ അതിനോടടുത്ത ഒരു ദിവസമോ ആണു പതിവായി കൊണ്ടാടുന്നതു്. ഇപ്പ്രാവശ്യം സ്ത്രീജനസഖ്യദിനമായി കൊണ്ടാടുന്നതിനു വിശുദ്ധ മിഖായേലിന്റെയും സകല ദൂതന്മാരുടെയും നാമമായ സെപ്തംബർ 29-ംതീയതിയാണു നിശ്ചയിച്ചിരിക്കുന്നതു്. അതു ഒരു വിശുദ്ധദിവസവും, ഒരു ശനിയാഴ്ചയും ആണല്ലോ.

സൗകര്യമുള്ളടത്തൊക്കെയും പ്രസംഗത്തോടുകൂടെയുള്ള ഒരു വിശുദ്ധസംസർഗ്ഗശുശ്രൂഷയോ, അല്ലെങ്കിൽ സി. എസ്സ്. മൈ. ലെ മറ്റനേകം സ്ത്രീജനങ്ങളോടൊന്നിച്ചു ദൈവസന്നിധിയിൽ ഒരു കൂട്ടായ്മയായി എല്ലാ സ്ത്രീകൾക്കും അടുത്തുവരത്തക്കവണ്ണം മറേറതെങ്കിലും ആരാധനകളോ യോഗങ്ങളോ ക്രമീകരിക്കുന്നതു ഉചിതമായിരിക്കും. താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനാകുറിപ്പുകൾ ഉപയോഗിക്കാം. പ്രസംഗത്തിനുപകരിക്കുന്ന ചില വാക്യങ്ങളും ഒടുവിൽ ചേർത്തിട്ടുണ്ട്.

സ്തോത്രം:—"അങ്ങിയനോട്ട കാണിച്ചിരിക്കുന്ന സകല ദയയ്ക്കും സകല വിശ്വസ്തതയ്ക്കും ഞാൻ അപാത്രമത്രേ." (ഉല്പ. 32. 10.)

നമുക്കു ദൈവത്തിനു സ്തോത്രം ചെയ്യാം.

ക്രിസ്തുവിന്റെ ഭ്രവാസകാലത്തു, അവരുടെ വേദനകൾ സന്ദർശിക്കുകയും, അവരോടു സംഭാഷിക്കുകയും, അവരുടെ ശുശ്രൂക്ഷകളെ കൈകൊള്ളുകയും, തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം അവർക്കു തന്റെ ദർശനം നല്കുകയും ചെയ്തു, സ്ത്രീജനങ്ങൾക്കു നല്കിയ പദവികളെക്കുറിച്ചു വേണ്ടി.

ദക്ഷിണേന്ത്യാസഭയിലെ സ്ത്രീജനസഖ്യത്തിന്റെ ശക്തിക്കും പ്രചോദനത്തിനും, ഈ നാട്ടിൽ ക്രിസ്തുരാജ്യത്തിനായി സ്ത്രീജനങ്ങൾ ചെയ്യുന്ന എല്ലാ സേവനങ്ങൾക്കുംവേണ്ടിയും.

പ്രാർത്ഥന:—നമ്മുടെ സഭയിലെ സ്ത്രീകൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

നേതൃത്വം വഹിക്കുന്നവർക്കായും, സാമൂഹികജീവിതത്തിലും കുടുംബജീവിതത്തിലും വിശ്വസ്തത പാലിക്കുന്നവർക്കായും,, ആത്മീയകാര്യങ്ങളിൽ താല്പര്യമില്ലാത്തവരും അഗണ്യരുമായവർക്കായും.

എല്ലാ കാര്യങ്ങളിലും ക്രിസ്തുവിനെ സാക്ഷീകരിക്കുവാൻ തക്കവണ്ണം, നമ്മുടെ സ്വന്ത വേദനകൾക്കു വേണ്ടി.

സ്ത്രീപ്രവർത്തനങ്ങൾക്കായി പൂർണ്ണസമർപ്പണത്തോടുകൂടെ കൂടുതൽ സ്ത്രീകൾ മുമ്പോട്ടു വരുന്നതിനായും, അവർക്കു വേണ്ട പരിശീലനം കൊടുക്കുന്നതിനു കൂടുതൽ സൗകര്യങ്ങൾ ഉണ്ടാകുന്നതിനായും.

ദൈവമായ കർത്താവേ, സുവിശേഷസത്യങ്ങൾകൊണ്ടു ഈ രാജ്യത്തെ സഭയിലെ സ്ത്രീജനങ്ങളെ പ്രകാശിപ്പിക്കുകയും, ഉണർത്തുകയും ചെയ്തിരിക്കുന്നതിനായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. വിവിധരീതികളിൽ സ്ത്രീജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന എല്ലാ നിന്റെ മക്കൾക്കായും സ്ഥാപനകൾക്കായും ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. നിന്റെ ശുശ്രൂക്ഷയ്ക്കായി പലരെ നീ വിളിക്കുകയും നടത്തുകയും ഉപയോഗിക്കുകയും ചെയ്യുന്നതുകൊണ്ടു ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. പാവപ്പെട്ടവരും പഠിപ്പില്ലാത്തവരുമായ സഹോദരികളെ ഉയർത്തുകയും ഉത്സാഹിപ്പിക്കുകയും ചെയ്യുന്നതിനു പലവിധവും പ്രാപ്തിയുമുള്ള അനേകരെ എഴുന്നേല്പിക്കേണമേ. സേവനത്തിനും സ്ഥിരതയ്ക്കുമായി ഏർപ്പെടുത്തുന്ന എല്ലാ കൂട്ടായ്മകളെയും നിന്റെ ആത്മാവിനാൽ നടത്തുകയും നിന്റെ ഇഷ്ടപ്രകാരം ക്രമപ്പെടുത്തുകയും ചെയ്യേണമേ. ക്രൈസ്തവരുടെ എല്ലാ ജീവനങ്ങളും പുറത്തുള്ളവർക്കു ഉത്തമസാക്ഷ്യം നല്കുവാൻ തക്കവണ്ണം തിരുസന്നിധ്യത്താലും ശക്തിയാലും എല്ലാവരെയും ബലപ്പെടുത്തേണമേ. ഞങ്ങളുടെ രക്ഷിതാവായ യേശുമശിഹാമൂലം കൃപയരുളേണമേ. ആമെൻ.

പ്രസംഗവാക്യങ്ങൾ:—

ഉല്പ. 30. 31; യോശു. 24. 15; 1 തിമൊ. 13. 14; സദൃശ. 31. 26—28; ലൂക്കോ. 8. 1—3; റോമ. 16. 12.

സെൻറുമോണിക്കാസ് ചാപ്പലും കാണക്കാരി ആസ്പത്രി വാർഡിൻെറ ഉൽഘാടനവും

കാണക്കാരി സെൻറു മോണിക്കാ മന്ദിരത്തോടനുബന്ധിച്ചു പണി കഴിപ്പിക്കുന്നതിനുദ്ദേശിക്കുന്ന ചാപ്പലിൻെറ ശിലാസ്ഥാപനകർമ്മവും പുതിതായി പണ്ണത ആസ്പത്രി വാർഡിൻെറ ഉൽഘാടനവും ജൂലൈമാസം 25നു നടത്തപ്പെട്ടു. ബിഷോപ്പുതിരുമനസ്സുകൊണ്ടു ചില പട്ടക്കാരുടെ സഹായത്തോടുകൂടെ ശുശ്രൂഷ നടത്തി. മിസ്സ് ഇ. എം. ഡാർട്ടൻ ചാപ്പലിൻെറ മാർബിൾ ശിലാസ്ഥാപിക്കുകയും റവ. എ. ബാഗ്ഷോ ഒരു ലഘു പ്രസംഗത്തോടുകൂടെ വാർഡു ഉൽഘാടനം ചെയ്യുകയും ചെയ്തു. സന്നിഹിതരായിരുന്നവർക്കു കാപ്പി സല്ക്കാരവും ഉണ്ടായിരുന്നു. ചാപ്പലിനു 12,000-ൽപരം രൂപായാണു എസ്റ്റിമേറ്റു.

യുവതീസമാജം

യുവതീസമാജാംഗങ്ങളായ കൊച്ചു സഹോദരികളോടു ചില കാര്യങ്ങൾ ഓർപ്പിക്കട്ടെ.

മഹാഇടവക യുവതീസമാജസെക്രട്ടറി പരിശീലനാർത്ഥം മദ്രാസിലേക്കു പോയിരിക്കുന്നതിനാൽ പ്രസ്തുത സ്ഥാനത്തു തൽക്കാലം ആരും പ്രവേശിച്ചിട്ടില്ല എന്നു നിങ്ങളെ ഓർപ്പിച്ചിരുന്നല്ലോ. എന്നാൽ ഓരോ യുവതീസമാജശാഖയിലെയും സെക്രട്ടറിമാർ അതാതുസ്ഥലത്തെ സമാജം മുമ്പിലത്തേതിൽ ശക്തിയായി നടക്കുന്നതിനു ഏതുയും കായ്ക്ഷമതയോടെ പ്രവർത്തിക്കേണ്ട ഒരു അവസരം ഇതാണ്.

നിങ്ങളുടെ ദൈനിജീവിതം സത്യമായ ദൈവഭക്തിയിൽ അടിസ്ഥാനമിട്ടുകൊണ്ടുപോയാൽ മാത്രമെ അതിൻെറ അന്ത്യത്തിൽ ഏതുസമയം പുറകോട്ടുനോക്കി സന്തോഷിക്കുവാൻ സാധിക്കയുള്ളു. ഓരോ ആഴ്ചയിലും ഒരുമിച്ചുകൂടി പ്രാർത്ഥിക്കുക, തിരുവചനം പഠിക്കുക, വിശേഷപ്പെട്ട സങ്കീർത്തനങ്ങൾ ആദിയായി ചില വേദഭാഗങ്ങൾ മനപ്പാഠമാക്കുക, നമ്മുടെ സുവിശേഷവേലകളുടെ സ്ഥിതിഗതികൾ മനസ്സിലാക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ മുടക്കംകൂടാതെ ചെയ്യുന്നതു ദൈവത്തിൽ നിന്നു അകന്നുപോകാതെ നിങ്ങളെ സൂക്ഷിക്കും. നിങ്ങൾ ഏവിടെ ആയിരുന്നാലും ശരീരത്തെ അടക്കത്തോടും സുബോധത്തോടും കാക്കുന്നതിനും നിങ്ങളെക്കാൾ പ്രായം കൂടിയവർ, മേലാകപ്പെട്ടവർ, എന്നിവരെ പൈക്കുമ്യംകൂടാതെ ബഹുമാനിച്ചു ആദരിക്കുന്നതിനും എന്നുവേണ്ടാ എല്ലാ സ്ഥാനത്തും യോഗ്യമായി പ്രവർത്തിക്കുന്നതിനു യഹോവയെക്കുറിച്ചുള്ള ഭയം അത്യാവശ്യാവശ്യമത്രേ.

സുവിശേഷകനായിരുന്ന മുഹമ്മദയിലെ യുവതികൾക്കായി മിസ്സസ്സ് ഐ. കയ്യൻെറ നേതൃത്വത്തിൽ ഒരു യോഗം നടത്തുകയും അവിടെ ഒരു യുവതീസമാജം സ്ഥാപിക്കയും ചെയ്തു. അവരും നിങ്ങളോടു ചേർന്നു മുമ്പോട്ടു പോകുവാൻ ആഗ്രഹിക്കുന്നു വിവരം മാസികമുഖാന്തരം അറിയിക്കണമെന്നുള്ള അവരുടെ അപേക്ഷയുംകൂടെ ഈ അവസരം പ്രസ്താവിക്കട്ടെ.

ഈ ആണ്ടത്തെ ഓണവാരവേലയിൽ യുവതികളിൽ ചിലരെങ്കിലും പങ്കെടുത്തെങ്കിലും വളരെ അധികംപേരും യാതൊരു പങ്കും എടുക്കാത്തവരായിട്ടാണെന്നും ഓർക്കേണ്ടതല്ലയോ. യിസ്രായേൽജനതയുടെ നടത്തിപ്പുകാരനായ മോശെയെ തെരഞ്ഞെടുക്കുന്നതിൽ യുവതിയായ മിറിയാം നിർവ്വഹിച്ച ജോലി വളരെ പ്രാധാന്യമുള്ളതത്രേ. അവളുടെ മാതാപിതാക്കന്മാർക്കു നേരിട്ട കഠിന പരിശോധനാസമയം അവൾ ഏതു വലിയ ആശ്വാസമാണ് നല്കിയതു. ഉണങ്ങിയ നിലത്തെന്നപോലെ യിസ്രായേൽജനം ചെങ്കടൽ കടന്നപ്പോൾ ദൈവത്തിനു മഹത്വംകൊടുക്കുവാനുള്ള അവസരം നഷ്ടമാക്കാതെ തപ്പ് എടുത്തു നൃത്തംചെയ്തു സ്തോത്രഗീതം പാടിക്കൊണ്ടു മാതൃകാപരം നല്കിയതും ആ മിറിയാം ആണ്. അങ്ങനെ നമ്മുടെ യുവതീസമാജാംഗങ്ങൾ എല്ലാവരും തങ്ങളുടെ കൂട്ടുംബത്തിനു ഒരു താങ്ങലും ദൈവനാമത്തെ മഹത്വപ്പെടുത്തുന്നവരും സൽപ്രവർത്തികൾക്കു നായകത്വം നല്കുന്നവരും ആയിത്തീരുവാൻ ഇടയാകണം.

നിങ്ങൾ ഏപ്പോഴെങ്കിലും ഏതെങ്കിലും സഹായം ആവശ്യപ്പെട്ടാൽ നിങ്ങളെ സ്നേഹത്തോടെ വീക്ഷിച്ചുകൊണ്ടും നിങ്ങളുടെ അഭ്യുദയത്തിനായി കരുതികൊണ്ടും നിങ്ങളുടെ പുറകിൽ നില്ക്കുന്ന "മാതൃസംഘം" സന്നദ്ധമാണ്.

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 9 സെപ്തംബർ 1956

പറക്കാൽ മിഷ്യൻ

ഗ്രാമങ്ങളിലെ സുവിശേഷവേല.

1. ശനിയാഴ്ചതോറും രാവിലെ നമ്മുടെ സഭകളുടെ ഗ്രാമങ്ങളിൽ ഞങ്ങൾ പോയി അവിടെ വീടുകൾ സന്ദർശിച്ചു പകൽ സമയം ചെലവഴിക്കയും, വേലയ്ക്കുപോകാതെ വീടുകളിൽ ഇരിക്കുന്ന കുട്ടികളേയും, മുതിർന്നവരേയും പഠിപ്പിക്കയും ചെയ്യുന്നു. ബുധൻ, വ്യാഴം, ഞായർ എന്നീ ദിവസങ്ങളിൽ സ്ത്രീകൾക്കായി മീറ്റിംഗും വീട്ടുസന്ദർശനവും നടത്തുന്നു.

2. ഉയർന്ന ജാതിഹിന്ദുക്കളുടെ ഇടയിലെ വേല

ഉയർന്ന ജാതിഹിന്ദുക്കളുടെ വീടുകൾ സന്ദർശിച്ചു സുവിശേഷം അറിയിക്കയും സുവിശേഷപ്രതികൾ കൊടുക്കയും ചെയ്യുന്നു. പറക്കാലിലുള്ള ആശാനോ ആശാട്ടിയോ ആരെങ്കിലും ഞങ്ങളോടുകൂടെ ഗ്രാമങ്ങളിലും ഭവനസന്ദർശനത്തിനുമായി വരുന്നുണ്ടു. സുവിശേഷം സന്തോഷത്തോടുകൂടെ കേൾക്കുന്ന പലരും ഉണ്ട്. ഇനിയും വരണമേ എന്നു സന്തോഷത്തോടുകൂടെ ക്ഷണിക്കുന്നവരും ഉണ്ടു. പാട്ടുകൾ പഠിക്കയും സുവിശേഷം വായിക്കയും ഞങ്ങൾ യേശുവിനോടു പ്രാർത്ഥിക്കയും ചെയ്യുന്നു എന്നു പറയുന്നവരും ഉണ്ട്.

നമ്മുടെ സ്ക്കൂളിനുവേണ്ടിയുള്ള മരപ്പണി ചെയ്തുകൊണ്ടിരുന്ന ആശാരിമാരുടെ 5 കുട്ടികൾ ഇപ്പോൾ നമ്മുടെ സ്ക്കൂളിൽവന്നു പഠിക്കുന്നു. അവർ സന്തോഷത്തോടെ മൈവവചനം പഠിക്കയും വീടുകളിൽ ചെന്നു അതു പറകയും ചെയ്യുന്നതായി രക്ഷകർത്താക്കൾ സാക്ഷിക്കുന്നു. ഞായറാഴ്ച ആരാധനയിൽ അവർ സംബന്ധിക്കുന്നുണ്ട്. ഉയർന്ന ജാതിക്കാരുടെ വീടുകളിലും "ഉപ്പുലമ്മ" "എല്ലമ്മ" "ഒറ്റമ്മ" എന്നീ ദേവതകളെ വച്ചു ഭക്തിയോടെ ആരാധിച്ചുവരുന്നു. അവർക്കു രോഗങ്ങളോ നഷ്ടങ്ങളോ വരുമ്പോൾ ഈ ദേവതകൾക്കു നേർച്ച അർപ്പിക്കയും പൂജ കഴിക്കയും ചെയ്തു അതിൽനിന്നു വിടുതൽ പ്രാപിക്കുന്നതായിട്ടാണു അവരുടെ വിശ്വാസം.

വീട്ടുസന്ദർശനത്തിനായി ഒരു വീട്ടിൽ ചെന്നപ്പോൾ അവിടെ "അനസൂയ" എന്ന സ്ത്രീയെ ഞങ്ങളുടെ കുട്ടികൾ പിടിച്ചുകൊണ്ടു വന്നിരുത്തി. രണ്ടു മാസങ്ങളായി അനസൂയയുടെ കണ്ണു കാണാൻ പാടില്ലാതെ ആയി എന്നു പറഞ്ഞു. വിവരങ്ങൾ ചോദിച്ചപ്പോൾ "എല്ലമ്മ" എന്ന ദേവതയ്ക്കു നേർന്നിരുന്ന നേർച്ചകൾ കൊടുക്കാഞ്ഞതിനാൽ ദേവതയുടെ കോപംമൂലം ഇങ്ങനെ സംഭവിച്ചതാണു എന്നു പറഞ്ഞു. കർത്താവു രോഗികളെ സൌഖ്യമാക്കുവാൻ ശക്തനാണെന്നും അവനിൽ വിശ്വസിക്കണമെന്നും ഞങ്ങൾ അവരെ ധരിപ്പിച്ചു. എന്നാൽ ചില ദിവസങ്ങൾ കഴിഞ്ഞു ഞങ്ങൾ അവരുടെ വീട്ടിൽ ചെന്നപ്പോൾ "അനസൂയ"യ്ക്കു കാഴ്ച ലഭിച്ചതായി ഞങ്ങൾ കണ്ടു. എങ്ങനെയാണു കാഴ്ച ലഭിച്ചതു എന്നു ചോദിച്ചപ്പോൾ "എല്ലമ്മ" ദേവതയ്ക്കു ആടിനെ വെട്ടി എന്നും സാരികൾ വാങ്ങിച്ചു കൊടുത്തു എന്നും മൊത്തം 50 രൂപാ ചെലവായി എന്നും പറഞ്ഞു. ഇതു ഞങ്ങൾക്കു വളരെ ആശ്ചര്യമായിരുന്നു. പിന്നീടു "അനസൂയയുടെ സഹോദരനായ രാജറെഡ്ഡിക്കു പനിയും ശരീരത്തിൽ കുരുക്കളും ആയിട്ടു സ്ക്കൂളിൽ പോകാതെ കിടപ്പിലായി. ഞങ്ങൾ അവനു മരുന്നു കൊടുക്കാം എന്നു പറഞ്ഞതനുസരിച്ചു രണ്ടുനേരം ദിവസം മരുന്നു വാങ്ങിച്ചു കൊണ്ടുപോയി. കുറവു കണ്ടുതുടങ്ങിയെങ്കിലും വീണ്ടും "എല്ലമ്മ" യുടെ കോപമാണെന്നു കരുതിയിട്ടു "എല്ലമ്മ"ക്കു 5 രൂപാ നേർന്നു എന്നും പറഞ്ഞു. രാജറഡ്ഡിക്കു "എല്ലമ്മയാ"ണു സൌഖ്യം കൊടുത്തതു എന്നു ആ ബാലനും വിശ്വസിക്കുന്നു. ഇതും ഇതുപോലെയുള്ള പല സംഭവങ്ങളും കാണുമ്പോൾ കർത്താവിന്റെ ശക്തി ജാതികളിൽ വെളിപ്പെടുന്നതിനു എത്ര പ്രയാസം എന്നു ഇടക്കാലങ്ങളിൽ ഉണ്ടാകാറുണ്ടു. കർത്താവിൽ നിങ്ങളുടെ പ്രയത്നം വ്യർത്ഥമല്ല എന്നറിഞ്ഞു കൊ

ത്മാവിന്റെ വേലയിൽ വർധിച്ചു വരുവിൻ എന്ന ദൈവവചനം ഓർത്തു ആശ്വസിച്ചുകൊണ്ടു മുൻപോട്ടു പോകുന്നു എങ്കിലും ' നിങ്ങളുടെ ദൈവം എവിടെ?" എന്നു ജാതികൾ നമ്മെ വെല്ലുവിളിക്കുന്നതു കേൾക്കുന്നുണ്ട്. അതുകൊണ്ടു ഒരു ശുദ്ധീകരണവും ശക്തിയും ഉണ്ടായി (മലാ. 3:3, 4:2) "കർത്താവു അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു" എന്ന അനുഭവം ക്രിസ്തീയ പ്രവർത്തകരായ നമുക്കു ലഭിക്കുന്നതിനു പ്രാർത്ഥനയോടെ കാത്തിരിക്കാം. എന്നു്

18-8-'56, Parkel. സ്തിപ്രവർത്തകർ, പറക്കാൽ.

കഴിഞ്ഞ മാസത്തിൽ ഇവിടെ ലഭിച്ച സംഭാവനകൾ താഴെ കുറിക്കുകയും, സംഭാവനകൾ മയവായി അയച്ചുതന്നവരോടുള്ള നന്ദിയെ രേഖപ്പെടുത്തുകയും ചെയ്യുകൊള്ളുന്നു.

ബോർഡിംഗ് കുട്ടികൾക്കുവേണ്ടി:—

മിസ്സസ്സ് തങ്കമ്മ ഏബ്രഹാം, നല്ലാനിക്കുന്നു 5 ക., മി. ഇ. വി. ജോർജ്ജ്, ബീഹാർ 5 ക. ഒരു സ്നേഹിത 24 ക., മിസ്സസ്സ് എം. വർഗീസ്, ബോംബെ 24 ക., ഡോ. ഇ. ഉമ്മൻ ഗുണ്ടൂർ 12 ക., യൂത്ത് ലീഗ് കാനഡാ 15 ഡോളർ.

പ്രത്യേക സംഭാവനകൾ:—

മിസ്സ് കോട്ടിംഗ്ഹോം, കാനഡാ 5 ഡോളർ, (വേഷപുസ്തകത്തിനും മറ്റു ആവശ്യങ്ങൾക്കുമായിട്ടു) ഡോ. കെ. ഡി. ചാക്കോ, മൂന്നാർ 10 ക., (പാവപ്പെട്ട കുട്ടികളുടെ ആവശ്യത്തിലേക്കു) മി. മലയിൽ എം. കെ. ഉമ്മൻ, പുന്നക്കാട് 20 ക.

Parkal കർത്താവിൽ നിങ്ങളുടെ ശുശ്രൂഷകൻ,
(Via) Kazipet C. Ry, Rev. T. M. THOMAS
19-8-'56. Deccan,

സുവിശേഷവാരവും ജാതികൾക്കു ക്രിസ്തീയലോകത്തോടുള്ള വെല്ലുവിളിയും

ഓണവാരസുവിശേഷവേല ക്രിസ്ത്യാനികൾക്കു ജാതികളോടെന്നപോലെതന്നെ ജാതികൾക്കു ക്രിസ്തീയലോകത്തോടും ഉള്ള ഒരു വെല്ലുവിളിയുടെ അവസരം ആയിത്തീർന്നിരിക്കുന്നു. ക്രിസ്തുവിനെയും അവന്റെ ഉപദേശത്തെയും ഉയർത്തിക്കാണിപ്പാൻ ഉണ്ടായ ഏതു കൂട്ടത്തോടും രാജ്യത്തിന്റെ വിവിധഭാഗത്തുള്ള ജാതികളിൽനിന്നും ഒരു ചോദ്യമാണ് ഉയർന്നതു്. "നിങ്ങൾ പറയുന്ന ക്രിസ്തുവിനെയും അവന്റെ ഉപദേശത്തെയും ഞങ്ങൾ ആദരിക്കുന്നു. എന്നാൽ അതുപോലെ ജീവിക്കുന്നവരായി നിങ്ങളിൽ ആരുള്ളൂ" എന്നതത്രേ. ലജ്ജിച്ചു തല താഴ്ത്തിക്കുന്ന ഒരു ചോദ്യംതന്നെ. തങ്ങളിൽ അന്തർലീനമായിരിക്കുന്ന ആത്മീയതൃഷ്ണയുടെയും തിരുത്തിന്റെയും ലക്ഷ്യമായിട്ടുതന്നെയാണല്ലോ ഈ ചോദ്യം ഉയർന്നതു്. ന്യായവിരുദ്ധമായ കൂട്ടുജീവിതം, അക്രമപരമായ ധനസമ്പാദനം, സ്നേഹവിരുദ്ധമായ പെരുമാറ്റം എന്നു വേണ്ടാ സകല ദോഷവഴികളിലും കൂടെ ജാതികളുടെ മുമ്പാകെ ജീവിക്കുന്ന ക്രിസ്തീയലോകത്തിൽ ഒരു ശുപാർശം സംവേകാതെ വായ് കൊണ്ടുള്ള സാക്ഷ്യത്തിനു യാതൊരു ശക്തിയുമില്ലല്ലോ. അങ്ങനെ സുവിശേഷവാരം ക്രിസ്ത്യാനികൾക്കു സ്വശോധനയ്ക്കും അനുതാപത്തിനുമുള്ള ഒരു അവസരമായിരിക്കുന്നു എന്നു പറയാം.

"സൈന്യങ്ങളുടെ യഹോവയായ കർത്താവേ, നിങ്കൽ പ്രത്യാശവെക്കുന്നവർ എന്നെനിമിത്തം ലജ്ജിച്ചുപോകരുതേ. യിസ്രായേലിന്റെ ദൈവമേ, നിന്നെ അന്വേഷിക്കുന്നവർ എന്നെനിമിത്തം നാണിച്ചുപോകരുതേ." സങ്കീ. 69. 6. ഇതു എല്ലാദിവസവും നമ്മുടെ പ്രാർത്ഥന ആയിരിക്കുന്നതു എത്ര ആവശ്യം!

കായൽത്തീരത്തേക്കുള്ള ഒരു സുവിശേഷയാത്ര

കഴിഞ്ഞലക്കം മാസികയിൽ പ്രസ്താവിച്ചതുപോലെ ഓണവാരത്തിൽ മുഖ്യമായ കേന്ദ്രമാക്കിയുള്ള പ്രദേശങ്ങളിൽ സുവിശേഷവേല ചെയ്യാൻ പതിനഞ്ചുപേരടങ്ങിയ ഒരു സംഘം അവിടെ എ

ത്തുകയും ദൈവകൃപയാൽ അതു നിവൃത്തിക്കുകയും ചെയ്തു. ബഥേൽ, സെൻട്രൽമോനിക്കാസ് എന്നീ സ്ഥാപനകളിലെ കുട്ടികളെ ക്രിസ്തനെ, സിസ്റ്റർ ഈഡിത്ത്, മിസ്സസ്സ് ഐ. കുയ്ൻ, മിസ്സ് റ്റി. ജെ. ശോശമ്മ, മിസ്സ് ഉമ്മൻ എന്നിങ്ങനെ നായകത്വം വഹിപ്പാൻ ഏതുപോലും കഴിവുള്ളവർ ഉണ്ടായിരുന്നതിനാൽ പല കൂട്ടങ്ങളായി തിരിഞ്ഞു പോകുവാൻ ഏർപ്പാടായിരുന്നു. ഭവനസന്ദർശനം മാത്രമല്ല ഇടയ്ക്കിടെയായി ഓണമേളങ്ങൾകായി കൂടിയ വലിയ കൂട്ടങ്ങളെയും കാണുവാൻ അവസരം ലഭിച്ചു. സുവിശേഷപ്രതികൾ വിലയ്ക്കു വാങ്ങുവാൻ കാണിച്ച സന്തോഷം ഒന്നു പ്രത്യേകമായിരുന്നു. അമ്പതിൽപരം സുവിശേഷപ്രതികൾ നിഷ്പ്രയാസം വീണ്ടതിനാൽ കൂടുതൽ കൊണ്ടുപോകുവാൻ സാധിക്കാഞ്ഞതിൽ നിരാശപ്പെടേണ്ടിവന്നു. പ്രായമായ പല ആളുകളും തങ്ങളുടെ ചെറുപ്പത്തിൽ നമ്മുടെ പള്ളിക്കൂടങ്ങളിൽനിന്നു സുവിശേഷസത്യങ്ങൾ പഠിച്ചവരെങ്കിലും ഇടയ്ക്കുള്ള വേലയുടെയും പ്രാർത്ഥനയുടെയും അഭാവത്താൽ അവരിൽ വീണ വിത്തുകൾ വളർന്നു ഫലം കായ്ക്കാതെ മുരടിച്ചുപോയ കാഴ്ചയും കാണാമായിരുന്നു.

യാതൊന്നുകൊണ്ടും തങ്ങളുടെ തൃപ്തി അടയുന്നില്ല എന്നു അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ജനങ്ങൾ "അല്പമായിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും ക്ഷണിക്കുന്ന" യേശുക്രിസ്തുവിനെ തങ്ങൾക്കു ചൂണ്ടിക്കാണിപ്പാൻ ഓണവാരത്തിൽ മാത്രമല്ല പല പ്രാവശ്യം തങ്ങളോടു സമീപിക്കണം എന്നതു ആവശ്യപ്പെടുന്നതു്. കായൽതീരത്തും കടലോരത്തും താമസിക്കുന്ന ജാതികളുടെ ഇടയിൽ വേലയുള്ള വാതിലുകൾ അങ്ങനെ വിസ്താരത്തിൽ തുറന്നു കിടക്കുന്നു.

മുഹമ്മദീയരുടെ ഹൃദയം നോക്കിക്കൊണ്ടിരിക്കുന്ന റ്റി. റ്റി. തോമസ് അവർകളും കുടുംബവും ഈ വേലയിൽ പലവിധത്തിൽ നല്കിയ സഹകരണം ഏതുപോലും നന്ദിയോടുകൂടെ സ്മരിക്കേണ്ടതാണു്.

S. T.

സന്തോഷകരവും ഉത്സാഹഭരിതവുമായ സുവിശേഷയാത്രകൾ

ആഗസ്റ്റ് 24-നു വെള്ളിയാഴ്ച. അന്നു 9 മണിക്കാണു് കോട്ടയം സിറിയൻ മിഷ്യന്റെ ആഫീസുമുഖ്യത്തിൽ തുണയംകൂടത്തിനു സുവിശേഷയാത്ര പോകുവാൻ നിശ്ചയിച്ചിരുന്ന ദിവസം. രാവിലെ മഴയായിരുന്നെങ്കിലും 8 മണിയോടുകൂടെ അന്തരീക്ഷം പ്രസന്നമായി. പട്ടണത്തിലെ സി. എസ്സ്. ഐ., മാർത്തോമ്മാ ഇടവകകളിൽനിന്നു അമ്പതോളം സ്ത്രീപുരുഷന്മാർ ബി. എം. സ്കൂളിൽ ഒരുമിച്ചു ചേർന്നു സുവിശേഷ ഗീതങ്ങൾ പാടിക്കൊണ്ടു കച്ചേരിക്കടവിൽ എത്തി. കാലേകൂട്ടി ഏർപ്പാടു ചെയ്തിരുന്നതനുസരിച്ചു പുഞ്ചിരി ബോട്ടുസർവ്വീസു വക 'വയസ്സൂര' ബോട്ടു യാത്രയ്ക്കു സജ്ജമായി കിടന്നിരുന്നു. എല്ലാവരും ബോട്ടിൽ കയറി ഉച്ചഭോജനിയിൽക്കൂടെ പാട്ടുകൾ പാടിയും വേദവാക്യങ്ങൾ വിളിച്ചുപറഞ്ഞുംകൊണ്ടിരിക്കവേ ബോട്ടു മന്ദംമന്ദം നീങ്ങി. യാത്രാവേളയിൽ ഇരുകരയിലുമായി ധാരാളം ആളുകൾ വന്നുചേർന്നു പാട്ടുകൾ കേൾക്കയും വാക്യങ്ങൾ ശ്രദ്ധിക്കയുമുണ്ടായി. 12 മണിക്കു തുണയംകൂടത്തെത്തി അവരവർ കരുതിയിരുന്ന ഭക്ഷണം കഴിച്ചു. 2. 30. മണിക്കു ചന്തസ്ഥലത്തു പരസ്യയോഗത്തിനു ക്രമീകരിച്ചിരുന്ന സ്ഥാനത്തു ചെന്നുചേർന്നു. കേൾവിക്കാരായി ധാരാളം ആളുകൾ കൂടിയിരുന്നു. സുവിശേഷത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചു അഞ്ചുപേർ പ്രസംഗിച്ചു. അന്ത്യവസാനം ജനങ്ങൾ സശ്രദ്ധം കേട്ടുകൊണ്ടിരുന്നതു കൂടാതെ ക്രമപാലനത്തിൽ സഹായിക്കുകയും ചെയ്തു. കേൾവിക്കാരായി ഒരു നല്ല പങ്കു സ്ത്രീകളും ഉണ്ടായിരുന്നെന്നുള്ളതു സന്തോഷകരമായിരുന്നു. ബി. എം. സ്കൂൾ വകയായി നാമമാത്രമായിട്ടുള്ള ലഘുഭക്ഷണവും നല്കപ്പെട്ടു. സന്തോഷസ്മരണയോടുകൂടെ ഏഴുമണിക്കു മടങ്ങിയെത്തി.

സുവിശേഷയാത്രയിൽ സംബന്ധിച്ചിരുന്ന ചിലർ രണ്ടു ദിവസം തുണയംകൂടത്തു താമസിച്ചു ഭവന സന്ദർശനങ്ങൾ നടത്തി. പരസ്യയോഗത്തിന്റെ ഫലമോ എന്തോ ഞങ്ങൾക്കു ഭവനങ്ങളിൽ നല്ല സ്വീകരണം ലഭിച്ചു എന്നു അവരിലൊരാൾ പറകയുണ്ടായി. ഞങ്ങൾ പല പ്രസംഗങ്ങൾ കേട്ടിട്ടുണ്ടു്. എന്നാൽ ഇതുപോലെയുള്ള പ്രസംഗങ്ങളാണു് ഞങ്ങൾക്കു വേണ്ടതു്. അതുകൊണ്ടു വീണ്ടും വരണം എന്നിങ്ങനെ പറഞ്ഞാണു് അവിടത്തെ ജനങ്ങൾ യാത്രയാക്കിയതു്. പറയപ്പെട്ട വചനങ്ങളോടുകൂടെ ദൈവാത്മാവു പ്രവർത്തിച്ചു അവിടെ അനേകരെ ക്രിസ്തുവിങ്കലേക്കു ആകർഷിപ്പെടുത്തുന്നതിനു ഇടയാകട്ടെ.

[ശേഷം കവർ 2-ാം പേജിൽ]